# കുടുംബജ്യോതി

2025

SINCE 1982
സെപ്റ്റംബർ • പുസ്തകം 43 • ലക്കം 09



# ഉള്ളടക്കം




contents

ഓണാശംസകൾ


06 ജനത്തെ നിസഹായരാക്കുന്ന സിസ്റ്റം
*റ്റി.സി മാത്യു*

12 പെണ്ണുണ്ടോ, പെണ്ണ്
*ജോൺ പൈനാടൻ*

18 മറിയത്തിന്റെ പിറവിതിരുനാളും എട്ടുനോമ്പും
*ഫാ. ജോർജ് വല്ലയിൽ*

22 കല്ലറയിൽനിന്നു മുഴങ്ങിയ സുവിശേഷം
*പ്രിൻസ് തെക്കേപ്പുറം CSsR*

26 വക്കീൽ
*ബോബി ജോസ് കട്ടിക്കാട്*

30 ഡൂം സ്ക്രോളിംങ്
*മാമ്മൻ ഐപ്പ്*

33 അധ്യാപകരേ, നിങ്ങൾ മാറിക്കോളൂ
*ജോസഫ് സെബാസ്റ്റ്യൻ*

48 ചങ്കാണ് കുട്ടനാട്
*ജോൺ തറക്കുന്നേൽ*



To subscribe Kudumbajyothi SMS 'sub' to 8921677078
Online: www.kudumbajyothis.com
Email: kudumbajyothi1982@gmail.com
Like Kudumbajyothi@ facebook.com/ kudumbajyothi



ചീഫ് എഡിറ്റർ
**ഡോ. ജോസ് ജോർജ് തെക്കേപ്പുറത്ത്**

മാനേജിംഗ് എഡിറ്റർ
**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഫാ. ജോണിക്കുട്ടി തറക്കുന്നേൽ**

സർക്കുലേഷൻ മാനേജർ
**ജോസി ജോസഫ് ആലഞ്ചേരി**
ഫോൺ: 8921677078

പത്രാധിപസമിതി
**മാർ തോമസ് തറയിൽ**
**ഡോ. ജോസഫ് പാറയ്ക്കൽ**

മുഖചിത്രം. മിഷേൽ ജോ, റാഫേൽ ജോ തെക്കേക്കര

ഫോട്ടോ. ചാക്കോച്ചൻ ഇൻഫോക്കസ്

ആശയം, രൂപകല്പന. സലിമോൻ, കോട്ടയം
അക്ഷരവിന്യാസം. മനോജ് വർഗീസ്

മുദ്രണം. സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ് ചങ്ങനാശേരി
ഫോൺ: 0481 2410101


## സ്ഥിരംപംക്തികൾ


04 *പൂമുഖം*
ഫ്രാങ്ക്, മെത്രാൻ, ക്രിസ്തു
*ജോസ് ആൻഡ്രൂസ്*

25 *ഇന്റീരിയർ*
ഇന്റീരിയർ പ്ലാന്റ് നല്കും സന്തോഷം
*നിഷ റോണി*

28 *ഗുരുമൊഴി*
മറ്റുള്ളവരെ ആകർഷിക്കാനുള്ള വഴി
*ടി.എസ് ബിജു*

32 *കൃഷിപാഠം*
സെപ്റ്റംബറിലെ കൃഷികൾ
*തോമസ് കുരുവിള*

36 *മരിയൻ ദർശനം*
ഒരു വാക്കും പറയാതെ സീയോൺ മാതാവ്
*ബിജു സെബാസ്റ്റ്യൻ*

38 *പേരന്റിംഗ്*
വൈകാരിക സുരക്ഷിതത്വം അത്യാവശ്യം
*ഡോ. ഡേവിഡ് കാരിക്കൽ*

40 *നടുത്താളം*
സഭാ വാർത്തകൾ

42 *പുതിയനിയമത്തിലെ കുടുംബദർശനം*
കുടുംബസഹനത്തിന്റെ ഉൾപ്പൊരുൾ
*ഡോ. തോമസ് വള്ളിയാനിപ്പുറം*

50 *പുറംവാതിൽ*
തേപ്പിൽ തോല്ക്കരുത്
*ജെ. മണക്കുന്നേൽ*






Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.

ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

● ജോസ് ആൻഡ്രൂസ്

# ഫ്രാങ്ക്, മെത്രാൻ, ക്രിസ്തു

**അടുത്തുള്ള കുറ്റാരോപിതരുടെ കണ്ണുകളിലേക്കും ജീവിതത്തിലേക്കും നാം പലപ്പോഴും നോക്കാൻ മറക്കുന്നു. ദിവസവും എത്രയെത്ര വിധികളാണ് നാം അവർക്കെതിരേ പുറപ്പെടുവിക്കുന്നത്.**

മരിക്കരുതേ എന്നു കോടിക്കണക്കിനു മനുഷ്യർ ആഗ്രഹിച്ച ഒരാൾ അനിവാര്യമായ വിധിക്കു കീഴടങ്ങി. ലോകത്തെ ഏറ്റവും സൗമ്യനും നീതിമാനുമായ ജഡ്ജി എന്നറിയപ്പെട്ടിരുന്ന ഫ്രാങ്ക് കാപ്രിയോയാണ് അത്. അദേഹം അമേരിക്കക്കാരനാണെങ്കിലും എല്ലാവർക്കും ഇഷ്ടമായിരുന്നു. തങ്ങളുടെ നാട്ടിലെ ജഡ്ജിമാരും ഭരണാധികാരികളും സഹപൗരരുമൊക്കെ അങ്ങനെയായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കാത്തവരില്ല. പക്ഷേ, തനിക്ക് അങ്ങനെയാകാൻ പറ്റുമോയെന്ന് ആരുംതന്നെ ചിന്തിച്ചിട്ടുണ്ടാകില്ല; ഇതെഴുതുന്നയാളും ഒരുപക്ഷേ, വായിക്കുന്നയാളും. അതുകൊണ്ടാണ് ഫ്രാങ്ക് കാപ്രിയോമാർ അധികമുണ്ടാകാത്തത്. നന്മയുടെ മാതൃകകളെല്ലാം നാം മറ്റുള്ളവർക്കുവേണ്ടി സംവരണം ചെയ്തിരിക്കുകയാണല്ലോ.

അമേരിക്കയിലെ റോഡ് ഐലൻഡ് സ്റ്റേറ്റിലുള്ള പ്രൊവിഡൻസ് മുനിസിപ്പൽ കോടതിയിലെ ജഡ്ജിയായിരുന്നു ഫ്രാങ്ക് കാപ്രിയോ. പ്രതികൾപോലും പ്രതീക്ഷിക്കാത്തത്ര മനുഷ്യത്വപരമായ വിധിയെഴുത്തുകളാണ് അദേഹത്തെ ശ്രദ്ധേയനാക്കിയത്. ഇന്ത്യയിലുൾപ്പെടെ ആളുകൾ അദ്ദേഹത്തെ ശ്രദ്ധിച്ചു തുടങ്ങിയത് 'കോട്ട് ഇൻ പ്രൊവിഡൻസ്' എന്ന ടിവി ഷോയിലൂടെയാണ്. പക്ഷേ, അതൊരു യഥാർഥ ജഡ്ജിയാണെന്നും, കോടതിയിൽപോലും കുറ്റാരോപിതരായ മനുഷ്യരോടു ചിരിച്ചുകൊണ്ടും കരുണയോടെയുമാണ് അദ്ദേഹം പെരുമാറുന്നതെന്നും പലരുമറിഞ്ഞത് വളരെ വൈകിയാണത്രേ. ചിലരൊക്കെ അതറിഞ്ഞത് കഴിഞ്ഞ 21ന് അദ്ദേഹത്തിന്റെ വിയോഗവാർത്തയിലൂടെ മാത്രം.




വിശപ്പറിയാത്തവർ ദരിദ്രന്റെ വാദം കേൾക്കുന്ന ലോകമാണിന്നുള്ളത്. ഫ്രാങ്ക് പറയുന്നുണ്ട്, താൻ പാവപ്പെട്ടവനായിരുന്നു; പാവങ്ങളുടെ അവസ്ഥയെന്തെന്ന് തനിക്കറിയാം. അദ്ദേഹം എപ്പോഴും കുറ്റത്തെക്കുറിച്ചു മാത്രമല്ല, കുറ്റവാളിയുടെ ജീവിതത്തെക്കുറിച്ചും ചോദിച്ചറിയുമായിരുന്നു. നമുക്ക് അപരിചിതവും ക്ലേശകരവുമായ ഒരു ലോകവും, നീതിക്കുള്ള അർഹതയും അപരന്റെ ജീവിതത്തിലുണ്ടെന്നു തിരിച്ചറിഞ്ഞാൽ പലതും പരിഹരിക്കാം എന്നു തോന്നും ഫ്രാങ്കിന്റെ വിധികൾ കേൾക്കുമ്പോൾ.

ഇറ്റലിയിൽ നിന്നുള്ള കുടിയേറ്റക്കാരുടെ മൂന്ന് ആൺമക്കളിൽ രണ്ടാമനായിരുന്നു

ഫ്രാങ്ക്. പിതാവ് അന്റോണിയോ പഴം, പാൽ കച്ചവടക്കാരനായിരുന്നു. മക്കളോടു നന്നായി പഠിക്കാനും, ദരിദ്രരോട് അനുകമ്പയുള്ളവരായിരിക്കാനും അദേഹമാണ് മക്കളെ പ്രേരിപ്പിച്ചിരുന്നത്. സായാഹ്ന ക്ലാസുകളിലൂടെയായിരുന്നു അദേഹത്തിന്റെ നിയമപഠനം. കണ്ണുകെട്ടിയ നീതിദേവതയുടെ പ്രതിമ പോലെയാകാതെ, സഹാനുഭൂതിയുള്ള സഹജീവിയെപ്പോലെ വിചാരണയും വിധിയും നടത്തിയ അദ്ദേഹത്തിന്റെ മുന്നിൽ പ്രതികൾ ചിലപ്പോൾ പൊട്ടിക്കരയുകയും മാനസാന്തരപ്പെടുകയും ചെയ്തു. പാവങ്ങൾക്കു പിഴത്തുക വിധിക്കുമെങ്കിലും, തന്റെ അമ്മയുടെ പേരിലുള്ള ഫൗണ്ടേഷനിൽനിന്ന് അതിനു തുക ഫ്രാങ്ക് തന്നെ കൊടുക്കും. ചില കേസുകളിൽ കുട്ടികളാണ് പ്രതികളായെത്തുന്നതെങ്കിൽ അവരെ ചേർത്തിരുത്തി ചോദ്യങ്ങൾ ചോദിച്ച് യഥാർഥ കാരണങ്ങൾ കണ്ടെത്തുമായിരുന്നു.

അടിയുറച്ച കത്തോലിക്കനായിരുന്ന കാപ്രിയോ പറയുന്നു: "സഭയിലും ക്രിസ്തുവിലും പ്രാർഥനയിലും എനിക്കു വിശ്വാസമാണ്. ലോകത്തിലെ ഏറ്റവും വലിയ പാതകം, കുടുംബബന്ധങ്ങളുടെ ശിഥിലീകരണമാണ്."

വിക്തോർ യൂഗോയുടെ 'പാവങ്ങളി'ലെ മെത്രാനെ എല്ലാവർക്കും വലിയ ആരാധനയാണല്ലോ. തലേരാത്രിയിൽ തന്റെ വീട്ടിൽനിന്നു മോഷ്ടിക്കപ്പെട്ട വെള്ളിപ്പാത്രങ്ങളുമായി ഴാങ് വാൽ ഴാങിനെ കൊണ്ടുവന്നപ്പോൾ ബിഷപ്പ് പൊലീസിനോടു പറഞ്ഞത്, അതു മോഷ്ടിച്ചതല്ല കൊടുത്തതാണ് എന്നാണ്. പോരാത്തതിന്, എന്തുകൊണ്ടാണ് നീ വെള്ളിത്തിരിക്കാലുകൾ കൊണ്ടുപോകാതിരുന്നത് എന്ന ചോദ്യവും. പൊലീസുകാർ പോയി തനിച്ചായപ്പോൾ മെത്രാൻ അയാളോടു പറഞ്ഞു: "നിന്റെ ആത്മാവിനെ ഞാൻ വിലയ്ക്കു വാങ്ങിയിരിക്കുന്നു. ഈ വീടിന്റെ മുൻവാതിലുകൾ തുറന്നുകിടക്കുകയാണ്. എപ്പോൾ വേണമെങ്കിലും വന്നോളൂ." പാവങ്ങൾ എന്ന നോവൽ വായിച്ചവരെല്ലാം കരഞ്ഞുപോയി. പക്ഷേ, പുസ്തകം മടക്കിയ നമ്മളാരും സമീപത്തു നില്ക്കുന്നവരോട് ആ കരുണ കാണിച്ചില്ല എന്നതാണ് സത്യം.

ഡി പട്ടണത്തിലെ ബിഷപ്പിന്റെ കരുണയുടെ വേരുകൾ ബൈബിളിലുണ്ട്. പാപിനിയെ കല്ലെറിഞ്ഞു കൊല്ലാൻ കൊണ്ടുവന്നവരോട് ക്രിസ്തു പറയുന്നത്, "നിങ്ങളിൽ പാപമില്ലാത്തവർ എറിഞ്ഞിട്ടു പൊയ്ക്കൊള്ളൂ" എന്നല്ലേ. കല്ല് താഴെ വീഴുന്ന ശബ്ദം പള്ളിയിലും വീട്ടിലും ബൈബിൾ വായിക്കുമ്പോൾ ആയിരം തവണ കേട്ടിട്ടുണ്ട്. പക്ഷേ, നിന്റെ മുമ്പിലും സമീപത്തും തലകുനിച്ചു വിധി കാത്തു നില്ക്കുന്നവരോടും അങ്ങനെ പറയൂ എന്ന യഥാർഥ ദൈവസന്ദേശം മാത്രം നാമാരും കേട്ടില്ല. മാത്രമല്ല, പലപ്പോഴും പലരെയും കല്ലെറിയുകയും ചെയ്തു. ദൈവമൊരുക്കിയ കരുണയുടെയും മനുഷ്യത്വത്തിന്റെയും കണ്ണിയിൽ സ്വയം കൊളുത്തിയ മനുഷ്യനായിരുന്നു കാപ്രിയോ. ഇതു വായിക്കുമ്പോൾ നാം ഫ്രാങ്ക് കാപ്രിയോ എന്ന നീതിമാനെ കാണുന്നുവെന്നത് നേര്. പക്ഷേ, അടുത്തുള്ള കുറ്റാരോപിതരുടെ കണ്ണുകളിലേക്കും ജീവിതത്തിലേക്കും നോക്കാൻ മറക്കുന്നു. ദിവസവും എത്രയെത്ര വിധികളാണ് നാം പുറപ്പെടുവിക്കുന്നത്. വിചാരണകൾ ദയാപൂർവമാക്കിയാൽ വിധികൾ മാറിമറിയും, തീർച്ച. ○

"സഭയിലും ക്രിസ്തുവിലും പ്രാർഥനയിലും എനിക്കു വിശ്വാസമാണ്. ലോകത്തിലെ ഏറ്റവും വലിയ പാതകം, കുടുംബബന്ധങ്ങളുടെ ശിഥിലീകരണമാണ്."
ഫ്രാങ്ക് കാപ്രിയോ

## പല വിചാരം

 റ്റി.സി മാത്യു

> തെരഞ്ഞെടുപ്പു കമ്മീഷന്റെ നടപടികൾ ശരിയായ ദിശയിലാണെന്നും, എല്ലാ വോട്ടറും പട്ടികയിൽ ഉണ്ടെന്നും ഉറപ്പുവരുത്തേണ്ടത് രാഷ്ട്രീയപാർട്ടികളുടെയും പൗരസഞ്ചയത്തിന്റെയും കടമയാണ്.

# ജനത്തെ നിസഹായരാക്കുന്ന സിസ്റ്റം

പണി നടക്കുന്ന റോഡ് ഇടിഞ്ഞുതാഴുന്നു. വാർക്ക നടക്കുമ്പോൾ തട്ടുപൊളിഞ്ഞു പാലം വീഴുന്നു. മകൾക്കു കൂട്ടിരിക്കാൻ നിന്ന സ്ത്രീ മെഡിക്കൽ കോളജ് കെട്ടിടം തകർന്നു മരിക്കുന്നു. വേറൊരു മെഡിക്കൽ കോളജിൽ ശസ്ത്രക്രിയയ്ക്ക് ഉപകരണങ്ങൾ ഇല്ലാത്തതിന്റെ വിഷമം മാധ്യമങ്ങളെ അറിയിച്ച ഡോക്ടറെ മേലധികാരികളും വകുപ്പുമന്ത്രിയും വേട്ടയാടുന്നു. കർഷകർക്കായി ലോക ബാങ്കിൽനിന്നു കിട്ടിയ പണം വകമാറ്റി സൂക്ഷിക്കുന്നതിന്റെ വിവരം വാർത്തയായപ്പോൾ, വിവരം ചോർത്തിയതാരെന്നു കണ്ടെത്താൻ ഉത്തരവിറക്കുന്നു. സർക്കാരിനു കൊടുത്ത നെല്ലിന്റെ വില കിട്ടാത്തതുമൂലം കർഷകർ കൃഷി ഉപേക്ഷിക്കാൻ തീരുമാനിക്കുന്നു. നിർമാണവും വാഹനാപകടവും ഒക്കെക്കൂടി ദേശീയപാതയിൽ ഉണ്ടാക്കുന്ന കുരുക്കിൽ ഗതാഗതം 12 മണിക്കൂറിലേറെ വൈകുന്നു. ഇതൊക്കെയാണ് ഇപ്പോൾ ദിവസേന വരുന്ന വാർത്തകൾ. ഇത്തരം വാർത്തകളുടെ ആവർത്തനം അധികമായതോടെ അവയോടുള്ള ജനങ്ങളുടെ പ്രതികരണവും



ദുർബലമായി. എന്നും ഇതു തന്നെയല്ലേ? പറഞ്ഞിട്ട് എന്താ കാര്യം? എന്ന നിലപാടിലേക്കു ജനം മാറുന്നു.

അതു തന്നെയാണ്, ഇതെല്ലാം ചെയ്യുകയും ചെയ്യിക്കുകയും ചെയ്യുന്നവരുടെ ലക്ഷ്യം. അവരുടെ ആവശ്യവും അതാണ്. ജനം നിസഹായതകൊണ്ട്, ഇവയെല്ലാം വിധി എന്നു കണക്കാക്കി സഹിക്കാൻ തയാറാകട്ടെ എന്നവർ ആഗ്രഹിക്കുന്നു. വിമർശനം കൂടുതൽ വലുതാകുമ്പോൾ 'സിസ്റ്റം' ആണ് എല്ലാറ്റിനും കാരണം എന്നു പറഞ്ഞ് കുറ്റവാളികൾ തലയൂരുന്നു.

### സീരിയലിലെ എപ്പിസോഡ് പോലെ

ഒന്നോ രണ്ടോ ദിവസം, അല്ലെങ്കിൽ ഒന്നോ രണ്ടോ ആഴ്ച. ഇത്തരം വിഷയങ്ങളിലെ മാധ്യമശ്രദ്ധ അത്രയുംകൊണ്ടു തീരും. അതോടെ ജനങ്ങളും വിഷയം വിടും. സീരിയൽ കാഴ്ചക്കാർ ഒന്നു കഴിഞ്ഞ് അടുത്ത എപ്പിസോഡ് കാണുന്നതു പോലെ, ജനങ്ങൾ ഒരു വിഷയത്തിൽനിന്ന് അടുത്ത വിഷയത്തിലേക്കു മാറുന്നു. കടത്തിവിട്ട വിഷയത്തിനു സ്വാഭാവികപരിണതി ഉണ്ടാക്കാൻപോലും ശ്രമിക്കുന്നില്ല.

ദുർബലമായ ഒരു കെട്ടിടം, രോഗികളും കൂട്ടിരിപ്പുകാരുമൊക്കെ ഉപയോഗിക്കാവുന്ന വിധം മെഡിക്കൽ കോളജ് കാംപസിൽ ശേഷിച്ചു എന്നതാണ് കോട്ടയത്ത് ഉണ്ടായ വിഷയത്തിന്റെ കാതൽ. അറ്റകുറ്റപ്പണി നടത്തിയോ, പൊളിച്ചു പണിതോ അപകടാവസ്ഥ ഒഴിവാക്കേണ്ടതായിരുന്നു. അല്ലെങ്കിൽ ആളുകൾ കയറാത്ത നിലയിലാക്കി സംരക്ഷിക്കണമായിരുന്നു. ഒന്നും ചെയ്തില്ല. ഇങ്ങനെ മതിയോ സിസ്റ്റം?

### ഇല്ലായ്മ പറഞ്ഞതു തെറ്റ്

സർക്കാർ മെഡിക്കൽ കോളജിൽ ശസ്ത്രക്രിയയ്ക്കു വേണ്ട സാമഗ്രികൾ ഉണ്ടാകാതെ വരുന്നത് ആദ്യസംഭവമല്ല. ഡോ. ഹാരീസ് ചൂണ്ടിക്കാണിക്കുന്നതിനു മുമ്പും അങ്ങനെ ആയിരുന്നു. ഭരണാധികാരികളുടെ മൂക്കിനു കീഴെ ഉള്ള തിരുവനന്തപുരം മെഡിക്കൽ കോളജിൽ ഇത്തരം ദൗർലഭ്യങ്ങൾ കുറവാണ് എന്നതാണ് വസ്തുത. അകലെയുള്ള മറ്റു സർക്കാർ മെഡിക്കൽ കോളജുകളിൽ സ്ഥിതി ഇതിലും മോശമാകാം. ജില്ലാ, താലൂക്ക് ആശുപത്രികളിലേക്കു കടന്നാൽ സ്ഥിതി പലപ്പോഴും ദയനീയമാണ്.

## പഞ്ചവടിപ്പാലങ്ങൾ കൂടുന്നു

*പഞ്ചവടിപ്പാലം സിനിമയിൽ, പാലം ഉദ്ഘാടനവേളയിൽ തകരുന്നതാണു കഥ. കേരളത്തിൽ നിർമാണഘട്ടത്തിൽതന്നെ തകരുന്ന റോഡുകളും പാലങ്ങളും എന്ന അവസ്ഥയാണ് വന്നിരിക്കുന്നത്. ദേശീയപാതകൾ അടക്കം കേരളത്തിലെ റോഡ് വികസനത്തിലെ വൻ 'മുന്നേറ്റം' നിരന്തരമായി സമൂഹമാധ്യമങ്ങളിൽ പോസ്റ്റുകൾ ഇട്ട് പ്രചരിപ്പിക്കാൻ സംഘടിതഗ്രൂപ്പുകൾ ഉണ്ട്. പക്ഷേ പാലവും റോഡും തകരുമ്പോൾ അവരെ കാണില്ല.*

*ദേശീയ, സംസ്ഥാന പാതകളും പൊതുമരാമത്ത്, പഞ്ചായത്ത് റോഡുകളും കുണ്ടും കുഴിയുമായി മാറി. നഗരങ്ങളെന്നും ഗ്രാമങ്ങളെന്നും വ്യത്യാസമില്ലാതെ മൺസൂൺമഴ മേയ് പകുതി മുതൽ ഇടതടവില്ലാതെ ലഭിച്ചപ്പോൾ തകർച്ച കൂടി, അറ്റകുറ്റപ്പണികൾ മുടങ്ങി. ജനങ്ങളുടെ യാത്ര ദുരിതമയവുമായി.*

*തദ്ദേശഭരണസ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുപ്പ് ഉടനെ നടക്കാനുണ്ട്. അതുകൊണ്ടാവാം, റോഡിലെ മിക്ക കുഴികളിലും വാഴ നട്ടും ചൂണ്ടയിട്ടും ഒക്കെ പ്രതിപക്ഷകക്ഷികൾ കാര്യം ആഘോഷമാക്കുന്നുണ്ട്. അതു തെരഞ്ഞെടുപ്പ് വരെ മാത്രം. അതു കഴിഞ്ഞാൽ ജയിച്ചവർ ഭരണത്തിനു നീങ്ങും. തോറ്റവർ അഞ്ചു വർഷം കഴിയുമ്പോൾ ജനകീയ വിഷയങ്ങൾ ഏറ്റെടുക്കാനായി നീങ്ങും.*





**ഡോ. ഹാരിസിന്റെ തുറന്നുപറച്ചിൽ മാറ്റത്തിനു വഴി തുറക്കും എന്നു ജനം പ്രത്യാശിച്ചു. പക്ഷേ ആ ഡോക്ടറെ കള്ളനും കുറ്റവാളിയുമാക്കാൻ കുത്സിത ശ്രമങ്ങൾ നടക്കുന്നതാണു പിന്നീടു കണ്ടത്.**

ഡോ. ഹാരിസിന്റെ തുറന്നു പറച്ചിൽ ഇക്കാര്യങ്ങളിൽ ഒരു മാറ്റത്തിനു വഴി തുറക്കും എന്നു ജനം പ്രത്യാശിച്ചു. പക്ഷേ സംഭവിച്ചതു മറിച്ചാണ്. ആ ഡോക്ടറെ കള്ളനും കുറ്റവാളിയുമാക്കാൻ കുത്സിത ശ്രമങ്ങൾ നടക്കുന്നതാണു പിന്നീടു കണ്ടത്. ഭാഗ്യവശാൽ ഡോക്ടർക്കു തന്റെ നിരപരാധിത്വം പരസ്യമായി വെളിപ്പെടുത്താൻ കഴിഞ്ഞു. പക്ഷേ, തീരുന്നില്ല. ഉപകരണങ്ങൾ ഇല്ലാത്തതുമൂലം ശസ്ത്രക്രിയ മുടങ്ങുന്നു എന്നതല്ല, അക്കാര്യം പുറത്തു പറഞ്ഞ ചട്ടലംഘനമാണ് ആരോഗ്യവകുപ്പിനെ വിഷമിപ്പിച്ചത്. സമൂഹമാധ്യമത്തിൽ പോസ്റ്റ് ഇട്ടതു ചട്ടലംഘനമാണെന്നു ഡോക്ടറെക്കൊണ്ട് എഴുതി വാങ്ങിച്ചപ്പോൾ വകുപ്പിന് സംതൃപ്തി. മുഖ്യവിഷയം ആരുടെയും ചർച്ച അല്ലാതായി. മെഡിക്കൽ കോളജിൽ ചികിത്സ തേടുന്ന പാവപ്പെട്ടവരും ഇടത്തരക്കാരും ബുദ്ധിമുട്ടിലാകുന്നത് ആർക്കും വിഷയമല്ലല്ലോ?

**വകമാറ്റിയതിന്റെ അന്വേഷണവും വഴിമാറ്റി**

ഇതുപോലെ തന്നെ വിഷയം വഴിതിരിച്ചു വിടുന്നതാണ്, ലോകബാങ്ക് നല്കിയ തുക വകമാറ്റി സൂക്ഷിച്ച വിഷയത്തിൽ കണ്ടത്. കാലാവസ്ഥാ മാറ്റത്തിന്റെ പശ്ചാത്തലത്തിൽ ഒരു സമഗ്രകൃഷി വികസനപദ്ധതി തയാറാക്കി ലോകബാങ്കിനു സമർപ്പിച്ചു. അവർ 1656 കോടി രൂപ നല്കാമെന്ന് ഏറ്റു. മുൻകൂർ ഗഡുവായി 140 കോടി രൂപ നല്കി. ഇതു മാർച്ച് പകുതിയോടെ കിട്ടി. സർക്കാരിൽ എത്തിയാൽ ഒരാഴ്ചയ്ക്കുള്ളിൽ ബന്ധപ്പെട്ട വകുപ്പിനു കൈമാറണം എന്നതായിരുന്നു വ്യവസ്ഥ. മാർച്ച് അവസാനമായിരുന്നതുകൊണ്ട് കൈമാറ്റം വൈകിച്ച് വർഷാവസാന ബാധ്യതകൾ നിറവേറ്റി. ഏപ്രിൽ പകുതി കഴിഞ്ഞിട്ടും തുക വകുപ്പിനു നല്കിയില്ല. പിന്നീടാണു വകമാറ്റി എന്ന വാർത്ത ചില മാധ്യമങ്ങളിൽ വന്നത്.

വിഷയം പരിഹരിച്ചു. പക്ഷേ ഈ വിവരം എങ്ങനെ മാധ്യമങ്ങളിൽ എത്തി എന്ന അന്വേഷണത്തിനു സർക്കാർ ഉത്തരവിട്ടു. അതു മാധ്യമവേട്ടയാണെന്ന മട്ടിൽ വിമർശനങ്ങൾ ഉയർന്നു. അപ്പോഴാണ് മറ്റൊരു വിവരം അറിയുന്നത്. ഉന്നത ഉദ്യോഗസ്ഥരിൽ ആരെയോ ഉന്നംവെച്ച് സർക്കാരിലെ ഉത്തരവാദപ്പെട്ട ഒരാളാണു വിവരം ചോർത്തി നല്കിയത്. 'ഉത്തരവാദപ്പെട്ട' ആളെ കുടുക്കാൻ ഉന്നതനാണത്രെ അന്വേഷണത്തിനു നിർദേശിച്ചത്. പക്ഷേ ഉത്തരവ് വന്നപ്പോൾ മാധ്യമങ്ങൾക്കെതിരെ മാത്രം അന്വേഷണം എന്നായി. ഉന്നതനെ മറികടക്കുന്ന 'ഉത്തരവാദപ്പെട്ട' മഹാന്മാരും ഉള്ളതായി മാറി ഭരണകൂടം.

**അതു നന്നായി**

ഒരു വിദ്യാർഥി കളിക്കിടയിൽ മേൽക്കൂരയിൽ കയറി അബദ്ധത്തിൽ വൈദ്യുത ലൈനിൽ പിടിച്ചു മരണമടഞ്ഞ ദുരന്തം, ഒരു നല്ല തീരുമാനത്തിലേക്കു വഴിവെട്ടി. മിക്കവാറും വിദ്യാലയങ്ങളുടെ മുറ്റത്തുകൂടി പോകുന്ന വൈദ്യുതലൈനുകൾ സുരക്ഷിത കേബിളിലാക്കി. തികച്ചും ജനസൗഹൃദപരമായ കാര്യം.

ഉയർന്ന ടവറിലൂടെയല്ലാത്ത മുഴുവൻ വൈദ്യുതിലൈനുകളും ഇങ്ങനെ ചെയ്താൽ സുരക്ഷിതത്വം ഉറപ്പാക്കാം. ഒപ്പം 'ടച്ചിംഗ്' വെട്ടുന്നതിന്റെ പേരിലുള്ള ചെലവും അധ്വാനവും പ്രശ്നങ്ങളും ഒഴിവാക്കുകയും ചെയ്യാം.





# വോട്ട് മോഷണം അഥവാ ജനാധിപത്യവധം

തെരഞ്ഞെടുപ്പുകളിൽ കൃത്രിമം നടക്കുന്നതായ ആരോപണം കോൺഗ്രസും മറ്റു പ്രതിപക്ഷ പാർട്ടികളും കുറേ നാളായി ഉന്നയിക്കുന്നുണ്ട്. തോറ്റവരുടെ സ്ഥിരംപല്ലവി എന്ന മട്ടിൽ ഭരണപക്ഷവും, വോട്ട് കിട്ടാത്തതിനു യന്ത്രത്തെ കുറ്റംപറയുന്നു എന്ന മട്ടിൽ രാഷ്ട്രീയേതര പൊതുജനങ്ങളും ഇവയെ അവഗണിച്ചു പോന്നു. എന്നാൽ ഇപ്പോൾ സ്ഥിതിമാറി.

ബാംഗളൂർ നോർത്ത് ലോക്സഭാസീറ്റിലെ മഹാദേവപുര അസംബ്ലി മണ്ഡലത്തിലെ വോട്ടർപട്ടിക വെച്ചുകൊണ്ട് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി മാധ്യമങ്ങൾക്കു മുന്നിൽ ചില കാര്യങ്ങൾ വെളിപ്പെടുത്തി. നൂറു ചതുരശ്ര അടി വിസ്തൃതിയുള്ള മുറിയിൽ 200ലേറെ വോട്ടർമാർ താമസിക്കുന്നു. തന്നേക്കാൾ പ്രായം കൂടിയ മക്കൾ ഉള്ള പിതാക്കന്മാരെയും, നൂറിലേറെ മക്കളുള്ള ദമ്പതികളെയും ആ വോട്ടർപട്ടികയിൽ കാണാം. 'ഇല്ലാത്ത' ആൾക്കാരെ വോട്ടർ പട്ടികയിൽ തിരുകിക്കയറ്റുന്നു. ആ പട്ടിക ഉപയോഗിച്ചു കള്ളവോട്ട് ചെയ്യുന്നു. ബിജെപിയുടെ ജയം ഉറപ്പാക്കുന്നു. ഇങ്ങനെ 240ലേറെ മണ്ഡലങ്ങളിൽ കൃത്രിമം നടത്തിയ 'വോട്ട് കൊള്ള'യുടെ ഒരു ചെറിയ ഭാഗം മാത്രമാണു താൻ കാണിച്ചതെന്നു രാഹുൽ ഗാന്ധി വിശദീകരിച്ചു.

രാഹുൽ ഗാന്ധിയുടെ വെളിപ്പെടുത്തലിനു പിന്നാലെ ബിജെപി ജയിച്ച തൃശൂരിലെ കള്ളവോട്ടു കഥകൾ അവിടത്തെ എൽഡിഎഫും യുഡിഎഫും എടുത്തു കാണിച്ചു. മറ്റു സംസ്ഥാനങ്ങളിലും ഇത്തരം തട്ടിപ്പുകൾ നടന്നതായ ആക്ഷേപം മറ്റു പാർട്ടികൾ ഉന്നയിച്ചു. കുറേക്കാലമായി കോൺഗ്രസിനോടു സഹകരിക്കാതെ, ഇന്ത്യാസഖ്യ പരിപാടികളിൽനിന്നു വിട്ടുനിന്നിരുന്ന ആം ആദ്മി പാർട്ടിയും തൃണമൂൽ കോൺഗ്രസും, ഈ ആരോപണം ഉയർത്തിയുള്ള പ്രതിഷേധങ്ങൾക്കു കൂട്ടുചേർന്നു. ഇതുമായി ബന്ധപ്പെട്ടു തെരഞ്ഞെടുപ്പു കമ്മീഷൻ മാധ്യമങ്ങൾക്കു മുന്നിൽ വിശദീകരണത്തിനു



**തന്നേക്കാൾ പ്രായം കൂടിയ മക്കളുള്ള പിതാക്കന്മാരെയും, നൂറിലേറെ മക്കളുള്ള ദമ്പതികളെയും രാഹുൽ ഗാന്ധി പുറത്തുവിട്ട വോട്ടർപട്ടികയിൽ കാണാം.**

വന്നപ്പോൾ മാധ്യമങ്ങളുടെയോ രാഹുൽ ഗാന്ധിയുടെയോ ചോദ്യങ്ങൾക്കു മറുപടി ഉണ്ടായില്ല. 'ന്നാ താൻ കേസ് കൊട്' എന്ന മട്ടിലായിരുന്നു മറുപടികൾ.

ഇതോടൊപ്പം ബിഹാറിലെ നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർ പട്ടികയുടെ പ്രത്യേക തീവ്രപരിഷ്കരണം നടത്തി. ആദ്യഘട്ടം കരട് വോട്ടർ പട്ടിക വന്നപ്പോൾ 65 ലക്ഷത്തിലേറെ പേർ പുറത്ത്. ഇതു സംബന്ധിച്ച നിരവധി ഹർജികൾ സുപ്രീംകോടതിയുടെ മുന്നിലാണ്. പുറത്താക്കപ്പെട്ട ഓരോ വോട്ടറെയും എന്തുകൊണ്ടു പുറത്താക്കി എന്ന കാരണം കാണിച്ചുകൊണ്ട് പട്ടിക പ്രസിദ്ധീകരിക്കാൻ കോടതി നിർദേശിച്ചിരിക്കയാണ്. ഇന്ത്യയിൽ പൗരത്വം ഇല്ലാത്തവരെ കുത്തിനിറച്ചതായിരുന്നു നിലവിലെ വോട്ടർപട്ടിക എന്നാണു തെരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ പറയുന്നത്. അതിനാൽ പൗരത്വരേഖകൾ ചോദിക്കുന്നു. ആധാർ, വോട്ടർ ഐഡി, റേഷൻ കാർഡ് എന്നിവ പൗരത്വരേഖകൾ അല്ലെന്നും കമ്മീഷൻ പറയുന്നു.

വോട്ടർപട്ടികയിൽ നിന്നു മുസ്ലീംകളെ കൂട്ടമായി പുറന്തള്ളാനുള്ള നീക്കമായാണു പ്രതിപക്ഷം ഇതിനെ കാണുന്നത്. പൗരത്വരേഖ എന്ന പേരിൽ ഒരു രേഖയും ബിഹാറിൽ നല്കിയിട്ടില്ല. 2003ലെ വോട്ടർപട്ടികയിൽ ഇല്ലാത്ത എല്ലാവരും പൗരത്വം കാണിക്കുന്ന രേഖ ഹാജരാക്കണമെന്നു കമ്മീഷൻ ശഠിക്കുന്നു. പൗരത്വം തെളിയിക്കാൻ ജനന സർട്ടിഫിക്കറ്റ് അടക്കം ഒൻപതു രേഖകൾ സ്വീകാര്യമാണെന്ന കമ്മീഷന്റെ സമീപനം 'വിശാലമനോഭാവം' കാണിക്കുന്നതാണെന്നു സുപ്രീംകോടതി വാക്കാൽ പറഞ്ഞു. പക്ഷേ മുമ്പ് ഇല്ലാതിരുന്ന നിബന്ധന കൊണ്ടുവന്നതിന് വിശ്വാസ്യമായ വിശദീകരണം തെരഞ്ഞെടുപ്പ് കമ്മീഷൻ നല്കിയിട്ടില്ല എന്നതു സുപ്രീംകോടതിയും വിസ്മരിച്ച മട്ടാണ്.

ബിഹാറിൽ പ്രത്യേക പരിശോധന തുടങ്ങുമ്പോൾ പട്ടികയിൽ 7.89 കോടി ആളുകൾ ഉണ്ടായിരുന്നു. ഒരു ഘട്ടം കഴിഞ്ഞപ്പോൾ എണ്ണം 7.24 കോടിയായി കുറഞ്ഞു. 65 ലക്ഷം കുറവ്. ഇതിൽ ഭൂരിപക്ഷവും

മരിച്ചു പോയി എന്നു കമ്മീഷൻ പറയുന്നു. അതുകൊണ്ടാണ് നീക്കംചെയ്യലിനു കാരണം പരസ്യപ്പെടുത്താൻ കോടതി ആവശ്യപ്പെട്ടത്. ഇതുകൊണ്ടു തീരുന്നില്ല. വിശദപരിശോധനകൾ തുടരുകയാണ്. രേഖകൾ ഇല്ലെന്ന പേരിൽ ബിഹാറിലെ രണ്ടു കോടിയിലധികം വോട്ടർമാരെ വോട്ടർമാരല്ലാതാക്കാൻ നീക്കം നടക്കുന്നു എന്നാണു പ്രതിപക്ഷം പറയുന്നത്.

രാഹുൽഗാന്ധി ആരോപണം ഉന്നയിച്ചപ്പോൾ യഥാസമയം പട്ടികനോക്കി തിരുത്തൽ ആവശ്യപ്പെടാമായിരുന്നല്ലോ എന്നാണു കമ്മീഷൻ പറഞ്ഞത്. കംപ്യൂട്ടറിൽ വായിച്ചെടുക്കാവുന്ന വിധം ബിഹാറിലെ വോട്ടർപട്ടിക എല്ലാ രാഷ്ട്രീയപാർട്ടികൾക്കും നല്കാൻ ആവശ്യപ്പെട്ടപ്പോൾ, അതു പട്ടികയുടെ സുരക്ഷയെ ബാധിക്കും എന്നായി. അടുത്തുതന്നെ തെരഞ്ഞെടുപ്പ് നടക്കേണ്ട ബിഹാറിൽ വോട്ടർപട്ടിക പരിശോധിക്കപ്പെടരുത് എന്ന് ആർക്കോ വാശി ഉള്ളതുപോലെയാണ് കമ്മീഷന്റെ നിലപാട്.

വോട്ടർപട്ടിക സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ ശ്രമിക്കുന്നതിനു പകരം കമ്മീഷൻ നടത്തുന്നത്, മുട്ടാപ്പോക്കുകൾ പറഞ്ഞു പരിശോധനയും തിരുത്തലും ഒഴിവാക്കാനുള്ള ശ്രമമാണ്. നിഷ്പക്ഷത പുലർത്തേണ്ട ഒരു ഭരണഘടനാ സ്ഥാപനത്തിന് ഉചിതമായ സമീപനമല്ല ഇത്.

ഇപ്പോൾ കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള ആസന്നമായ തെരഞ്ഞെടുപ്പിനു വേണ്ട വോട്ടർപട്ടികയുടെ കരടുപരിശോധനയും തിരുത്തലും നടക്കുന്ന സമയമാണ്. ഇവിടെയുമുണ്ട് വിപുലമായ തട്ടിപ്പുനീക്കങ്ങൾ എന്നാണു പ്രതിപക്ഷം പറയുന്നത്. സംസ്ഥാന സർക്കാർ നിയമിക്കുന്നതാണു തദ്ദേശ തെരഞ്ഞെടുപ്പു നടത്താനുള്ള ഇലക്ഷൻ കമ്മീഷൻ. കമ്മീഷന്റെ നടപടികൾ ശരിയായ ദിശയിലാണെന്നും, എല്ലാ വോട്ടറും പട്ടികയിൽ ഉണ്ടെന്നും ഉറപ്പുവരുത്തേണ്ടത് രാഷ്ട്രീയപാർട്ടികളുടെയും പൗരസഞ്ചയത്തിന്റെയും കടമയാണ്. ആ കടമ നിറവേറ്റുമ്പോൾ നിഷ്പക്ഷവും സുതാര്യവുമായ തെരഞ്ഞെടുപ്പ് ഉറപ്പാകുന്നു. ○

## പൗരസമൂഹം നിസഹായമാകുന്നോ?

*ഗൗരവമായി കാണേണ്ട ചില കാര്യങ്ങൾ ഉണ്ട്.*

*ഒന്ന്: പൗരസമൂഹം ഉന്നയിക്കുന്ന വിഷയങ്ങളെ അധികാരികൾ മുട്ടാപ്പോക്കും മരവിപ്പിക്കലും മെല്ലെപ്പോക്കുംകൊണ്ട് എങ്ങുമെത്താതെയാക്കുന്നു. കോടതികൾപോലും വിഷയങ്ങൾ ഗൗരവമായി എടുക്കാതെ സർക്കാരിനു പരമാവധി മുന്നോട്ടുപോകാൻ മൗനാനുവാദം നല്കുന്നു. ഇതുമൂലം പൗരസഞ്ചയം നിസഹായ അവസ്ഥയിലേക്ക് ഉൾവലിയുന്നു. ജനാധിപത്യം ഫലപ്രദമാകണമെങ്കിൽ പൗരസമൂഹം സജീവമാകണം. അവർ കാര്യങ്ങൾ നിരീക്ഷിക്കുകയും പഠിക്കുകയും പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുകയും പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ചെയ്യണം. അതിന് അവലംബമാകേണ്ട കോടതികൾ ചുമതല നിറവേറ്റാതെ വരുമ്പോൾ ജനത്തിനു മറ്റു മാർഗമെന്ത്?*

*രണ്ട്: പൗരസമൂഹം തങ്ങളുടെ ദൗത്യം നിറവേറ്റുന്നതിന് മാർഗവും ഉപകരണവും ആക്കുന്നത് രാഷ്ട്രീയ പാർട്ടികളെയാണ്. അതാണു വേണ്ടതും. പക്ഷേ മിക്ക രാഷ്ട്രീയപാർട്ടികളും ഇന്ന് ആ ദൗത്യം കൃത്യമായി നിർവഹിക്കുന്നില്ല.*

*മൂന്ന്: ഇത്തരം നിസഹായതകൾ ഭൂരിപക്ഷത്തെയും അധികാരത്തിനു കീഴ്പ്പെടുന്നവരായി മാറ്റുന്നു. പോരാട്ടം എങ്ങുമെത്തില്ല എന്നതാണ് കാരണം. ശേഷം ജനം ജനാധിപത്യത്തിൽ വിശ്വാസം നഷ്ടപ്പെട്ടവരായി മാറുന്നു. അതിലേക്കു നയിക്കുന്ന രാഷ്ട്രീയവും മാധ്യമങ്ങളും ഭരണഘടനാ സ്ഥാപനങ്ങളും ജുഡീഷ്യറിയുമൊക്കെ ഇന്ത്യൻ ജനാധിപത്യത്തെ നിഹനിക്കുന്നതിനു കൂട്ടുനില്ക്കുകയല്ലേ എന്നു ജനം ന്യായമായും സംശയിക്കുന്നു.*

ജോൺ പൈനാടൻ



# പെണ്ണുണ്ടോ, പെണ്ണ്

**വിവാഹം കഴിക്കാനും കുടുംബജീവിതം നയിക്കാനും ആഗ്രഹമുണ്ടായിട്ടും ഇണയെ കിട്ടാതെ വിഷമിക്കുന്ന പുരുഷന്മാരുടെ എണ്ണം നമ്മുടെ നാട്ടിൽ കൂടിവരുന്നു.**

പുര നിറഞ്ഞുനില്ക്കുന്ന പെണ്ണ് പണ്ടുകാലങ്ങളിലെ വേദനയായിരുന്നെങ്കിൽ, ഇന്ന് അവസ്ഥ മാറിയിരിക്കുന്നു. പെണ്ണിനു പകരം ആണുങ്ങൾ പുരനിറഞ്ഞുനില്ക്കുന്ന കാഴ്ചയാണെങ്ങും. സഭയും സമൂഹവും അത്രയധികം ഫോക്കസ് ചെയ്യാത്ത ഒരു വിഷയത്തിലേക്കാണ് ഈ ലക്കം ഞങ്ങൾ വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

## ഓട്ടോക്കാരൻ പറഞ്ഞത്...

ഞങ്ങളുടേത് ഒരു നാട്ടിൻപുറമാണ്. സമീപത്തുള്ള പ്രൈമറി ഹെൽത്ത് ക്ലിനിക്കിൽ പനിക്കുള്ള മരുന്നു വാങ്ങി തിരികെ വീട്ടിലേക്കു പോയത് അടുത്തുള്ള ഓട്ടോസ്റ്റാൻഡിൽനിന്ന് ഓട്ടോപിടിച്ചാണ്. കണ്ടുപരിചയം ഉണ്ട് എന്നല്ലാതെ അയാളുടെ കൂടുതൽ വിവരങ്ങളൊന്നും അറിയില്ലായിരുന്നു. വെറുതെയൊന്നു സംസാരിച്ചുകളയാം എന്നു വിചാരിച്ച് വീട്ടുവിശേഷങ്ങൾ ചോദിച്ചപ്പോൾ, അപ്പന്റെയും അമ്മയുടെയും സഹോദരങ്ങളുടെയുമൊക്കെ വിവരം പറഞ്ഞു. സ്വന്തം കുടുംബത്തെക്കുറിച്ചു ചോദിച്ചപ്പോൾ, അയാൾ പെട്ടെന്നു നിശബ്ദനായി. പിന്നെ പറഞ്ഞു, പെണ്ണ് കെട്ടിയില്ല. അല്പം കഴിഞ്ഞു തുടർന്നു: പെണ്ണ് കിട്ടിയില്ല എന്നു പറയുന്നതാവും കൂടുതൽ ശരി.

> വിവാഹാലോചന വരുമ്പോൾ പുരുഷന്മാർ തള്ളിക്കളയുന്ന പെണ്ണുങ്ങളായിരുന്നു പണ്ടൊക്കെ കൂടുതൽ. ഇന്നു പക്ഷേ, ആണുങ്ങളെ വേണ്ടെന്നു വെക്കുന്ന പെണ്ണുങ്ങളുടെ എണ്ണത്തിലാണ് വർധന.

പ്രായം ചോദിച്ചു. അയാൾക്ക് എന്നേക്കാൾ അഞ്ചുവയസിന്റെ കുറവ്. വിവാഹക്കമ്പോളത്തിൽ വിലയിടിവു നേരിടുന്ന പുരുഷന്മാരുടെ പ്രതിനിധിയാണയാൾ. ഓട്ടോറിക്ഷാക്കാരൻ, 45 വയസ്. സാമ്പത്തികചുറ്റുപാട് അത്ര ഭേദപ്പെട്ടതല്ല. കാഴ്ചയിലോ, ശരാശരിക്കാരൻ.

ഇപ്പോഴത്തെ പെൺപിള്ളേർക്ക് നമ്മളെയൊന്നും പിടിക്കത്തില്ല സാറേ. അയാൾ ആത്മഗതം കണക്കെ പറഞ്ഞു. അയാൾ തുടർന്നു പറഞ്ഞ മറ്റൊരു കാര്യം എന്നെ ശരിക്കും ഞെട്ടിച്ചു; എന്നെപ്പോലെ പെണ്ണുകിട്ടാത്തവരായി ഈ പ്രദേശത്തുതന്നെ 35 പേരുണ്ട്.

വിവാഹാലോചന വരുമ്പോൾ പുരുഷന്മാർ തള്ളിക്കളയുന്ന പെണ്ണുങ്ങളായിരുന്നു പണ്ടൊക്കെ എണ്ണത്തിൽ കൂടുതൽ. ഇന്നു പക്ഷേ, ആണുങ്ങളെ വേണ്ടെന്നു വെക്കുന്ന പെണ്ണുങ്ങളുടെ എണ്ണത്തിലാണ് വർധന. ചെറുക്കന്റെയും പെണ്ണിന്റെയും ഫോട്ടോ ഡയറിയിൽ സൂക്ഷിച്ച്, ബാഗും പിടിച്ച് വീടുകൾ തോറും കയറിയിറങ്ങിയിരുന്ന ദല്ലാൾമാർ ഇക്കാലത്ത് കുറ്റിയറ്റതുപോലെ ഇല്ലാതായിട്ടുണ്ട്. അതുപോലെ വിവാഹക്കാര്യത്തിലും വലിയൊരു പരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്നു.

വിവാഹമാണ് ജീവിതത്തിലെ എല്ലാറ്റിന്റെയും പൂർണത എന്നു പറയാനാവില്ല. നിശ്ചിതപ്രായം എത്തിയാലുടനെ

**വിദ്യാഭ്യാസത്തിനു ചേർന്ന ജോലിയും അർഹമായ വേതനവും സ്ത്രീകളെ ആത്മവിശ്വാസമുള്ളവരും സ്വയംപര്യാപ്തരുമാക്കി മാറ്റിയപ്പോൾ, ഇനി പുരുഷനെ ആശ്രയിച്ചു ജീവിക്കേണ്ട ആവശ്യം തങ്ങൾക്കില്ലെന്ന വിചാരം പ്രബലപ്പെട്ടു.**

ജീവിതത്തിൽ ചെയ്യാനുള്ള ഏകകാര്യം വിവാഹം കഴിക്കുക എന്നതാണെന്നും വിചാരിക്കുന്നില്ല. വിവാഹജീവിതത്തിലൂടെ മാത്രമേ സന്തോഷം ലഭിക്കൂ എന്ന ധാരണ ഇക്കാലത്ത് ആരാണ് പുലർത്തുന്നത്? വിവാഹം ഓരോരുത്തരുടെയും തീരുമാനവും തെരഞ്ഞെടുപ്പുമാണ്. വിവാഹമേ വേണ്ട എന്നു തീരുമാനിച്ചുറപ്പിച്ച ചിലരെ എനിക്കറിയാം. അതിനവർക്ക് അവരുടേതായ കാരണങ്ങളുണ്ടാവും. പിന്നെയെന്തുകൊണ്ടാ

## അച്ചൻ പറഞ്ഞ കഥ



*ഒരു വൈദികസുഹൃത്തിനോട് കഴിഞ്ഞ ദിവസം ഫോണിൽ സംസാരിക്കവെ, എങ്ങനെയോ സംഭാഷണം പുരനിറഞ്ഞുനില്ക്കുന്ന പുരുഷന്മാരിലെത്തി. അച്ചൻ ഒരു സംഭവം പറഞ്ഞു. ചുരുക്കമിങ്ങനെ: അച്ചൻ വികാരിയായി സേവനംചെയ്യുന്ന ഇടവകയിലെ, സമ്പന്നവും പുരാതനവുമായ കുടുംബത്തിലെ ഏകസന്താനം. 35 വയസ്. അയാൾക്ക് പെണ്ണുകിട്ടുന്നില്ല. അയാളുടെ വിവാഹം കഴിഞ്ഞ് പേരക്കുട്ടികളെ കണ്ടിട്ടുവേണം കണ്ണടയ്ക്കാൻ എന്ന പ്രാർഥനയോടെ കാത്തിരിക്കുന്ന മാതാപിതാക്കൾ. ഇരുപത്തഞ്ചു കഴിഞ്ഞപ്പോഴേ തുടങ്ങിയതാണ് വിവാഹാലോചന. വിഷമങ്ങളെല്ലാം അച്ചനോടു തുറന്നുപറഞ്ഞതിനു ശേഷം ആ ചെറുപ്പക്കാരൻ ചോദിച്ചത്രെ: അച്ചോ, മഠങ്ങളിൽ അടുക്കളജോലിക്കു നില്ക്കുന്ന അന്യസംസ്ഥാനക്കാരിയാണെങ്കിലും കുഴപ്പമില്ല, ഒരു പെൺകുട്ടിയെ വിവാഹം കഴിക്കാനുള്ള സാഹചര്യം വല്ലതുമുണ്ടോ? ഒരുരൂപ പോലും സ്ത്രീധനം വേണ്ടത്രെ!!*

## വാർത്തകളിലെ ഞടുക്കങ്ങൾ

*അനുനിമിഷം നമ്മെ തേടിയെത്തുന്ന ചില ദുരന്തവാർത്തകൾ ശ്രദ്ധിക്കുക. വിവാഹ ജീവിതത്തിൽ ഏല്ക്കേണ്ടിവരുന്ന ആഘാതങ്ങളെ തുടർന്ന് ചെറുപ്രായത്തിൽ തന്നെ കൊല്ലപ്പെടുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്യുന്ന യുവതികളെക്കുറിച്ചാണ് അവയിൽ പലതും. പുരുഷന്മാരാണ് ആ കഥകളിലെ വില്ലന്മാരിൽ ഭൂരിപക്ഷവും. ഉത്രയുടെ ഭർത്താവു മുതൽ വിപഞ്ചികയുടെ ഭർത്താവ് വരെ. ഭർത്താവ് എന്ന ഏക അവകാശം ദുരുപയോഗിച്ച് ഭാര്യയുടെമേൽ അക്രമം നടത്തിയവരാണവർ. അതിന്റെ പേരിൽ ബോധപൂർവമോ അല്ലാതെയോ ഭാര്യമാരെ കൊലപ്പെടുത്തിയവർ. കൊലചെയ്തില്ലെന്നു വാദിച്ചാൽപോലും, ഭാര്യമാരെ ആത്മഹത്യയിലേക്കു തള്ളിവിട്ടവരല്ലേ അവർ? ഇത്തരം വാർത്തകളിൽ നിന്ന് പുതിയ കാലത്തെ പെൺകുട്ടികൾ വരച്ചെടുക്കുന്ന ദാമ്പത്യചിത്രം ബീഭത്സമായിരിക്കും. വിവാഹജീവിതത്തിൽ സന്തോഷങ്ങളില്ലെന്നും, ഭർത്താവിന്റെ അടിമയും ഇരയുമായി ജീവിക്കാൻ വിധിക്കപ്പെട്ടവരാണ് എല്ലാ ഭാര്യമാരെന്നുമുള്ള അബദ്ധധാരണ, വിവാഹജീവിതത്തെ പേടിപ്പെടുത്തുന്ന ദുഃസ്വപ്നമായി അവരുടെ ബോധത്തിൽ അവശേഷിപ്പിക്കും. വിവാഹസ്വപ്നം കണ്ടുതുടങ്ങുന്ന പ്രായം മുതലേ കേൾക്കുന്ന ഇത്തരം വാർത്തകൾ പെൺകുട്ടികളുടെ ഉള്ളിൽ നെഗറ്റീവ് കാഴ്ചപ്പാടുകളുടെ വിത്തുപാകും. ക്രമേണ വിവാഹജീവിതത്തോട് വിരക്തി തോന്നാൻ വഴിയൊരുക്കും.*

ണ് ഈ ഓട്ടോക്കാരൻ പറഞ്ഞ കാര്യങ്ങൾ എന്നെ അസ്വസ്ഥപ്പെടുത്തിയത്? വിവാഹം കഴിക്കാനും കുടുംബജീവിതം നയിക്കാനും ആഗ്രഹമുണ്ടായിട്ടും ഇണയെ കിട്ടാതെ വിഷമിക്കുന്നവരാണ് ഈ പുരുഷന്മാർ എന്ന അറിവാണ് അതിനു കാരണം. വിവാഹപ്രായം കഴിഞ്ഞ, അവിവാഹിതരായ 35 പുരുഷന്മാർ എന്റെ നാട്ടിൻപുറത്തു ജീവിക്കുന്നത്രേ! വ്യക്തിസ്വാതന്ത്ര്യവാദത്തിന്റെ പേരിൽ വിവാഹം വേണ്ടെന്നുവെച്ചവരല്ല അവരാരും. ഏതെങ്കിലും തരത്തിലുള്ള ലൈംഗികശേഷിക്കുറവോ ആരോഗ്യപ്രശ്നങ്ങളോ അല്ല കാരണം. വിവാഹം കഴിക്കാനും കുടുംബജീവിതം നയിക്കാനും ആഗ്രഹിച്ചിട്ടും, അതു കിട്ടാതെ പോയവരാണ് ഇവരെല്ലാവരും. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു?

### രണ്ടുകഥകളിലെ പൊരുത്തം

ആദ്യത്തെ സംഭവത്തിൽ കാരണങ്ങൾ പലതുണ്ടാവാം. സാമ്പത്തികം, പ്രായം, സൗന്ദര്യം, വിദ്യാഭ്യാസം തുടങ്ങിയവയൊക്കെ അതിൽ ഉണ്ടാവാൻ വഴിയുണ്ട്. രണ്ടാമത്തെ സംഭവത്തിലോ? അത്തരം ഒരു കാരണവുമില്ലെന്നു സത്യം. എന്നിട്ടും അയാൾക്ക് വിവാഹം കഴിക്കാൻ ഒരു പെൺകുട്ടിയെ ലഭിക്കുന്നില്ല. രണ്ടു സംഭവങ്ങളും പറയുന്നത് ഒരേ കാര്യം തന്നെ: കേരളത്തിൽ പ്രത്യേകിച്ച് കത്തോലിക്കാ കുടുംബങ്ങളിൽ ധാരാളം ചെറുപ്പക്കാർക്ക് വിവാഹം കഴിക്കാൻ പെണ്ണുകിട്ടാനില്ല. അതിനൊരു പ്രധാന കാരണമായി പറയുന്നതോ, നമ്മുടെ പെൺകുട്ടികൾ വിവാഹത്തോട് പൊതുവേ പുലർത്തുന്ന വിമുഖതയും നിസംഗതയും.

### കേരളത്തിലെ പെൺകുട്ടികൾ

ഇതും ഒരു യഥാർഥസംഭവമാണ്. എന്റെയൊരു ബന്ധുവിന്റെ മകൾ. 25 വയസ്. ബിഎസ്സി നഴ്സിംഗ് കഴിഞ്ഞ് ഒരു ഗവണ്മെന്റ് മെഡിക്കൽ കോളജിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. പിഎസ്‌സി എഴുതുന്നുണ്ട്; ഒപ്പം വിദേശത്തേക്കു പോകാനുള്ള നീക്കങ്ങളും തകൃതിയായി നടത്തുന്നു. പ്രായമെത്തിനില്ക്കുന്ന

**വിവാഹജീവിതം ആരംഭിച്ച് അധികം വൈകുംമുമ്പേ കൊല്ലപ്പെടുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്യുന്ന യുവതികളെക്കുറിച്ചുള്ള വാർത്തകൾ പുതിയ കാലത്തെ പെൺകുട്ടികളെ ഭയപ്പെടുത്തുന്നുണ്ട്.**



മകളെക്കുറിച്ച് മാതാപിതാക്കൾക്കു നെഞ്ചിൽ തീയാണ്. അവളുടെ സമപ്രായക്കാരെല്ലാം വിവാഹിതരും അമ്മമാരുമായിക്കഴിഞ്ഞു. പക്ഷേ അവൾ മാത്രം... തനിക്കു വിവാഹമേ വേണ്ട എന്നാണ് അവൾ പറയുന്നത്. കാരണം ചോദിച്ചപ്പോൾ അവൾ നല്കിയ വിശദീകരണം ഇങ്ങനെ: കൂടെ ജോലി ചെയ്യുന്ന അവളുടെ സീനിയേഴ്സ് നഴ്സുമാർ ചോദിക്കുന്നു: എന്തിനാണ് വിവാഹം കഴിക്കുന്നത്? വിവാഹം കഴിച്ച് നിന്റെ ഉള്ള സന്തോഷംകൂടി കെടുത്തിക്കളയണോ? ഈ ചോദ്യങ്ങൾ മാത്രമല്ല, വിവാഹജീവിതത്തിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അവർ പങ്കുവെക്കുക കൂടി ചെയ്യുമ്പോൾ അവളുടെ മനസിൽ സംശയങ്ങൾ കാർമേഘക്കൂട്ടുകളായി. വിവാഹജീവിതം സന്തോഷം കെടുത്തിക്കളയുന്ന ഒരു ഏർപ്പാടാണെങ്കിൽ എന്തിന് അതിനു തലവെച്ചു കൊടുക്കണം? വിവാഹം കഴിച്ചവരിൽനിന്ന് അവൾക്കു കിട്ടിയ ഫീഡ്ബായ്ക്കുകൾ, വിവാഹജീവിതമേ വേണ്ട എന്ന തീരുമാനത്തിലേക്ക് അവളെ എത്തിച്ചുകഴിഞ്ഞു.

ഞാനിങ്ങനെ ജീവിച്ചാൽ എന്താ കുഴപ്പം? അവൾ അങ്ങനെ ചോദിക്കുമ്പോൾ, പരമ്പരാഗത കുടുംബമൂല്യങ്ങളിൽ വിശ്വസിക്കുന്ന ആ അമ്മയ്ക്ക് നെഞ്ചിൽ കൈവെച്ചു ദൈവത്തെ വിളിക്കാനേ കഴിയുന്നുള്ളൂ.

'ആകെയൊരു ജീവിതമല്ലേയുള്ളൂ. ആ ജീവിതം എന്തിന് മറ്റൊരാളുടെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കാൻ വിട്ടുകൊടുക്കണം? ശമ്പളമുൾപ്പെടെ എല്ലാം അയാൾക്കു നല്കി, വ്യക്തിപരമായ കാര്യങ്ങൾക്കുപോലും അയാളോടു കൈനീട്ടി പണം വാങ്ങേണ്ട ഗതികേട് സ്വയം സൃഷ്ടിക്കേണ്ട ആവശ്യമെന്താണ്?' ഉയർന്ന ശമ്പളം കൈപ്പറ്റുന്ന അവിവാഹിതയായ ഒരു പെൺകുട്ടി എന്നോടു ചോദിച്ച ചോദ്യമാണിത്. വിവാഹം കഴിക്കാതെയും പുരുഷനെ ആശ്രയിക്കാതെയും സ്വയം സ്വതന്ത്രമായി ജീവിക്കാം എന്ന പൊതുവിചാരം ഇന്ന് നല്ലൊരു പങ്കു പെൺകുട്ടികളെയും നയിക്കുന്നുണ്ട്. ശമ്പളം, സോഷ്യൽ സ്റ്റാറ്റസ്, ജോലി എന്നീ കാര്യങ്ങളിലെല്ലാം പുരുഷന്മാരേക്കാൾ ഉയർന്ന നിലയിലായിരിക്കുന്നു ഇന്നത്തെ പെൺകുട്ടികൾ.

പുരുഷന്റെ ചെലവിൽ ജീവിക്കുന്ന സ്ത്രീകളായിരുന്നു മുമ്പുണ്ടായിരുന്നതെങ്കിൽ ഇന്നു കഥമാറിയിട്ടുണ്ട്. കോവിഡിനെ തുടർന്ന് വിദേശരാജ്യങ്ങളിലേക്കുള്ള നഴ്സുമാരുടെ കുത്തൊഴുക്കും, പഠനത്തിനും ജോലിക്കുമായുള്ള കുടിയേറ്റവും ഇതിനു പിൻബലം നല്കി. ഇന്നു വിദേശത്ത് എത്തിപ്പെട്ടിരിക്കുന്ന ഭൂരിപക്ഷം പുരുഷന്മാരും സ്പൗസ് വിസ, ഡിപ്പന്റന്റ് വിസ തുടങ്ങിയ പേരുകളിൽ എത്തിച്ചേർന്നവരാണ്. അവരുടെ ഭാര്യമാർ ലക്ഷക്കണക്കിന് തുക ശമ്പളം വാങ്ങുന്നവരാണ്. എന്നാൽ അവരുടെയത്ര വരുമാനമോ വിദ്യാഭ്യാസയോഗ്യതയോ ഇല്ലാത്തവരായിരിക്കും ഭർത്താക്കന്മാർ. പലരും കെയർഹോമുകളിൽ ജോലി ചെയ്യുന്നവർ. തങ്ങളുടെ വിദ്യാഭ്യാസത്തിന് ചേർന്ന ജോലിയും അതിനുകിട്ടുന്ന അർഹമായ വേതനവും സ്ത്രീകളെ ആത്മവിശ്വാസമുള്ളവരും സ്വയംപര്യാപ്തരുമാക്കി മാറ്റി. പുരുഷനെ ആശ്രയിച്ചു ജീവിക്കേണ്ട ആവശ്യം തങ്ങൾക്കില്ലെന്ന

**വിവാഹം കഴിക്കാതെ ഒരുമിച്ചു ജീവിക്കാനും, മടുത്തുകഴിയുമ്പോൾ മറ്റൊരാളെ തേടിപ്പോകാനും കഴിയുംവിധത്തിൽ വളരെ ലാഘവത്തോടെ ബന്ധങ്ങളെ സമീപിക്കുന്നവരാണ് പുതുതലമുറയെന്ന് ആക്ഷേപിക്കുന്നവരുണ്ട്.**

സ്ഥിതിവന്നു. എന്നാൽ പുരുഷന്മാരോ, ഭാര്യമാരെ ആശ്രയിച്ചു ജീവിക്കേണ്ട നിലയിലേക്കു താഴ്ന്നു. ഈ സാഹചര്യങ്ങളാവാം, ഭാവിഭർത്താവിനെക്കുറിച്ച് പല സ്ത്രീകളും ഉയർന്ന സങ്കല്പങ്ങളും ഡിമാന്റുകളും നിരത്താൻ കാരണം. ഗൾഫിൽ ജോലിചെയ്യുന്ന പുരുഷന്മാർക്ക് പണ്ടൊക്കെ വിവാഹകമ്പോളത്തിൽ നല്ല ഡിമാന്റുണ്ടായിരുന്നു. ഇന്ന് അതിനൊക്കെ മാറ്റം വന്നുതുടങ്ങി. യൂറോപ്പിലുള്ള പുരുഷന്മാരെയാണ് സ്ത്രീകൾ ഇന്നു കൂടുതൽ തെരഞ്ഞെടുക്കുന്നത്. അത്തരം രാജ്യങ്ങളിൽ കിട്ടുന്ന വ്യക്തിപരമായ സ്വാതന്ത്ര്യവും ഭാവിജീവിതത്തിന്റെ സുരക്ഷിതത്വവുമാവാം കാരണം. അത്തരം വ്യവസ്ഥകൾക്ക് ഇണങ്ങുന്ന പുരുഷന്മാരുടെ എണ്ണം നമ്മുടെ നാട്ടിൽ വളരെ കുറവാണെന്നത് സത്യമാണ്.

മറ്റൊരു സംഭവം. അതും ഒരു ബന്ധുവിന്റെ അനുഭവമാണ്. അവൾക്ക് ഒറ്റ മകനേയുള്ളൂ. ബിഎസ്സി ബിരുദധാരി. ഹിന്ദി ടിടിസിയും പാസായിട്ടുണ്ട്. വയസ് 33. രൂപതാവക സ്കൂളിലെ പ്യൂൺ (താത്കാലികനിയമനം). അവന്റെ വിവാഹം ഇതുവരെ നടന്നിട്ടില്ല.

വേറൊരു സംഭവം. കുടുംബത്തിലെ മൂത്ത ആൺതരി. അവന്റെ കൗമാരപ്രായത്തിൽ അച്ഛൻ മരിച്ചു. കുടുംബം നോക്കാൻ പഠനം അവസാനിപ്പിക്കേണ്ടിവന്നു. പല പണികൾക്കും അവൻ പോയി. അമ്മയും അനിയത്തിയും അടങ്ങുന്ന കുടുംബം പോറ്റണമല്ലോ. അനിയത്തി നഴ്സിംഗ് പഠിച്ചു വിദേശത്തുപോയി. കുടുംബം സാമ്പത്തികമായി മെച്ചപ്പെട്ടു. അവളുടെ വിവാഹം നല്ല രീതിയിലാണ് നടന്നത്. അനിയത്തിയുടെ കുടുംബജീവിതം ഭദ്രമാക്കിയ ചേട്ടൻ പക്ഷേ, ഇപ്പോഴും അവിവാഹിതനായി തുടരുന്നു. പ്ലസ്ടു വരെ പഠിച്ചതിനു ശേഷം മറ്റു പല ജോലികളും ചെയ്ത് കുടുംബം പുലർത്തിയ അവന് പറയത്തക്ക ജോലിയൊന്നും ഇല്ലാത്തതുതന്നെ കാരണം.



പണ്ടുകാലങ്ങളിൽ ഏതെങ്കിലും തല്ലുകേസുകളിലോ അവിഹിതങ്ങളിലോ അകപ്പെട്ട പുരുഷന്മാർക്കു മാത്രമായിരുന്നു വിവാഹം കിട്ടാക്കനിയായിരുന്നത്. പക്ഷേ ഇന്നു സത്സ്വഭാവികളും സുന്ദരന്മാരും വിദ്യാഭ്യാസമുള്ളവരുമായ ചെറുപ്പക്കാർക്കുപോലും പെണ്ണുകിട്ടാതെ വരുന്നു. ഭാവിജീവിതം സംബന്ധിച്ച് ധാരാളം പെൺകുട്ടികൾ നിശ്ചയിച്ചുറപ്പിച്ചിരിക്കുന്ന നയവും തീരുമാനവും ഇക്കാര്യത്തിൽ കുറെയൊക്കെ പ്രതികൂലമാണ് എന്ന കാര്യം മറക്കുന്നില്ല. സാമ്പത്തികസുരക്ഷിതത്വവും ഉയർന്ന ജോലിയും സ്വന്തംകാലിൽ നില്ക്കാനുള്ള ചങ്കൂറ്റം സ്ത്രീക്കു സമ്മാനിച്ചതും, തകർന്ന ദാമ്പത്യങ്ങളെക്കുറിച്ചു ദിവസവും കേൾക്കുന്ന വിവരണങ്ങളും ഇതിന് ഇന്ധനം പകരുന്നു.

## വിവാഹം നടക്കാതെ വന്നാൽ?

കുടുംബം എന്നത് ഒരിക്കലും മനുഷ്യന്റെ കണ്ടുപിടിത്തമല്ല. മനുഷ്യന്റെ ഏകാന്തതയ്ക്ക് ദൈവം കണ്ടെത്തിയ പരിഹാരമാർഗമായി

## ആവിഷ്കാരങ്ങളിലെ വികലമാതൃകകൾ

*കുടുംബജീവിതത്തെ മോശമായി ചിത്രീകരിക്കുകയും, ദാമ്പത്യബന്ധത്തെ വികലമായി അവതരിപ്പിക്കുകയും ചെയ്യുന്നവയാണ് ഇന്നു പുറത്തിറങ്ങുന്ന മിക്ക സിനിമകളും കഥകളും. ലൈംഗികത ഒരു വാഗ്ദാനമേ അല്ല എന്നാണ് നായികമാർപോലും പറയുന്നത്. ഉഭയസമ്മതത്തോടെയുള്ള ലൈംഗികബന്ധം, വിവാഹത്തിലും കുടുംബജീവിതത്തിലും മാത്രം അനുവദനീയമായ ഒരു മാർഗമേയല്ല എന്നാണവരുടെ പക്ഷം. ആരോടും പ്രതിബദ്ധതയില്ലാതെ, ഒരു ഉടമ്പടിയും പാലിക്കപ്പെടാതെ ശരീരത്തിന്റെ ആവശ്യങ്ങൾ മാത്രം പൂരിപ്പിച്ചുകൊടുക്കുന്ന ഒന്നായി സ്ത്രീപുരുഷബന്ധങ്ങൾ മാറിയിരിക്കുന്നു. ഇതും, വിവാഹജീവിതം എന്ന പരമ്പരാഗതജീവിതവ്യവസ്ഥയെ നിഷേധിക്കാൻ കാരണമായിട്ടുണ്ട്. മലയാളത്തിലിറങ്ങുന്ന ഭൂരിപക്ഷം സിനിമകളും സാഹിത്യവും, അനിയന്ത്രിതമായ വ്യക്തിസ്വാതന്ത്ര്യവാദം മുഴക്കുന്നുണ്ട്. പുതിയകാലത്തെ കുട്ടികൾക്ക് അതൊരു പുതിയ ചിന്തയും ബോധ്യവും നല്കുന്നു. വിവാഹം കഴിക്കാതെ ഒരുമിച്ചു ജീവിക്കാനും, മടുത്തുകഴിയുമ്പോൾ മറ്റൊരാളെ തേടിപ്പോകാനും കഴിയുംവിധത്തിൽ വളരെ ലാഘവത്തോടെ ബന്ധങ്ങളെ സമീപിക്കാൻ പുതുതലമുറയ്ക്ക് മനഃശ്ചാഞ്ചല്യം തെല്ലുമില്ലെന്നാണ് പറയപ്പെടുന്നത്.*

രുന്നു കുടുംബം. സ്ത്രീയും പുരുഷനും തമ്മിലുള്ള കൂടിച്ചേരലിലൂടെ സംഭവിച്ചതാണ് കുടുംബരൂപീകരണം. കുടുംബം എന്ന വ്യവസ്ഥയിലൂടെയാണ് മനുഷ്യവംശം നിലനിന്നുപോരേണ്ടത് എന്ന കാഴ്ചപ്പാടായിരുന്നു ദൈവത്തിനുണ്ടായിരുന്നത്. കൃത്യമായതും ഉറപ്പുള്ളതുമായ ഒരു അടിത്തറയും പശ്ചാത്തലവും ഉള്ളപ്പോൾ മാത്രമേ ആത്മാഭിമാനത്തോടെ ഒരു കുഞ്ഞിന് ഈ സമൂഹത്തിൽ ജീവിക്കാനും പെരുമാറാനും സാധിക്കൂ. അതിനാണ് കുടുംബം. കുടുംബം എന്ന വ്യവസ്ഥയെ സ്ത്രീയോ പുരുഷനോ അറിഞ്ഞുകൊണ്ട് എതിർക്കുകയോ വേണ്ടെന്നു വെക്കുകയോ ചെയ്യുമ്പോൾ അവിടെ സ്രഷ്ടാവിന്റെ പദ്ധതികളാണ് തകിടം മറിയുന്നത്.

കുടുംബങ്ങളുണ്ടാകണമെങ്കിൽ വിവാഹം അനിവാര്യമാണ്. ആണും പെണ്ണും ഒന്നുചേർന്ന് സമൂഹത്തിൽ പരമ്പരാഗതരീതിയിൽ ഒന്നിച്ചുജീവിക്കാൻ തയാറാവുകയും, അവിടെയുണ്ടാകുന്ന എല്ലാ സങ്കടങ്ങളും പ്രതിസന്ധികളും ഉത്തരവാദിത്വങ്ങളും തോളോടുതോൾ ചേർന്ന് ഏറ്റെടുക്കുകയും വേണം. കുടുംബജീവിതത്തിന്റെ വിജയവും സന്തോഷവും ഒരാൾ മാത്രം വിചാരിച്ചാൽ സാധ്യമാവുന്ന കാര്യമല്ല. അതു മനസിലാക്കിയാൽതന്നെ പാതി കടമ്പ വിജയിച്ചു. അതിരുകടന്ന വ്യക്തിസ്വാതന്ത്ര്യവാദവും താൻപോരിമയും വെടിയാൻ തയാറായാലേ പൂർണവിജയം ലഭിക്കൂ. ഇണയായും തുണയായും ദൈവം കൂട്ടിയോജിപ്പിക്കാൻ ആഗ്രഹിക്കുന്നവരെ, ലൗകികമാനദണ്ഡങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ ഒഴിവാക്കാതിരിക്കാനുള്ള സത്ബുദ്ധി എല്ലാവർക്കും ദൈവം നല്കട്ടെ. ○




**ഇന്നു വിദേശത്ത് എത്തിപ്പെട്ടിരിക്കുന്ന ഭൂരിപക്ഷം പുരുഷന്മാരും സ്പൗസ് വിസ, ഡിപ്പന്റന്റ് വിസ തുടങ്ങിയ പേരുകളിൽ എത്തിച്ചേർന്നവരാണ്.**

ഫാ. ജോർജ് വല്ലയിൽ

# മറിയത്തിന്റെ പിറവിതിരുനാളും എട്ടുനോമ്പും

**ഒമ്പതാംനൂറ്റാണ്ടിലെ മുഹമ്മദീയ ആക്രമണത്തിൽ കൊടുങ്ങല്ലൂർ പട്ടണം മുഴുവൻ നശിച്ചപ്പോൾ, തങ്ങളുടെ പെൺമക്കളുടെ ചാരിത്ര്യം സംരക്ഷിക്കുന്നതിന് നസ്രാണികൾ ആചരിച്ചു തുടങ്ങിയതാണ് എട്ടുനോമ്പ്.**



ഈശോയുടെ തിരുപ്പിറവിയെ പിഞ്ചെന്ന് മറിയത്തിന്റെ പിറവിതിരുനാളും, ഈശോയുടെ ഉയിർപ്പിനെയും സ്വർഗാരോഹണത്തെയും അനുകരിച്ച് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണതിരുനാളും സഭയിൽ രൂപം കൊണ്ട മരിയൻ തിരുനാളുകളാണ്. പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിനും ശൂനായ തിരുനാളിനും മാർതോമാ നസ്രാണികൾ എത്രമാത്രം പ്രാധാന്യം നല്കിയിരുന്നു എന്നതിനു തെളിവാണ് അവയ്ക്ക് ഒരുക്കമായുള്ള എട്ടുനോമ്പും പതിനഞ്ചു നോമ്പും.

മൂന്ന് ജനനതിരുനാളുകൾ മാത്രമാണ് സഭയിൽ ആഘോഷിക്കുന്നത്: മിശിഹായുടെ പിറവിതിരുനാളും, അവന്റെ മാതാവായ മറിയത്തിന്റെയും മുന്നോടിയായ യോഹന്നാൻ മാംദാനയുടെയും ജനന തിരുനാളുകളും.

'മർത്തമറിയത്തുമ്മാ പെറന്ന ദിവസം' എന്ന് ഉദയംപേരൂർ സൂനഹദോസും, 'മറിയത്തിന്റെ ജനനിപ്പുപെരുനാൾ' എന്നു സീറോ മലങ്കര പാരമ്പര്യവും, 'മറിയത്തിന്റെ ജനന തിരുനാൾ' എന്നു പൊതുവിലും മാതാവിന്റെ ഈ തിരുനാൾ അറിയപ്പെടുന്നു.

വി. യാക്കോബിന്റെ പ്രോട്ടോ എവാൻഗേലിയും (AD 150) എന്ന രചനയിലെ വിവരണമനുസരിച്ച് യോവാക്കിമും അന്നയുമാണ് മറിയത്തിന്റെ മാതാപിതാക്കൾ. അവരുടെ ദീർഘനാളായുള്ള തപസിന്റെയും പ്രാർഥനയുടെയും ഫലമായാണ് മറിയം

പിറന്നത്. വി. അന്നയുടെ നാമത്തിൽ അഞ്ചാംനൂറ്റാണ്ടിൽ ഓറശ്ലേമിൽ പണികഴിപ്പിച്ച പള്ളിയുടെ പ്രതിഷ്ഠ സെപ്റ്റംബർ എട്ടാംതീയതിയായിരുന്നു. ഇതിനെ പിന്തുടർന്ന്, മറിയത്തിന്റെ ജനനം സെപ്റ്റംബർ എട്ടിന് ഓറശ്ലേമിലും സമീപ സഭകളിലും ആഘോഷിക്കാൻ തുടങ്ങി. അന്ത്യോക്യൻ-സിറിയൻ വംശജനായ സെർജിയുസ് ഒന്നാമൻ മാർപാപ്പാ (Sept. 8, 701) ഈ തിരുനാൾ റോമിലും നടപ്പാക്കിയതോടെ കിഴക്കും പടിഞ്ഞാറുമുള്ള സഭകളിൽ മറിയത്തിന്റെ ജനനം സെപ്റ്റംബർ എട്ടിന് എന്ന കാര്യം ഉറപ്പിക്കപ്പെട്ടു.

**എട്ടുനോമ്പ്**

മ്ശിഹായുടെ മാതാവായ മർത്ത് മറിയത്തിന്റെ പിറവിതിരുനാളിനു മുമ്പ് സെപ്റ്റംബർ ഒന്നു മുതൽ ഏഴു വരെയുള്ള ദിവസങ്ങളിൽ ആചരിക്കുന്ന നോമ്പാണ് എട്ടുനോമ്പ്. ഈ നോമ്പ് 'സ്ത്രീകളുടെ/കന്യകകളുടെ ഉപവാസം' എന്നാണ് പണ്ടുമുതലേ അറിയപ്പെടുന്നത്. മാർതോമാ നസ്രാണികളുടെ ഇടയിൽ മാത്രമുള്ള നോമ്പാചരണമാണിത്. ഒമ്പതാംനൂറ്റാണ്ടിലെ മുഹമ്മദീയ ആക്രമണത്തിൽ കൊടുങ്ങല്ലൂർ പട്ടണം മുഴുവൻ നശിച്ചപ്പോൾ, തങ്ങളുടെ പെൺമക്കളുടെ ചാരിത്ര്യം കാത്തുസൂക്ഷിക്കുന്നതിന് നസ്രാണികൾ ആചരിച്ചു തുടങ്ങിയതാണ് എട്ടുനോമ്പ്.

ലത്തീൻ കോളനീകരണകാലത്ത് പലതവണ ഈ നോമ്പ് നിർത്തലാക്കാൻ ശ്രമമുണ്ടായി. കുറവിലങ്ങാട് പള്ളി, കാഞ്ഞിരപ്പള്ളി അക്കരെപള്ളി, മണർകാട് പള്ളി, നാഗപ്പുഴ പള്ളി തുടങ്ങിയ സ്ഥലങ്ങളിലെ എട്ടുനോമ്പാചരണവും തിരുനാളും സുപ്രസിദ്ധമാണ്.

ഈ നോമ്പുദിവസങ്ങളിൽ നസ്രാണികളുടെ എല്ലാ പള്ളികളിലും മൂന്നു നേരത്തെ ആഘോഷമായ യാമനമസ്കാരങ്ങൾ നടത്തിയിരുന്നതായും, രാവിലെയും വൈകുന്നേരവും അർധരാത്രിയിലും വിശ്വാസികൾ ഇതിൽ പങ്കെടുത്തിരുന്നതായും പോർച്ചുഗീസുകാർ സാക്ഷ്യപ്പെടുത്തുന്നു. നോമ്പുദിവസങ്ങളിൽ മുഴുവൻ നേരവും പ്രാർഥനയിൽ മുഴുകി വിശ്വാസികൾ പള്ളിക്കുള്ളിലാണ് കഴിഞ്ഞിരുന്നത്. വൈകുന്നേരത്തെ നമസ്കാരത്തിനു ശേഷം മാത്രമേ ഭക്ഷണം കഴിച്ചിരുന്നുള്ളൂ.



**വിപത്സന്ധികളിൽ പരിശുദ്ധ മറിയത്തിന്റെ മുമ്പിൽ ഭജനയിരുന്നു പ്രാർഥിക്കുന്ന പതിവ് മലങ്കരനസ്രാണികൾ ഇന്നും തുടർന്നുവരുന്ന ശ്രേഷ്ഠമായ പാരമ്പര്യമാണ്.**

ഉയിർപ്പുതിരുനാളിനും പിറവിതിരുനാളിനും നോമ്പെടുത്ത് ഒരുങ്ങുന്നതുപോലെ, മറിയത്തിന്റെ ജനനതിനാളിനുള്ള ആത്മീയ ഒരുക്കമായ എട്ടുനോമ്പ് സുറിയാനി സഭകളുടെ സവിശേഷമായ പാരമ്പര്യമാണ്. പാശ്ചാത്യ സുറിയാനി ഗ്രന്ഥകാരനായ ബാർ ഹെബ്രായയുടെ (+1286) വിവരണമനുസരിച്ച്, ഒരു ചരിത്രസംഭവമാണ് എട്ടുനോമ്പിന് അടിസ്ഥാനം. ഏഴാംനൂറ്റാണ്ടിൽ മെസപ്പൊട്ടോമിയയിലെ ബസ്രയ്ക്കു സമീപമുണ്ടായിരുന്ന ഹീര എന്ന പട്ടണം പ്രധാനമായും ഒരു ക്രിസ്ത്യൻ നഗരമായിരുന്നു. ബാഗ്ദാദിലെ ഖലീഫ ഈ പട്ടണം പിടിച്ചടക്കി. മതഭ്രാന്തനായ ഒരു മുസ്ലീം ഗവർണറെ അദേഹം അവിടെ നിയമിച്ചു. ഖലീഫയുടെ എല്ലാ നിർദേശങ്ങളും ഗവർണർ തീക്ഷ്ണതയോടെ നടപ്പാക്കി. ക്രൂരനെന്നു പൊതുവേ അറിയപ്പെട്ടിരുന്ന ഖലീഫ, ഹീരയിലെ സ്ത്രീകളുടെ സൗന്ദര്യത്തിലും ആകാരത്തിലും അനുരക്തനാകാൻ അധികം ദിവസങ്ങൾ വേണ്ടിവന്നില്ല. മൂന്നു ദിവസത്തിനുള്ളിൽ അവിടെയെത്തിച്ചേരാനായിരുന്നു അദേഹത്തിന്റെ തീരുമാനം.

**എട്ടുനോമ്പിന്റെ ദിവസങ്ങളിൽ നസ്രാണികൾ മൂന്നു നേരത്തെ യാമനമസ്കാരങ്ങൾ നടത്തിയിരുന്നെന്നും, രാവിലെയും വൈകുന്നേരവും അർധ രാത്രിയിലും അവർ ഇതിൽ പങ്കെടുത്തിരുന്നെന്നും പോർച്ചുഗീസുകാർ സാക്ഷ്യപ്പെടുത്തുന്നു.**

ഹീരയിലെ സ്ത്രീകളുടെ ചാരിത്ര്യശുദ്ധിയും ജീവനും തികച്ചും അപകടത്തിലായ ഒരവസ്ഥ. അവർ പെട്ടെന്ന് ബസ്രയിലെ മർത്ത് മറിയം പള്ളിയിൽ അഭയം തേടി. അവിടെയുണ്ടായിരുന്ന വൈദികൻ മാതാവിന്റെ മാധ്യസ്ഥ്യം പ്രാർഥിച്ച് മൂന്നു ദിവസത്തെ വിട്ടുവീഴ്ചയില്ലാത്ത നോമ്പ് പ്രഖ്യാപിച്ചു. മൂന്നാം ദിവസം വിശുദ്ധ കുർബാനയുടെ അർപ്പണവേളയിൽ മുകളിൽനിന്ന് ഒരു സ്വർണവർണപ്രകാശം പെയ്തിറങ്ങി. പെട്ടെന്ന് അതു പള്ളിയെ മുഴുവൻ വലയംചെയ്തു പ്രകാശിപ്പിച്ചു. ബലിയർപ്പിച്ച പുരോഹിതന് മാതാവിന്റെ ദർശനം ഉണ്ടായെന്നും, കന്യകാമറിയം ഇങ്ങനെ പറയുന്നത് അദേഹം കേട്ടെന്നും പറയപ്പെടുന്നു: 'ഭയപ്പെടേണ്ട; നിങ്ങൾക്ക് സമാധാനം. സന്തോഷിക്കൂ. ഖലീഫ ഇന്നില്ല. കഷ്ടതകൾ അവസാനിച്ചു.' പുരോഹിതൻ പിന്നീട് വിശ്വാസികൾക്കു നേരെ തിരിഞ്ഞ് സന്ദേശം കൈമാറുമ്പോൾ, അദേഹത്തിന്റെ മുഖത്തിനു ചുറ്റും ഒരു പ്രഭാവലയം. അതു കണ്ട സഭ മുഴുവനും ഉച്ചത്തിൽ കർത്താവിനെ സ്തുതിച്ച്, മറിയത്തിന്റെ മാധ്യസ്ഥ്യത്തിനു നന്ദി പറഞ്ഞു.

തുടർന്ന് അവിടെ കൂടിയ സ്ത്രീകൾ എട്ടുദിവസം നീളുന്ന (ഈ സംഭവത്തിന്റെ ഓർമയ്ക്കായി സെപ്റ്റംബർ ഒന്നു മുതൽ എട്ടു വരെ) ഒരു നോമ്പ് ആചരിക്കാൻ തീരുമാനിച്ചു. തങ്ങളുടെ ശുദ്ധിയും അന്തസും സംരക്ഷിക്കാൻ പരിശുദ്ധ കന്യകാമറിയം സഹായിച്ചെന്ന വിശ്വാസമായിരുന്നു അതിനടിസ്ഥാനം. 'കന്യകകളുടെ നോമ്പ്,' 'സ്ത്രീകളുടെ നോമ്പ്' എന്നെല്ലാം ഇതറിയപ്പെടുന്നു. എട്ടാംനൂറ്റാണ്ടിൽ ഇറാഖിൽനിന്നും കുടിയേറിവന്ന സംഘത്തിൽനിന്നാവാം ഭാരതത്തിലെ നസ്രാണികൾക്ക് ഇതേക്കുറിച്ച് അറിവു ലഭിച്ചതെന്നു കരുതപ്പെടുന്നു.

ഈ നോമ്പിന് ഒരു മലങ്കര ചരിത്രവുമുണ്ട്. ഒമ്പതാംനൂറ്റാണ്ടിൽ കൊടുങ്ങല്ലൂരിൽ മുഹമ്മദീയരും യഹൂദരും തമ്മിൽ സംഘർഷം ഉണ്ടായപ്പോൾ ക്രൈസ്തവർ യഹൂദപക്ഷംചേർന്നു എന്നു സംശയിച്ച് അവർക്കെതിരെയും ആക്രമണമുണ്ടായി. ആ സമയം തങ്ങളുടെ ചാരിത്ര്യസംരക്ഷണത്തിനായി ഇവിടത്തെ സ്ത്രീജനങ്ങൾ അടുത്തുള്ള മാതാവിന്റെ പള്ളിയിൽ ഭജനയിരുന്നു പ്രാർഥിച്ചു. അതിൽനിന്നാവാം കേരളത്തിലെ എട്ടുനോമ്പാചരണത്തിന്റെ തുടക്കം എന്നു സഭാചരിത്രപണ്ഡിതനായ ഫാ. പ്ലാസിഡ് പൊടിപാറ സൂചിപ്പിക്കുന്നു. വാമൊഴിവഴക്കങ്ങളുടെ അടിസ്ഥാനത്തിലാണ് അദേഹം ഈ നിഗമനത്തിലെത്തുന്നത്. തുടർന്ന് മാതാവിന്റെ തിരുനാളിനൊരുക്കമായി സ്ത്രീജനങ്ങൾ പള്ളികളിൽ ഭജനയിരിക്കയും, ഉദ്ദിഷ്ടകാര്യസാധ്യത്തിന് പ്രാർഥിക്കയും ചെയ്യുന്ന പതിവ് ആരംഭിച്ചു.

1789-90കളിൽ ടിപ്പുസുൽത്താന്റെ ആക്രമണത്തിൽ അങ്കമാലി, അമ്പഴക്കാട് സെമിനാരികളും, ഇരുപത്തിമൂന്നോളം സുറിയാനിപള്ളികളും തകർക്കപ്പെടുകയുണ്ടായി. അങ്കമാലി സെമിനാരിയിൽനിന്നും വിലപ്പെട്ട സുറിയാനി കൈയെഴുത്തുപ്രതികളും രേഖകളുമായി രക്ഷപ്പെട്ട വൈദികർ സഞ്ചരിച്ച വള്ളം മുങ്ങി. സുറിയാനി ചരിത്രരേഖകളുടെ അപരിഹാര്യമായ നഷ്ടമാണ് ആ അപകടം വരുത്തിവെച്ചത്. ഗുരുവായൂർ ക്ഷേത്രവും പാലയൂർ, കോട്ടക്കാവ്, കാഞ്ഞൂർ, ഒല്ലൂർ, ആലങ്ങാട് പള്ളികളും, മാർ സാബോറിന്റെയും പ്രോത്തിന്റെയും നാമത്തിലുള്ള അകപ്പറമ്പ് പ


**പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം**
(60 വയസിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)
കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ
സെപ്റ്റംബർ 8,9,10,11
ഒക്ടോബർ 19,20,21,22
മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക
ഫോൺ - 8086399023, 9495107045

ള്ളിയും അക്രമികൾ തീയിട്ടു നശിപ്പിച്ചു. കുന്നംകുളം ആർത്താറ്റ് പള്ളിയുടെ മദ്ബഹയിൽ അഭയംതേടിയ ഒരു വൈദികനെ, അവിടെ അതിക്രമിച്ചു കയറിയ അക്രമി വെട്ടി കൊലപ്പെടുത്തി. കൂടാതെ അനേകം യുവജനങ്ങളെ തൂക്കിലിടുകയും ചെയ്തു. ആലങ്ങാട് താമസിച്ചുവന്ന ഗോവർണദോർ പാറേമ്മാക്കൽ തോമ്മാകത്തനാർ വടയാറ്റിലേക്കും, പിന്നീട് രാമപുരത്തേക്കും താമസം മാറ്റി. ഈ ആക്രമണത്തിൽ പതിനായിരത്തോളം സുറിയാനി ക്രിസ്ത്യാനികൾക്ക് ജീവൻ നഷ്ടപ്പെട്ടെന്നാണ് കണക്കാക്കപ്പെടുന്നത്. മംഗലാപുരത്തുനിന്നും ശ്രീരംഗപട്ടണത്തിലേക്കു പിടിച്ചു കൊണ്ടുപോയ എൺപതിനായിരത്തോളം ക്രിസ്ത്യാനികളിൽ പതിനയ്യായിരം പേർ മാത്രമേ അവശേഷിച്ചുള്ളൂ! പെരിയാർ കരകവിഞ്ഞൊഴുകിയതും, പള്ളിപ്പുറം പള്ളിയിലെ മഞ്ഞുമാതാവിന്റെ മാധ്യസ്ഥ്യത്താൽ മൂടൽമഞ്ഞ് പരന്നതും, മടങ്ങിപ്പോകാൻ ടിപ്പുവിനെ നിർബന്ധിതനാക്കി എന്ന് അനേകർ ഇന്നും വിശ്വസിക്കുന്നു. വിപത്സന്ധികളിൽ പരിശുദ്ധ മറിയത്തിന്റെ മുമ്പിൽ ഭജനയിരുന്നു പ്രാർഥിക്കുന്ന പതിവ് മലങ്കരനസ്രാണികൾ ഇന്നും തുടർന്നുവരുന്നു.

'ഇത് മൂഢമായ ഒരു വ്രതാനുഷ്ഠാനമാണെന്നും, പലനാൾ പള്ളികളിൽ ഇരിക്കുന്നത് തിരുത്തപ്പെടേണ്ട'താണെന്നും പാശ്ചാത്യമിഷനറിമാരിൽ ചിലർ ഇതിനിടെ ആവശ്യപ്പെടുന്നുണ്ട്. 1770ൽ ഇൽഡഫോൺസ്, 1778ൽ ലോറൻസ് യുസ്തിയാനി എന്നിവർ ഈ നോമ്പാചരണം നിർത്തലാക്കാൻ റോമിലേക്കു കത്തെഴുതി ആവശ്യപ്പെടുന്നുണ്ട്. 1862 സെപ്റ്റംബർ 12ന് വരാപ്പുഴവെച്ചു നടന്ന മിഷനറിയോഗവും ഇതു നിരോധിക്കയുണ്ടായി. വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന ബെർണർദിൻ ബാച്ചിനെല്ലി (+1868) പതിനഞ്ചുനോമ്പിനൊപ്പം എട്ടുനോമ്പും നിരോധിച്ചു. പക്ഷേ ഇത്തരം നിരോധനങ്ങളൊന്നും ഫലമണിഞ്ഞില്ലെന്നു മാത്രമല്ല, നസ്രാണികളുടെ നോമ്പാചരണം കൂടുതൽ ശക്തിപ്പെട്ടതേയുള്ളൂ. ഇന്നും ഈ മഹത്തായ പാരമ്പര്യം അഭംഗുരം തുടരുന്നു എന്നത് മാർതോമ്മാ നസ്രാണികൾക്ക് അഭിമാനം പകരുന്നു.



**1789-90കളിൽ ടിപ്പുസുൽത്താന്റെ ആക്രമണത്തിൽ അങ്കമാലി, അമ്പഴക്കാട് സെമിനാരികളും, ഇരുപത്തിമൂന്നോളം സുറിയാനിപള്ളികളും തകർക്കപ്പെടുകയുണ്ടായി.**

വിശുദ്ധിയും ചാരിത്ര്യസംരക്ഷണവും പഴഞ്ചനെന്നു മുദ്രകുത്തി അവഗണിക്കുന്ന ഇക്കാലത്ത്, ചാരിത്ര്യശുദ്ധി അഭംഗം പാലിക്കാൻ പള്ളിയിലെത്തി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യത്തിൽ അഭയം തേടിയ പൂർവികരുടെ മാതൃക ഉജ്ജ്വലമാണ്. നിരന്തര പ്രാർഥനയിലും ഉപവാസത്തിലും തപശ്ചര്യകളിലും ദിനരാത്രങ്ങൾ ചെലവഴിച്ച അവരുടെ വ്രതജീവിതം നമ്മുടെ വഴികളിൽ പ്രകാശം ചൊരിയുന്നു. ഈ നോമ്പാചരണം പരിശുദ്ധ അമ്മയുടെ ജീവിതവഴികളിലൂടെയുള്ള ആത്മീയ തീർഥാടനമാണ്. ജീവിതാന്ത്യത്തോളം കന്യകയായി ജീവിക്കാനുറച്ച് ഓറശ്ലേം പള്ളിയിൽ ജീവിതം മുഴുവൻ സമർപ്പിച്ച മറിയത്തിന്റെ ജീവിതത്തോടൊപ്പമുള്ള യാത്ര. പരമപരിശുദ്ധനായ ദൈവത്തോട് ചേർന്നു ജീവിച്ചാൽ പരിശുദ്ധി പാലിക്കാൻ സാധിക്കും എന്നതാണ് പരിശുദ്ധ കന്യകാമറിയം പ്രബോധിപ്പിക്കുന്ന മഹിത ജീവിതപ്രമാണം. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും വിശുദ്ധി സംരക്ഷിക്കാൻ ആ അമ്മ നമുക്കു നിത്യവും മധ്യസ്ഥയായിരിക്കട്ടെ. ○


പ്രിൻസ് തെക്കേപ്പുറം CSsR

# കല്ലറയിൽനിന്നു മുഴങ്ങിയ സുവിശേഷം

**റോമൻ മതിലുകൾക്കു പുറത്തുള്ള ചരിത്രപ്രസിദ്ധമായ സെന്റ് പോൾസ് ബസിലിക്ക ഇറ്റാലിയൻ ചിത്രകലയുടെ മനോഹരമായ ദൃശ്യഭംഗിക്കു മകുടം ചാർത്തുന്നു.**

നിങ്ങൾ എല്ലാ മാർപാപ്പാമാരുടെയും മുഖങ്ങൾ കണ്ടിട്ടുണ്ടോ? ലെയോ മാർപാപ്പാ പത്രോസിന്റെ പിൻഗാമി ആണെന്നതിനു തെളിവെന്താണ്? റോമൻ മതിലുകൾക്കു പുറത്തുള്ള ചരിത്രപ്രസിദ്ധമായ സെന്റ് പോൾസ് ബസിലിക്ക ഈ ചോദ്യങ്ങൾക്കുത്തരം നല്കും. മനോഹരമായ ഈ ദേവാലയത്തിനുള്ളിലേക്കു കടക്കുന്ന തീർഥാടകരുടെ കണ്ണുകൾ ആദ്യം പതിയുന്നത് ഹൈക്കലയിലെ വലിയ കൊറിന്ത്യൻ തൂണുകളിലാണ്. പത്രോസ് ശ്ലീഹാ മുതൽ ഈ വർഷം കാലംചെയ്ത ഫ്രാൻസിസ് മാർപാപ്പാ വരെയുള്ള പരമാധ്യക്ഷന്മാരുടെ മുഖങ്ങൾ ആ തൂണുകൾക്കു മുകളിൽ നയനമനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. അവയ്ക്കു മുന്നിലൂടെയുള്ള സഞ്ചാരം ചരിത്രത്താളുകളിലേക്കു മാത്രമല്ല, ഇറ്റാലിയൻ ചിത്രകലയുടെ മനോഹരമായ ദൃശ്യഭംഗിയിലേക്കു കൂടിയാണ് നമ്മെ കൊണ്ടുപോകുന്നത്.

മാർപാപ്പായുടെ നേരിട്ടുള്ള അധികാരത്തിൻ കീഴിൽ വരുന്ന റോമിലെ നാലു ബസിലിക്കകളിൽ ഒന്നാണ് പൗലോസ് ശ്ലീഹായുടെ നാമധേയത്തിലുള്ള ഈ ദേവാല




പൗലോസ് ശ്ലീഹായുടെ കബറിടത്തിലുള്ള പുരാതന മാർബിൾപാളിയിൽ, 'അപ്പസ്തോലനും രക്തസാക്ഷിയുമായ പൗലോസ്' എന്നു മുദ്രണം ചെയ്തിരിക്കുന്നു.



യം. റോമിൽ സുവിശേഷം അറിയിക്കുകയും പിന്നീട് ഈ നിത്യനഗരത്തിൽ വെച്ചുതന്നെ ശിരച്ഛേദം ചെയ്യപ്പെടുകയും ചെയ്ത വി. പൗലോസിനെ ഇവിടെ പ്രത്യേകം ഓർക്കുന്നു. കത്തോലിക്കാസഭ ശൈശവദശയിൽ കടന്നുപോയ പീഡാനുഭവങ്ങളുടെ സ്മാരകമെന്നു വിളിക്കാവുന്ന തരത്തിലാണ് ഈ ദേവാലയത്തിന്റെ പുനർനിർമാണം. പ്രധാന അൾത്താരയുടെ താഴെയായി പൗലോസ് ശ്ലീഹായുടെ കബറിടം കാണാം. അവിടെയുള്ള പുരാതന മാർബിൾപാളിയിൽ, 'അപ്പസ്തോലനും രക്തസാക്ഷിയുമായ പൗലോസ്' എന്നു മുദ്രണം ചെയ്തിരിക്കുന്നു. ഈ ലിഖിതംതന്നെ കബറിടത്തിന്റെ ഉള്ളടക്കം വെളിപ്പെടുത്തുന്നുണ്ട്.

ശാസ്ത്രീയപഠനങ്ങൾ, പ്രത്യേകിച്ച് 2002 മുതൽ 2006 വരെ ഇവിടെ നടത്തിയ ഭൂഗർഭപഠനങ്ങൾ, ഈ ഫലകത്തിന് നാലാം നൂറ്റാണ്ടുവരെ പഴക്കമുണ്ടെന്ന സത്യം വെളിപ്പെടുത്തുന്നു. കോൺസ്റ്റന്റൈൻ ചക്രവർത്തി മതമർദനം അവസാനിപ്പിച്ചതോടെയാണ്, അന്നുവരെ രഹസ്യമായി വണങ്ങിയിരുന്ന വിശുദ്ധ സ്ഥലങ്ങൾ പൂർവാധികം ഉണർവോടെ പരസ്യവണക്കത്തിനു പ്രതിഷ്ഠിതമായത്. അതിനുള്ള മികച്ച ഉദാഹരണങ്ങളിൽ ഒന്നായിരിക്കണം ഈ മാർബിൾപാളിയും. മാർബിൾപാളിക്കൊപ്പം ലഭിച്ച തിരുശേഷിപ്പുകൾ ആദിമനൂറ്റാണ്ടിൽ മൃതദേഹസംസ്കാര ശുശ്രൂഷയിൽ ഉപയോഗിച്ചിരുന്ന വസ്തുക്കൾ തന്നെയാണെന്നത്രേ വിദഗ്ധാഭിപ്രായം. കൂടാതെ, കിഴക്കേ ദിക്കിലേക്കാണ് ഈ കബറിടത്തിന്റെയും ദർശനം. ഉത്ഥിതന്റെ പുനരാഗമനം പ്രതീക്ഷിച്ച് ആദിമക്രൈസ്തവർ കബറുകൾ ഒരുക്കിയിരുന്നത് ഇങ്ങനെയായിരുന്നല്ലോ. പൗലോസ് ശ്ലീഹായെ ബന്ധിച്ചിരുന്നതെന്നു വിശ്വസിക്കപ്പെടുന്ന ഒരു ചങ്ങല കബറിടത്തിനു മുന്നിൽ കാണാം. ഒന്നാംനൂറ്റാണ്ടോളം പഴക്കമുണ്ടതിന്. ആദിമക്രൈസ്തവർ സംപൂജ്യമായി കരുതിയിരുന്ന ഒരു കല്ലറയാണിതെന്ന വിശ്വാസം രൂഢമൂലമാക്കാൻ ഈ തെളിവുകൾ തന്നെ ധാരാളം.

കല്ലറയ്ക്കു മുകളിലായി പ്രധാന അൾത്താരയ്ക്കു ചുറ്റും കൂടാരം തീർത്ത് നാല് വളർകോണുകൾ ഉയർന്നു നില്പുണ്ട്. 14-ാം നൂറ്റാണ്ടിലെ അനുഗൃഹീത ശില്പി അർനോൾഫോ ഡി കാമ്പിയോയുടെ ഒരു മാസ്റ്റർപീസാണ് ഈ കൂടാരം. ദൈവവും മനുഷ്യനും സന്ധിക്കുന്ന സമാഗമകൂടാരത്തിന്റെ ഓർമപ്പെടുത്തലെന്നോണം ഇതു സംവിധാനം ചെയ്തിരിക്കുന്നു. അൾത്താരയ്ക്കു പിന്നിലുള്ള മാർപാപ്പായുടെ സിംഹാസനത്തിനു മുകളിലായി ക്രിസ്തുരാജന്റെ മനോഹരമായ ചിത്രീകരണം കാണാം. ഒരു കയ്യിൽ വിശുദ്ധ ലിഖിതം; മറുകൈ ആശീർവാദമുദ്രയോടെ ഉയർന്നുനില്ക്കുന്നു. സ്വർഗീയമഴവില്ലിന്റെ അകമ്പടിയോടെയാണ് ക്രിസ്തുരാജനെ ചിത്രീകരിച്ചിരിക്കുന്നത്. ഇതിന്റെ നിർമാ




ണം ആരംഭിച്ചത് 1220ൽ ഹൊണോറിയസ് മൂന്നാമൻ മാർപാപ്പായുടെ കാലത്താണ്. പൂർത്തിയാക്കിയതോ, 1240ൽ ഗ്രിഗറി ഒൻപതാമൻ മാർപാപ്പായുടെ കാലത്തും. ഈശോയുടെ ഇരുവശത്തുമായി പത്രോസ്, പൗലോസ് ശ്ലീഹന്മാരെയും, അവരുടെ സന്തതസഹചാരികളായിരുന്ന അന്ത്രയോസ്, ലൂക്കാ എന്നിവരെയും ചിത്രീകരിച്ചിട്ടുണ്ട്.

ഹൈക്കലയെയും മദ്ബഹായെയും തമ്മിൽ ബന്ധിപ്പിക്കുന്ന വലിയ കമാനം, അഞ്ചാംനൂറ്റാണ്ടിൽ മഹാനായ ലെയോ ഒന്നാമൻ മാർപാപ്പായുടെ കാലത്തു സജ്ജീകരിച്ചു. ആദിമസഭയുടെ മഹത്തായ ക്രിസ്തുവിജ്ഞാനീയം പ്രകടമാകുന്ന ചിത്രീകരണമാണിത്. മലമുകളിൽ ഉയർന്നു നില്ക്കുന്ന കുഞ്ഞാട്; ഇരുവശങ്ങളിൽ നിന്നും ഒഴുകിയിറങ്ങുന്ന സ്വർഗീയകൃപയുടെ നദികൾ; ആ നദികളിൽ നിന്നും ഊർജം സ്വീകരിക്കുന്ന, നാലു സുവിശേഷകരുടെ പ്രതീകങ്ങളായ സിംഹം, കാള, പരുന്ത്, മനുഷ്യരൂപം.

റോമിലെ രഹസ്യ ആരാധനാലയങ്ങൾ നവീകരിച്ചു പരസ്യവണക്കത്തിനു നല്കിയ മുൻഗാമിയുടെ പാത പിന്തുടർന്ന് എ.ഡി 386ൽ തിയൊഡോഷ്യസ് ചക്രവർത്തി ബൃഹത്തായ ഈ ദേവാലയത്തിന്റെ നിർമാണത്തിനു തുടക്കം കുറിച്ചു. പൗലോസ് ശ്ലീഹായെ ഏറെ ബഹുമാനിച്ചിരുന്ന ബെസന്റെൻ ചക്രവർത്തിമാരുടെ സംരക്ഷണയിലും, പിന്നീട് മാർപാപ്പാമാരുടെ നേരിട്ടുള്ള അധികാരത്തിൻ കീഴിലും ഈ ബസിലിക്ക അപൂർവമായ മനോഹാരിതയോടെ നിലനിന്നു. പക്ഷേ 1823 ജൂലൈ 15ന് അറ്റകുറ്റപ്പണികൾക്കിടെയുണ്ടായ തീപിടുത്തത്തിൽ ഈ ബസിലിക്ക ഏതാണ്ട് പൂർണമായും കത്തി നശിക്കയാണുണ്ടായത്. ഏതാനും ചില അവശേഷിപ്പുകളൊഴികെ യാതൊന്നും സംരക്ഷിക്കാനായില്ല. ക്രൈസ്തവലോകത്തിന്റെ ഒന്നിച്ചുള്ള പ്രയത്നത്തിനാണ് പിന്നീടു ലോകം സാക്ഷ്യംവഹിച്ചത്. ബസിലിക്കയുടെ പുനരുദ്ധാരണത്തിനു വേണ്ട സഹായധനം ദേശഭേദമില്ലാതെ എല്ലാ രാജ്യങ്ങളിൽനിന്നും റോമിലേക്കു പ്രവഹിച്ചു. അക്രൈസ്തവലോകം പോലും പുനർനിർമാണത്തിൽ പങ്കാളികളായി എന്നാണ് വത്തിക്കാൻ രേഖകൾ. റഷ്യയിലെ സർ ചക്രവർത്തിയും ഓട്ടോമൻ സാമ്രാജ്യത്തിന്റെ പ്രതിനിധിയും

**പ്രധാന അൾത്താരയ്ക്കു പിന്നിൽ ക്രിസ്തുരാജന്റെ മനോഹരമായ ചിത്രീകരണമുണ്ട്. ഒരു കയ്യിൽ വിശുദ്ധ ലിഖിതം; മറുകൈ ആശീര്വാദമുദ്രയോടെ ഉയർന്നുനില്ക്കുന്നു. സ്വർഗീയമഴവില്ലിന്റെ പശ്ചാത്തലത്തിലാണ് ചിത്രീകരണം.**

സേവനങ്ങൾ നല്കിയവരിൽ ഉൾപ്പെടുന്നു. ലെയോ പന്ത്രണ്ടാമൻ മാർപാപ്പായുടെ കീഴിൽ ആരംഭിച്ച പുനർനിർമാണം ഒൻപതാം പിയുസ് പാപ്പായുടെ നേതൃത്വത്തിൽ പൂർത്തിയാക്കി. 1854 ഡിസംബർ 10ന് ബസിലിക്ക കൂദാശ ചെയ്തു.

മദ്ബഹായ്ക്കും ഹൈക്കലയ്ക്കും ഇടയിലുള്ള വലിയ കമാനവും, ശ്ലീഹായുടെ കബറിന്റെ ഒരു വശവുമുൾപ്പെടെ ഏതാനും ഭാഗങ്ങൾ മാത്രമാണ് പഴയ ബസിലിക്കയുടേതായി ഇന്ന് അവശേഷിക്കുന്നത്.

പ്രാർഥനയോടെ ജൂബിലി വാതിൽ കടന്ന് ഈ കല്ലറയുടെ മുന്നിൽ നില്ക്കുന്ന ഏതൊരാളുടെ മനസിലും ശ്ലീഹായുടെ വാക്കുകൾ ഓടിയെത്തും: 'ഞാൻ നല്ലവണ്ണം യുദ്ധം ചെയ്തു; ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി.' ഐതിഹാസികമായ ആ ജീവിതം പോലെ അതിമനോഹരമായ ഈ ദേവാലയവും അനേകായിരങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നു. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും നൂറുകണക്കിന് വിശ്വാസികളാണ് ഇവിടെ വിശുദ്ധ കുർബാനയ്ക്ക് എത്തുന്നത്. ഞായറാഴ്ചകളിൽ പള്ളി നിറയെ വിശ്വാസികളെ കാണാം. റോമാനഗരത്തിലെ തിരക്കും, ഇവിടേക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്നതും കണക്കിലെടുക്കുമ്പോൾ അതിൽ അദ്ഭുതപ്പെടാനില്ല എന്നു തോന്നുന്നു. എല്ലാ വർഷവും ജനുവരി മാസത്തിൽ നടത്തുന്ന എക്യുമെനിക്കൽ സമ്മേളനവും തിരുനാളുമാണ് ഈ ബസിലിക്കയിലെ പ്രധാന ആഘോഷങ്ങൾ. കത്തോലിക്കരും ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ്, ആംഗ്ലിക്കൻ വിഭാഗങ്ങളും ഒന്നുചേർന്നാണ് ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്. ○

ഇന്റീരിയർ
നിഷ റോണി

# ഇന്റീരിയർ പ്ലാന്റ് നല്കും സന്തോഷം

**ലിവിംഗ് ഏരിയകളിലോ ഹോം ഓഫീസുകളിലോ ആന്തൂറിയം വളർത്തുന്നത് വായുശുദ്ധീകരണം എളുപ്പമാക്കും.**

*കാലഘട്ടം മാറുന്നതനുസരിച്ച് ചെടികളുടെ സ്ഥാനത്തിലും മാറ്റം വന്നുകൊണ്ടിരിക്കുന്നു. വീട്ടുമുറ്റത്തും തൊടിയിലും മാത്രം ചെടികൾ വെച്ചിരുന്ന പഴയകാലം എന്നേ മാറി. ഇപ്പോൾ ചെടികൾ വീടിന്റെ അകത്തളങ്ങളിലാണ് കൂടുതലും സ്ഥാനം പിടിച്ചിരിക്കുന്നത്. അകത്തളങ്ങളുടെ ആംബിയൻസ് അടിമുടി മാറ്റുന്നതുപോലെതന്നെ, ഏറെ ഹൃദ്യമായ അന്തരീക്ഷം സൃഷ്ടിക്കാനും ഇന്റീരിയർ പ്ലാന്റുകൾക്കു കഴിയുന്നു. വീടിനകം മനോഹരമാക്കാൻ കഴിവുള്ള ചില ചെടികളെ പരിചപ്പെടാം.*

*ഏറെ പരിചിതമായ മുല്ലയാണ് അതിലൊന്ന്. ഒരേ സമയം ഇൻഡോറിലും ഔട്ട്ഡോറിലും മുല്ല നട്ടുവളർത്താം. അകത്താണ് നടുന്നതെങ്കിൽ ജനാലയോടു ചേർന്ന് സൂര്യപ്രകാശം കിട്ടുന്ന വിധത്തിൽ ചട്ടിയിൽ സ്ഥാപിക്കണം. ഹൃദ്യമായ സുഗന്ധം മുറികളിൽ പ്രസരിപ്പിക്കാനും അതുവഴി സാധിക്കും. സന്തോഷവും സ്നേഹവും വർധിപ്പിക്കാനും, മാനസികോല്ലാസം പ്രദാനം ചെയ്യാനും മുല്ലയ്ക്കു കഴിവുണ്ട്.*

*പ്രകൃതിദത്തമായി വായു ശുദ്ധീകരിക്കാൻ കഴിവുള്ള ആന്തൂറിയം അന്തരീക്ഷത്തിലുള്ള അമോണിയ, ടോലുയിൻ, സൈലീൻ പോലുള്ളവ നീക്കം ചെയ്യാൻ സഹായിക്കും. ലിവിംഗ് ഏരിയകളിലോ ഹോം ഓഫീസുകളിലോ ഇവ സ്ഥാപിക്കുന്നതാണ് ഉചിതം.*


*പോസിറ്റീവ് തരംഗങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്നവയാണ് ഓർക്കിഡ്. മനസിനു ശാന്തത നല്കാനും ഇതിനു കഴിവുണ്ടെന്ന് പറയപ്പെടുന്നു.*

*അഞ്ച് ഇലകളോടുകൂടിയ മണി ട്രീ പ്ലാന്റ് (Pachira aquatic), ലക്കി ബാംബൂ (Dracaena Sanderiana) എന്നിവയും വീടിനുള്ളിൽ വളർത്താം. വിവിധ ഉദ്ദേശ്യങ്ങളോടെ മൂന്ന്, അഞ്ച്, ഏഴ് എന്നീ എണ്ണമനുസരിച്ചു ലക്കിബാംബൂ നടുന്നതും കണ്ടുവരുന്നുണ്ട്.*

ബോബി ജോസ് കട്ടിക്കാട്

# വക്കീൽ

**എറ്റവും ഒടുവിൽ വന്നവർക്കും എല്ലാം നഷ്ടമായവർക്കും എറ്റവും ചെറിയവർക്കുംവേണ്ടി നിലകൊണ്ട അഡ്വക്കേറ്റിന്റെ പേരാണ് യേശു.**



ഫിലോസഫി പഠിച്ചത് തൃശൂർ കാൽവരി ആശ്രമത്തിലാണ്. ഭാഷയെ കുറേക്കൂടി മിനുക്കിയെടുക്കാൻ പറ്റിയ സ്ഥലമായിരുന്നു അത്. ഇത്തവണ അക്കാദമിയുമായി ബന്ധപ്പെട്ട് ഒരു പേപ്പറിന്റെ മോഡറേറ്റർ എന്ന നിലയിൽ ക്ഷണമുണ്ടായിരുന്നു. വിഷയം എംടിയുടെ രണ്ടാമൂഴം എന്ന നോവൽ. അതിന്റെ വിവിധ അടരുകളെക്കുറിച്ച് മനോഹരമായി അലോഷ്യസ് എന്ന സഹോദരൻ സംസാരിച്ചു. പിന്നെ ചർച്ചയാണ്. ഈ ചർച്ചയിൽ ആദ്യമുയർന്നുവന്നത് രണ്ടു ചോദ്യങ്ങൾ.

എന്തുകൊണ്ട് എംടി...? എന്തുകൊണ്ട് രണ്ടാമൂഴം? സ്വാഭാവികമായും അലോഷ്യസ്

**വഞ്ചകനായും ചതിയനായും പലവിധത്തിൽ പരിഹസിക്കപ്പെടുന്ന കഥാപാത്രങ്ങൾക്കൊക്കെ മറ്റൊരു തരത്തിലുള്ള വ്യാഖ്യാനം സാധ്യമാണെന്ന് നമ്മുടെ ദേശത്തോടു പറഞ്ഞുതന്ന വ്യക്തിയാണ് എം.ടി വാസുദേവൻ നായർ.**

നമ്മുടെ പേരിനു കുറച്ച് ഉടവു സംഭവിച്ചാൽപോലും, മറ്റുള്ളവർക്കുവേണ്ടി ശിപാർശ ചെയ്യാനുള്ള മനോഭാവം നമുക്കുണ്ടെങ്കിൽ അത് യേശുവിനടുത്ത മനോഭാവമാണെന്നു തോന്നുന്നു.

മനോഹരമായി ഉത്തരം നല്കി. അതിനെ കോംപ്ലിമെന്റ് ചെയ്യേണ്ട ഉത്തരവാദിത്വം എനിക്കുണ്ടായിരുന്നു. എന്തുകൊണ്ട് നമുക്കു പുസ്തകങ്ങൾ ആവശ്യം എന്ന ചോദ്യംകൂടി അതിനകത്തുണ്ട്. വളരെ നല്ല ലൈബ്രറി അവിടെയുണ്ട്. വായനയോടും എഴുത്തിനോടുമുള്ള ഫ്ളേവർ രൂപപ്പെടാൻ അവിടത്തെ ലൈബ്രറി വളരെയധികം സഹായിച്ചിട്ടുമുണ്ട്. മിക്കവാറും ആശ്രമങ്ങളിലൊക്കെ ഭംഗിയുള്ള ലൈബ്രറികൾ കാണാം. പുസ്തകം അത്ര എളുപ്പമായ കാര്യമല്ല. എല്ലാകാലവും വളരെ ബുദ്ധിമുട്ടുള്ള ഒന്നായാണ് പുസ്തകത്തെ പരിഗണിച്ചിട്ടുള്ളത്.

ദരിദ്രമായ ജീവിതമാണ് ആശ്രമങ്ങളിലുള്ളതെങ്കിലും, അവിടെയെത്തുന്ന സന്ദർശകരെ വിസ്മയിപ്പിച്ചുകൊണ്ട് അക്കാലങ്ങളിൽ കിട്ടാവുന്ന ഏറ്റവും നല്ല പുസ്തകങ്ങൾ അവരുടെ ഗ്രന്ഥപ്പുരകളിലുണ്ടായിരുന്നു. അതിന് മരുഭൂമിയിലെ ഒരു പിതാവ് കൊടുക്കുന്ന വിശദീകരണം ഇങ്ങനെ: ഞങ്ങൾക്ക് വളരെകുറച്ച് ആഗ്രഹങ്ങളേയുള്ളൂ. ഒരു കപ്പ് കഞ്ഞിയും നിലത്തു കിടന്നുറങ്ങാൻ പായയും മാത്രം മതി. അതു മതിയെന്നു ഞങ്ങളെ പഠിപ്പിച്ചത് ഈ പുസ്തകങ്ങളുടെ ആഡംബരമാണ്.

ഒറ്റനോട്ടത്തിൽ ആഡംബരമെന്നു തോന്നിക്കുന്ന ഈ പുസ്തകങ്ങളാണ് ഞങ്ങളുടെ ജീവിതത്തെ ഏറ്റവും ലളിതവും ദരിദ്രവുമൊക്കെയായി സൂക്ഷിക്കാൻ ദിശാബോധം നല്കുന്നത്. വെളിപാടിന്റെ പുസ്തകത്തിൽ ഒരു സ്റ്റേറ്റ്മെന്റുണ്ട്; ജീവന്റെ പുസ്തകം തുറക്കപ്പെട്ടു. അതോടൊപ്പം മറ്റു പുസ്തകങ്ങളും.

എങ്ങനെ വേണമെങ്കിലും അതിനെ വ്യാഖ്യാനിക്കാം. ഞാൻ വിചാരിക്കുന്നു, ഭൂമിയിൽ മനുഷ്യന്റെ മീതെ എഴുതപ്പെട്ട എല്ലാ ഗ്രന്ഥങ്ങളുംകൂടി മനുഷ്യന്റെ ജീവിതത്തെ വിലയിരുത്തുന്നുണ്ട്. അതെന്തുകൊണ്ടാണ് വായിക്കാത്തത്? വായിച്ചിട്ടും എന്തുകൊണ്ടാണ് നിങ്ങളുടെ ജീവിതം ഭേദപ്പെട്ട ഒന്നായി മാറാത്തത്? സ്വാഭാവികമായും പുസ്തകങ്ങൾക്ക് അങ്ങനെയൊരു പ്രസക്തിയുണ്ടല്ലോ.

എന്തുകൊണ്ട് എംടി...? എന്തുകൊണ്ട് രണ്ടാമൂഴം? അതായിരുന്നല്ലോ ചോദ്യം. നമുക്കു പരിചയമുള്ള കഥകളൊക്കെ തിരുത്തിയെഴുതിയ മനുഷ്യനാണ് എംടി. വഞ്ചകനായും ചതിയനായും പലവിധത്തിൽ പരിഹസിക്കപ്പെടുന്ന കഥാപാത്രങ്ങൾക്കൊക്കെ മറ്റൊരു തരത്തിലുള്ള വ്യാഖ്യാനം സാധ്യമാണെന്ന് നമ്മുടെ ദേശത്തോടു പറഞ്ഞുതന്ന വ്യക്തി എംടിതന്നെയാണെന്നു തോന്നുന്നു. ഹൃദയപക്ഷത്തുനിന്നുള്ള വായന എംടിക്കുണ്ടായിരുന്നു. മന്ദൻ എന്ന വാക്കാണ് സഹോദരന്മാർ അയാൾക്കെതിരെ പ്രയോഗിച്ചുകൊണ്ടിരുന്നത്. അതിനെതിരെ അയാൾ പ്രതികരിക്കുന്നുമുണ്ട്.

നമ്മുടെ ദേശത്ത് ബോഡി ഷെയ്മിങ്ങിന്റെ ഏറ്റവും വ്യക്തമായ പ്രതീകം ഭീമനാണ്. ശരീരം തടിച്ച മനുഷ്യർക്ക് ബുദ്ധി കുറവായിരിക്കുമെന്ന സങ്കല്പം ഇപ്പോൾ പോലും മനുഷ്യർ പുലർത്തുന്നുണ്ട്. സർദാർജി ഫലിതങ്ങളൊക്കെ അങ്ങനെയുള്ളവയാണ്. മറ്റുദേശത്തുള്ള മനുഷ്യരേക്കാൾ വലുപ്പമുള്ള മനുഷ്യരായിരുന്നു അവർ. ആരോഗ്യത്തെയും ശരീരത്തെയും ശ്രദ്ധിക്കുന്ന ചില മനുഷ്യർക്ക് ബൗദ്ധികമായ കാര്യങ്ങളിൽ ശ്രദ്ധയില്ലെന്നു പറഞ്ഞുപോകുന്ന തരത്തിലുള്ള ഒരു മിത്ത്. ആ മിത്തിനകത്തുനിന്നാണ് ഇത്തരം അപമാനങ്ങളും ഫലിതങ്ങളുമൊക്കെ രൂപപ്പെടുന്നത്. ഇങ്ങനെയുള്ളവർക്ക് എഴുത്തിലൂടെ മോക്ഷംകൊടുക്കാനായി എംടി ശ്രമിച്ചുകൊണ്ടിരുന്നു.

ചതിയൻ ചന്തുവിനും പെരുന്തച്ചനുമൊക്കെ പുതിയൊരു വായന എംടി നല്കിയിട്ടുണ്ട്. എംടി എന്ന മനുഷ്യന്റെ ഉള്ളിൽ അങ്ങനെയൊരു വിചാരമുണ്ടെന്നു തോന്നുന്നു. അപമാനിതരായ മനുഷ്യർക്കുവേണ്ടിയും തെറ്റിദ്ധരിക്കപ്പെട്ട മനുഷ്യർക്കുവേണ്ടിയും സംസാരിച്ചുതുടങ്ങുക.

ഗുരുമൊഴി

ടി.എസ് ബിജു

# മറ്റുള്ളവരെ ആകർഷിക്കാനുള്ള വഴി

**അവനവനിലുള്ള കഴിവാണ്, സുഗന്ധമാണ് കസ്തൂരി.**

'എന്നെ ആർക്കും ഇഷ്ടമില്ല.' ഗുരുവിന്റെ അടുക്കലെത്തിയ ആ ചെറുപ്പക്കാരന്റെ സങ്കടം അതായിരുന്നു. 'എന്തുകൊണ്ട് ഇഷ്ടമില്ല എന്ന് അറിയാമോ?' ഗുരു ചോദിച്ചു. 'എനിക്ക് മറ്റുള്ളവരെ ആകർഷിക്കാനുള്ള കഴിവില്ല.' ചെറുപ്പക്കാരൻ പറഞ്ഞു. അപ്പോൾ ഗുരു അയാളോട് ഒരു ആൺമാനിന്റെ കഥ പറഞ്ഞു.

പ്രേമസല്ലാപത്തിന് അടുത്തു ചെന്ന ആൺമാനിനെ മണത്തുനോക്കിയതിനു ശേഷം പെൺമാൻ പറഞ്ഞു: നിനക്ക് കസ്തൂരിഗന്ധമില്ല. അതുകൊണ്ട് നിന്നെ എനിക്കിഷ്ടമില്ല. ആൺമാൻ ഇക്കാര്യം തന്റെ മുത്തച്ഛനോടു പറഞ്ഞു. സങ്കടപ്പെട്ടുനില്ക്കുന്ന കൊച്ചുമകനോട് മുത്തച്ഛൻ പറഞ്ഞു: ഇത്രേയുള്ളോ കാര്യം. ഞാൻ നിന്നെ കസ്തൂരിഗന്ധമുള്ളവനാക്കി മാറ്റാം. അതിനാദ്യം നീ പോയി കസ്തൂരിയെടുക്കണം. ഒരു പാറയുടെ സമീപത്തേക്ക് മുത്തച്ഛൻ അവനെ കൊണ്ടുപോയി. പാറയുടെ അടിയിലാണ് കസ്തൂരി. നീയത് എടുക്കൂ. കൊമ്പുകൊണ്ട് കുത്തിയും

ആ അർഥത്തിൽ വൈദികസെമിനാരിയിൽ നിശ്ചയമായും ഈ പുസ്തകത്തിന് ഒരു പ്രസക്തിയുണ്ട്. അപമാനിതരായ മനുഷ്യർക്കൊപ്പം നില്ക്കാനുള്ള പരിശീലനമായി സന്യാസവൈദികപരിശീലനത്തെ ഒന്നുകൂടി റീവിസിറ്റ് ചെയ്യേണ്ട ബാധ്യതയുണ്ട്. എപ്പോഴും അങ്ങനെയുള്ള ആളായിട്ടാണ് യേശുവിനെ നാം പരിചയപ്പെടുന്നത്.

തന്റെ കാലത്തും പരിസരത്തും എവിടെയൊക്കെ മനുഷ്യർ അപമാനിതരാകാൻ സാധ്യതയുണ്ടായിരുന്നോ അവിടെയൊക്കെ യേശു എത്ര ഭംഗിയായിട്ടാണ് ഇടപെടലുകൾ നടത്തുന്നത്! വൈകാരികബുദ്ധിയെന്ന് അതിനെ വിളിക്കണം. വൈകാരികബുദ്ധി പുലർത്തിയ ഒരാളെന്ന നിലയിലേ മനുഷ്യപുത്രനായ യേശുവിനെ നമുക്കു വായിച്ചെടുക്കാനാവൂ.

ശിഷ്യന്മാർ സാബത്തു ലംഘിച്ചെന്ന് ആരോപണമുയർന്നപ്പോൾ യേശു എത്ര ഭംഗിയായിട്ടാണ് അവരെ സംരക്ഷിച്ചത്. അതിലൊന്നും വലിയ കഥയില്ലെന്ന മട്ടിൽ അവൻ തുടർന്ന് അതിനു വിശദീകരണവും നല്കുന്നു. ദാവീദിനെയാണ് അക്കാര്യത്തിൽ യേശു ഉദാഹരിക്കുന്നത്. ദാവീദിന്റെ പുത്രൻ എന്നൊക്കെ യേശുവിന് ചില വിശേഷണങ്ങളുമുണ്ടല്ലോ?

അങ്ങനെ നോക്കുമ്പോൾ, യേശു സംരക്ഷിക്കാൻ ശ്രമിക്കുന്നത് തന്റെ മക്കളെയാണ്. നമ്മിലേക്കു പരോക്ഷമായെങ്കിലും നീളുന്നുവെന്നു കരുതപ്പെടുന്ന ഒരു ആരോപണം ഉയരുമ്പോൾതന്നെ നാം വല്ലാതെ അലേർട്ട് ആകുന്നു. നാം ആരെയും രക്ഷിക്കാൻ ശ്രമിക്കുന്നില്ല. ഇവിടെയാണ് ഭൂമിയിലെ ഏറ്റവും നല്ല അഡ്വക്കേറ്റായി യേശു മാറുന്നത്. അപമാനിതരാകുന്ന, ഒറ്റപ്പെട്ടുപോകുന്ന മനുഷ്യർ; തലകുനിക്കേണ്ടിവരുന്ന മനുഷ്യർ. അവരുടെയൊക്കെ അഡ്വക്കേറ്റ് ആകാൻ കഴിയുന്നുണ്ടോ എന്നതാണ് നമ്മുടെ മുമ്പിലുയരുന്ന ചോദ്യം. നാം ആർക്കുവേണ്ടി നിന്നു എന്നത് പ്രധാനപ്പെട്ട കാര്യമാണ്. നിങ്ങൾ ആരോടൊപ്പമായിരുന്നു? യേശുവിന്റെ മുൻഗണനകളെന്നു പറയുന്നത് മൂന്നുകാര്യങ്ങളാണ്: Last, Least, Lost... ഏറ്റവും ഒടുവിൽ വന്നവർക്കും എല്ലാം നഷ്ടമായവർക്കും ഏറ്റവും ചെറിയവർക്കും

**ആകർഷണം തോന്നുന്നത് തെറ്റല്ല. എന്നാൽ എന്തിലേക്കാണ് നമ്മൾ ആകൃഷ്ടരാകുന്നത് എന്നത് ഏറെ പ്രധാനം.**

മറ്റും പണിപ്പെട്ട് മാൻ കസ്തൂരി എടുക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അപ്പോൾ അവന്റെ ദേഹം വിയർത്തു. അതോടെ കസ്തൂരിഗന്ധം പ്രവഹിച്ചുതുടങ്ങി. ആ മണം അറിഞ്ഞ് പെൺമാൻ അടുക്കലെത്തി അവന്റെ സ്നേഹം സ്വീകരിച്ചു.

കസ്തൂരി അവനവനിലുള്ള കഴിവാണ്, സുഗന്ധമാണ്. അതു പുറത്തേക്കു പ്രസരിപ്പിക്കാൻ കഴിയുമ്പോഴാണ് മറ്റുള്ളവർ നമ്മിലേക്ക് ആകർഷിതരാകുന്നത്. കസ്തൂരി പലതാവാം. സ്നേഹിക്കാനുള്ള കഴിവും വിശ്വാസം കാത്തുസൂക്ഷിക്കാനുള്ള കഴിവും ശ്രവിക്കാനുള്ള കഴിവുമെല്ലാം ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സുഗന്ധം പ്രവഹിക്കുന്ന കസ്തൂരികളാണ്.

പെരുമാറ്റംകൊണ്ട്, പ്രവൃത്തികൊണ്ട്, കഴിവുകൊണ്ട്, സേവനസന്നദ്ധത കൊണ്ട്, സ്നേഹിക്കാനുള്ള കഴിവുകൊണ്ട്, രൂപഭംഗികൊണ്ട്... ഇങ്ങനെ പലതരത്തിലും പലരീതിയിലുമാണ് ആളുകൾ നമ്മളിലേക്ക് ആകർഷിക്കപ്പെടുന്നത്. ആകർഷണം തോന്നുന്നത് തെറ്റല്ല. എന്നാൽ എന്തിലേക്കാണ് നമ്മൾ ആകൃഷ്ടരാകുന്നത് എന്നത് ഏറെ പ്രധാനം. നിന്നിലെ കസ്തൂരി എന്താണെന്നു കണ്ടെത്തുക. അതു പുറത്തേക്കു പ്രസരിപ്പിക്കുക. അപ്പോൾ ആളുകൾ നിന്നിലേക്ക് ആകൃഷ്ടരാകുകയും സ്നേഹിച്ചു തുടങ്ങുകയും ചെയ്യും. അതിനാദ്യം ചെയ്യേണ്ടത് നിന്റെയുള്ളിൽ കസ്തൂരിയുണ്ടെന്ന് നീ സ്വയം മനസിലാക്കുകയും അതു പുറത്തെത്തിക്കാൻ ശ്രമിക്കുകയുമാണ്.

വേണ്ടി നിലകൊണ്ട അഡ്വക്കേറ്റിന്റെ പേരാണ് യേശു.

നമ്മൾ ഏർപ്പെടുന്ന എല്ലാത്തരം കാര്യങ്ങളിലും യേശുവിന്റെ ഒരു നിഴലുണ്ടാകും; പ്രകാശമുള്ള നിഴൽ. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അഡ്വക്കേറ്റ് എന്ന നിഴലാണെന്ന് എനിക്കിപ്പോൾ തോന്നുന്നു. കുട്ടിക്കാലത്ത് അങ്ങനെയല്ല കരുതിയിരുന്നത്. കുറ്റാരോപിതരായ മനുഷ്യർക്കുവേണ്ടി, അപമാനിതരായ മനുഷ്യർക്കുവേണ്ടി സംസാരിച്ചുകൊണ്ടിരുന്ന ഒരാളെന്ന നിലയിലായിരിക്കണം യേശു തന്റെ കാലത്തിനുമപ്പുറത്ത് നമ്മുടെ ഉള്ളിലേക്കു പ്രവേശിച്ച് ഇങ്ങനെ പ്രകാശം ചൊരിയുന്നത്.

മനുഷ്യർക്കുവേണ്ടി ശിപാർശ ചെയ്യുക. ചിലപ്പോൾ ഒരു ശിപാർശകൊണ്ടുപോലും മനുഷ്യർക്ക് മെച്ചപ്പെട്ട സാഹചര്യമോ മെച്ചപ്പെട്ട ശ്രദ്ധയോ ഒക്കെ കിട്ടിയേക്കാം. നമ്മുടെയൊക്കെ പേരിനു കുറച്ചൊക്കെ ഉടവു സംഭവിച്ചാൽകൂടി, മറ്റുള്ളവർക്കുവേണ്ടി ശിപാർശ ചെയ്യാനുള്ള മനോഭാവം നമുക്കുണ്ടെങ്കിൽ അത് യേശുവിനടുത്ത മനോഭാവമാണെന്നു തോന്നുന്നു. ആരാണ് ഒരു എഴുത്തുകാരൻ? അപമാനിതരായ മനുഷ്യർക്കുവേണ്ടി നില്ക്കുന്ന ആളായിരിക്കണം എഴുത്തുകാരൻ. ഏറ്റവും പ്രിയപ്പെട്ട എഴുത്തുകാരൻ എന്നതിന് ഓരോരുത്തർക്കും വ്യക്തിപരമായ അഭിപ്രായങ്ങളുണ്ടാവാം. പക്ഷേ എനിക്കത് ദസ്തയേവ്സ്കിയാണ്. ഏറ്റവും അപമാനിതരായ മനുഷ്യർക്കുവേണ്ടി അദ്ദേഹം സംസാരിച്ചുകൊണ്ടേയിരുന്നു.

നമ്മുടെ ചുറ്റുമുള്ള കാലത്തിനു വേണ്ടി സംസാരിക്കുക. പഴയനിയമത്തിലൊക്കെ അതിന്റെ സൂചനകളുണ്ട്. നഗരം നശിപ്പിക്കപ്പെടുമെന്നും, തീയും ഗന്ധകവും പെയ്തിറങ്ങുമെന്നും ഉറപ്പുണ്ടാകുമ്പോൾ, അപ്പോഴെല്ലാം മറ്റുള്ളവർക്കുവേണ്ടി വാദിക്കുന്ന മനുഷ്യരെ അവിടെ കാണാം. എല്ലാത്തരം മനുഷ്യർക്കുവേണ്ടിയും വാദിക്കുന്ന, അതു തന്റെ സ്വഭാവമാക്കി മാറ്റിയ ഒരാൾ കടന്നുപോകുമ്പോൾ പറയുന്ന വാക്ക് എന്താവാം? അവരോടു ക്ഷമിക്കണമേ, അവർക്കു മാപ്പുകൊടുക്കണമേ എന്നായിരിക്കില്ലേ?

○

മാമ്മൻ ഐപ്പ്



# ഡൂം സ്ക്രോളിംങ്

**സോഷ്യൽ മീഡിയയിൽ വരുന്ന നെഗറ്റീവ് വാർത്തകൾ വായിക്കാൻ കൂടുതൽ സമയം ചെലവിടുന്ന ജീവിതശീലമാണ് ഡൂം സ്ക്രോളിംങ്.**

പുതിയ കാലത്തിന്റെ ഏറ്റവും പുതിയ ചായ്‌വാണ് ഡൂം സ്ക്രോളിംങ്. പുതിയ ഭാഷയുടെ സംഭാവനകൂടിയായി ഈ വാക്കിനെ കാണാം. എന്താണ് ഡൂം സ്ക്രോളിംങ്? സോഷ്യൽ മീഡിയയിൽ വരുന്ന നെഗറ്റീവ് വാർത്തകൾ വായിക്കാൻ കൂടുതൽ സമയം ചെലവിടുന്ന ജീവിതശീലമാണ് അത്. ദുഃഖമോ ഉത്കണ്ഠയോ ഉണ്ടാകുമ്പോൾപോലും മോശം വാർത്തകളിലൂടെ സ്ഥിരമായി കടന്നുപോകുന്ന ഒരു പ്രത്യേക മാനസികാവസ്ഥ. കോവിഡ് പകർച്ചവ്യാധിയുടെ കാലം മുതല്കാണ് സമൂഹത്തിൽ ഇതിന്റെ സ്വാധീനം ആഴത്തിലായത്. രാവിലെ കണ്ണുംതുറന്ന് എണീറ്റു വരുമ്പോൾതന്നെ മൊബൈലിലേക്കു കൈനീട്ടുന്നവരാണ് നമ്മിൽ ഭൂരിപക്ഷവും. എന്താണ് വാട്സാപ്പിലും ഇൻസ്റ്റയിലും ഫേസ്ബുക്കിലും ഉള്ളതെന്ന ചിന്ത നമ്മെ ആകാംക്ഷാഭരിതരാക്കുന്നു. ബാത്റൂമിലേക്കു മൊബൈലുമായി പോകുന്നവരുണ്ട്. ഭക്ഷണം കഴിക്കുമ്പോഴും മൊബൈലിലെ വാർത്തകളിലൂടെ സ്ക്രോൾ ചെയ്തു പരതുന്നവരുണ്ട്. ജോലി ചെയ്യുമ്പോൾ ഇടയ്ക്കിടെ മൊബൈലിലെ നോട്ടിഫിക്കേഷൻ അറിഞ്ഞ് വേവലാതിയോടെ നോക്കുന്നവരുമുണ്ട്. എന്തിനധികം, രാത്രി

യിൽ കിടക്കയ്ക്കരികിൽ മൊബൈലുമായി കിടന്നുറങ്ങുന്നവരും ഏറെ. അത്രമാത്രം മൊബൈൽ നമ്മെ സ്വാധീനിച്ചിരിക്കുന്നു. അമിതമായ മൊബൈൽ അടിമത്തമാണ് ഡൂം സ്ക്രോളിംങിലേക്കു നയിക്കുന്നത്.

### എന്തുകൊണ്ട്?

എന്തുകൊണ്ടാണ് ഒരു വ്യക്തി ഡൂം സ്ക്രോളിംങിന് അടിമയായി മാറുന്നത്? നെഗറ്റീവ് വാർത്തകളോട് സ്വതവേ മനുഷ്യനു താത്പര്യക്കൂടുതലുണ്ട്. ഈ താത്പര്യമാണ് അത്തരം നെഗറ്റീവ് വാർത്തകളുടെ പിന്നാലെ പോകാൻ കാരണം. ലോകത്തു നടക്കുന്ന ഏതെങ്കിലും ഒരു വാർത്ത താനറിയാതെ പോകുമോ, തനിക്കത് നഷ്ടപ്പെട്ടുപോകുമോ എന്ന ഭയവും ആകാംക്ഷയുമാണ് തുടർച്ചയായി സ്ക്രോൾ ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്. സ്ക്രോളിംങ് പതിവുള്ള ഒരു തഴക്കമായി മാറുമ്പോൾ അതിൽനിന്നു പുറത്തുകടക്കാൻ അവനു കഴിയാതെ വരുന്നു.

### ഡൂം സ്ക്രോളിംങും പ്രശ്നങ്ങളും

ഡൂം സ്ക്രോളിംങ് മനുഷ്യജീവിതത്തിൽ ഒരു ദുഷിച്ച വലയം സൃഷ്ടിക്കുന്നുവെന്നാണ് ഇതു സംബന്ധിച്ച പഠനങ്ങൾ വെളിപ്പെടുത്തുന്നത്. നെഗറ്റീവ് വാർത്തകൾ തുടർച്ചയായി വായിക്കുന്തോറും നമ്മൾ ഉത്കണ്ഠയ്ക്കും സമ്മർദത്തിനും അടിമകളാകുന്നു. എന്തെങ്കിലും പോസിറ്റീവായത് കണ്ടെത്തിയേക്കും എന്നു വിചാരിച്ചു കൂടുതൽ അന്വേഷണം നടത്തുമെങ്കിലും, പലപ്പോഴും എത്തിച്ചേരുന്നത് നെഗറ്റീവ് കാര്യങ്ങളിൽ തന്നെയായിരിക്കും. തന്മൂലം മാനസികസമ്മർദം, ഉത്കണ്ഠ, വിഷാദം ഇവ വർധിക്കുന്നു; മാനസികാരോഗ്യം

**നെഗറ്റീവ് വാർത്തകൾ തുടർച്ചയായി വായിക്കുന്നത് ഉത്കണ്ഠയ്ക്കും സമ്മർദത്തിനും കാരണമാകുന്നു.**

തകരാറിലാവുന്നു.

അസ്വസ്ഥതയുണ്ടാക്കുന്ന വാർത്തകൾ സ്ഥിരമായി കാണുകയും കേൾക്കുകയും ചെയ്യുന്നതുവഴി, ഈ ലോകം അപകടകരമായ ഒരു സ്ഥലമാണെന്ന പ്രതീതി നമ്മിൽ സൃഷ്ടിക്കപ്പെടാം. ഭയവും വിഭ്രാന്തിയും ഉണ്ടാകുന്നതുമൂലം വിഷാദത്തിന് അടിപ്പെട്ടുപോകാനും സാധ്യതയുണ്ട്. ഉറക്കക്കുറവ് മാത്രമല്ല, മോശം ഉറക്കശീലങ്ങളിലേക്കും ഇതു വ്യക്തികളെ കൊണ്ടുചെന്നെത്തിക്കാം. സമ്മർദവും ഉത്കണ്ഠയും മൂലം തലച്ചോർ നെഗറ്റീവ് ഉത്തേജനങ്ങളാൽ നിറയപ്പെടുന്നു. കോർട്ടിസോൺ പോലുള്ള ടെൻ



## സർഫിംഗും സ്ക്രോളിംങും

*വെബ് ബ്രൗസ് ചെയ്യുന്നതിനെ സർഫിംഗ് എന്നാണ് സാധാരണ വിശേഷിപ്പിക്കുന്നത്. ഓൺലൈൻ പ്ലാറ്റ്ഫോമുകളും യൂട്യൂബും റീലും ജനപ്രിയമായതോടെയാണ് സ്ക്രോളിംങ് എന്ന പദം പ്രചാരത്തിലായത്. 2023 മുതലേ ഡൂം സ്ക്രോളിംങ് അംഗീകൃത പദാവലിയിലുണ്ട്. ഇരുട്ട്, തിന്മ, വിധി എന്നിവയെ സൂചിപ്പിക്കാനാണല്ലോ ഡൂം എന്ന വാക്ക് സാധാരണ പ്രയോഗിക്കുക. 2018ൽ ആഷിക് സിദിഖ് എന്ന അമേരിക്കക്കാരൻ ഈ പദം ആദ്യമായി ഉപയോഗിച്ചു. 2020ൽ അതു വമ്പിച്ച പ്രചാരം നേടി. കോവിഡ്, ജോർജ് ഫ്ളോയിഡ് പ്രതിഷേധം, യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ്, യുക്രെയ്ൻ-റഷ്യ അധിനിവേശം തുടങ്ങിയ സംഭവവികാസങ്ങളിലൂടെ ഡൂം സ്ക്രോളിംങ് വ്യാപകമായി. അമേരിക്കയിൽ നടത്തിയ സർവേപ്രകാരം പ്രായപൂർത്തിയായവരിൽ 31 ശതമാനവും, 1980-1990കളിൽ ജനിച്ചവരിൽ 46 ശതമാനവും, 1990-2010 വരെ ജനിച്ചവരിൽ 51 ശതമാനവും ഡൂം സ്ക്രോളിംങ് ചെയ്യുന്നവരാണ്.*

കൃഷിപാഠം

തോമസ് കുരുവിള

# സെപ്റ്റംബറിലെ കൃഷികൾ

ശീതകാലപച്ചക്കറികൾ നടാൻ ഏറ്റവും അനുയോജ്യമായ സമയമാണ് സെപ്റ്റംബർ. ഈ മാസത്തിൽ കൃഷി ചെയ്യാൻ അനുയോജ്യമായ പച്ചക്കറിയാണ് തക്കാളി. ടെറസിലും മുറ്റത്തും തക്കാളികൃഷി ചെയ്യാം. എളുപ്പത്തിൽ ചെയ്യാം എന്നതിനു പുറമെ വീടിനു മനോഹരമായ കാഴ്ചകൂടിയാണ് തക്കാളിക്കൃഷി. സീസൺ മനസിലാക്കി നട്ടാൽ മാത്രമേ തക്കാളിയിൽനിന്ന് കൂടുതൽ വിളവ് കിട്ടുകയുള്ളൂ.

കോളിഫ്ളവറും കാബേജും നടാൻ പറ്റിയ അവസരവും സെപ്റ്റംബറാണ്. നമ്മുടെ നാട്ടിൽ ഇതു രണ്ടും വളരുകയില്ലെന്നാണ് പലരുടെയും ധാരണ. പക്ഷേ നമ്മുടെ ടെറസിൽ നല്ലതുപോലെ വളരുന്നവയാണ് ഇവ രണ്ടും. ഗ്രോ ബാഗ്, സിമന്റ് ചാക്ക് എന്നിവയിൽ മാത്രമല്ല, വെറും മണ്ണിലും ഇവ നല്ലതുപോലെ വളരും.

മറ്റൊരു പ്രധാനപ്പെട്ട ശീതകാല പച്ചക്കറിയാണ് കാരറ്റും ബീറ്റ്റൂട്ടും. കമ്പോസ്റ്റും ചകിരിച്ചോറും ചാണകവും ചേർത്ത് അധികം കല്ലില്ലാത്ത മണ്ണിൽ വേണം കാരറ്റ് നടാൻ. ഏതുസീസണിലും നട്ടുപിടിപ്പിക്കാവുന്ന പച്ചക്കറിയാണ് പയർ. ചതുരപ്പയറും സെപ്റ്റംബറിൽ തന്നെ നടാം. ഒരു പായ്ക്കറ്റ് വിത്തെല്ലാം കൂടി ഒരുമിച്ചു നടാതിരിക്കുന്നതാണ് നല്ലത്. ഒരുമിച്ചു നട്ടാൽ എല്ലാം ഒരേസമയം കായ്ച്ചുതുടങ്ങുകയും, വേണ്ടത്ര പ്രയോജനം വീട്ടുകാർക്കു ലഭിക്കാതെ വരികയും ചെയ്യും. അതേസമയം ഒരു പായ്ക്കറ്റിലെ വിത്ത് മൂന്നു തവണയായി നട്ടാൽ എല്ലാ അവസരത്തിലും വീട്ടിലേക്കാവശ്യമായ പച്ചക്കറി ലഭിക്കാൻ അതിടയാക്കും.

ഷൻ ഹോർമോണുകളും തന്മൂലം സൃഷ്ടിക്കപ്പെടാൻ ഇടയുണ്ട്. തങ്ങൾ വളരെ നിസഹായരാണെന്ന തോന്നലും ഇതുവഴി ഉണ്ടാകുന്നു. തലവേദന, പേശീവേദന, ഉയർന്ന രക്തസമ്മർദം എന്നിവയ്ക്കെല്ലാം ഡൂം സ്ക്രോളിംങ് വഴിയൊരുക്കുന്നുണ്ട്. അമിതമായ സ്ക്രോളിംങ് ശ്രദ്ധക്കുറവിലേക്കും അപകടങ്ങളിലേക്കും നയിക്കാം.

ചുരുക്കത്തിൽ, മാനസികവും ശാരീരികവുമായ ക്ഷേമത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്ന ഒരു ശീലമാണ് ഡൂം സ്ക്രോളിംങ്.

**പരിഹാരമാർഗം**

ഡൂം സ്ക്രോളിംങിൽനിന്ന് രക്ഷപ്പെടാൻ എന്തെങ്കിലും മാർഗമുണ്ടോ? തീർച്ചയായുമുണ്ട്.

- മൊബൈൽ പരിശോധിക്കുന്നതിന് സമയപരിധി നിശ്ചയിക്കുക. രാവിലെ എണീറ്റാലുടനെയും, ഉറങ്ങുന്നതിനു തൊട്ടുമുമ്പും മൊബൈൽ നോക്കാനുള്ള പ്രവണത ഒഴിവാക്കുക.
- നെഗറ്റീവ് വാർത്തകൾ മാത്രം പടച്ചുവിടുന്ന ഓൺലൈൻ മാധ്യമങ്ങളിൽനിന്ന് സാധിക്കുന്നിടത്തോളം അകലം പാലിക്കുക.
- സോഷ്യൽ മീഡിയയുടെ ഉപയോഗം പരിമിതപ്പെടുത്തുക.
- മൊബൈൽ നോക്കാനുള്ള പ്രവണത ശക്തമാകുമ്പോൾ അതിനെ പുസ്തകവായനയിലേക്കോ എഴുത്തിലേക്കോ വഴിതിരിച്ചുവിടുക.
- പ്രിയപ്പെട്ടവരുടെ സാമീപ്യവും സാന്നിധ്യവും ഇല്ലാതെ വരികയോ കുറയുകയോ ചെയ്യുമ്പോഴാണ് പലരും മൊബൈലിലേക്കു തിരിയുന്നത്. മൊബൈൽ നല്കുന്ന വിവരങ്ങൾ അവർക്കു താത്കാലികസംതൃപ്തി നല്കിയേക്കും. ഇതൊഴിവാക്കാനുള്ള മികച്ച മാർഗം വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുക എന്നതാണ്. പ്രിയപ്പെട്ടവരോടൊപ്പം സമയം ചെലവഴിക്കാനായാൽ ഇത്തരം അടിമത്തം കുറയ്ക്കാനാവും.
- അത്യാവശ്യമെങ്കിൽ പ്രഫഷണൽ സഹായം തേടണം.

## സെപ്റ്റംബർ 5 അധ്യാപകദിനം

വീണ്ടുമൊരു അധ്യാപകദിനം. അധ്യാപകരെ ആദരിക്കാനും വണങ്ങാനും അവരുടെ മഹത്വം അയവിറക്കാനുമായി ഒരു ദിനം. പണ്ടുകാലങ്ങളിലേതുപോലെ അധ്യാപകർ ഇപ്പോൾ ആദരിക്കപ്പെടുന്നുണ്ടോ? അധ്യാപക-വിദ്യാർഥി ബന്ധം ആരോഗ്യകരമാണോ? ഉത്തരം അത്ര അനുകൂലമല്ലെന്നാണ് പൊതുവേയുള്ള വിലയിരുത്തൽ. അധ്യാപക-വിദ്യാർഥി ബന്ധത്തിൽ വിള്ളലുകൾ വീണുകൊണ്ടിരിക്കുന്നു എന്നതിനു ചുറ്റുമുണ്ടാകുന്ന സംഭവങ്ങൾതന്നെ സാക്ഷി.




**ഇക്കാലത്ത് അധ്യാപകർ മാത്രമാണ് അറിവിന്റെ ഉറവിടം എന്ന് ആർക്കും അവകാശപ്പെടാനാവില്ല.**

ആത്മാർഥതയുള്ള, പ്രതിബദ്ധതയുള്ള അധ്യാപകരുടെ കുറവ് നമ്മുടെ വിദ്യാഭ്യാസരംഗം നേരിടുന്ന പ്രതിസന്ധിയാണ്. അവരിൽ ചിലരെങ്കിലും ജോലി നേടുന്നത് അനർഹമായും കോഴ കൊടുത്തുമാണെന്ന ആക്ഷേപം എപ്പോഴും കേൾക്കാം. സുരക്ഷിതമായ ഒരു ജോലി എന്ന നിലയിലാണ് അവർ അധ്യാപനത്തെ കാണുന്നത്. ഇക്കാലത്ത് വിദ്യാർഥികൾക്ക് അറിവുകിട്ടാൻ അധ്യാപകർ വേണമെന്നു നിർബന്ധമില്ല. ഗൂഗിൾ ചെയ്താൽ ക്ലാസ്മുറികളിൽ കിട്ടുന്നതിനേക്കാൾ അറിവ് കുട്ടികൾക്കു ലഭിക്കുമെന്ന് ഈ രംഗത്തുള്ളവർ തന്നെ പറയു

> **അധ്യാപനത്തിൽ പഴഞ്ചൻ രീതികൾ മാത്രം പിന്തുടരാതെ, പാഠ്യഭാഗങ്ങളെ സമകാലികവിഷയങ്ങളുമായി ബന്ധിപ്പിച്ചും പുതിയ അറിവുകൾ പങ്കുവെച്ചും അധ്യാപകർക്കു അപ്ഡേറ്റഡാകാം.**

ന്നു. ഇക്കാലത്ത് അധ്യാപകർ മാത്രമാണ് അറിവിന്റെ ഉറവിടം എന്ന് ആർക്കും അവകാശപ്പെടാനാവില്ലെന്നു ചുരുക്കം.

സ്വേഛാധിപത്യരീതി ഒരിക്കലും അധ്യാപകന്റെ പ്രമാണമാകരുത്. ക്ലാസ്മുറികളിൽ ജനാധിപത്യരീതി അവലംബിക്കുക. വിദ്യാർഥികളാണെങ്കിലും അവരുടെ അഭിപ്രായങ്ങൾക്കു വിലകല്പിക്കണം. ഞാൻ പറയുന്നതു മാത്രം ശരി, കുട്ടികൾ അറിവില്ലാത്തവരാണ് എന്ന ധാരണ തീരെ പഴഞ്ചനാണെന്നു മറക്കരുത്.

വിദ്യാർഥികളെ ബഹുമാനിക്കാൻ പഠിക്കണം. ഗുരുവിനേക്കാൾ വലിയ ശിഷ്യനില്ല എന്നു പറയുമ്പോഴും, നാളെ തന്നേക്കാൾ വലിയവരാകാൻ സാധ്യതയുള്ളവരാണ് തന്റെ മുമ്പിലിരിക്കുന്ന വിദ്യാർഥികളെന്ന തിരിച്ചറിവോടെ അവരെ സമീപിക്കണം. കുട്ടികളെ പരിഗണിക്കയും അവരെ പ്രോത്സാഹിപ്പിക്കയും ചെയ്യണം. അധ്യാപകരുടെ ശരീരഭാഷയും ചേഷ്ടകളുംപോലും വിദ്യാർഥികളെ സ്വാധീനിക്കാം. ഒരു ചോദ്യത്തിന് ഉത്തരം അറിയാതെ വരുന്നതോ, ഉത്തരം തെറ്റിപ്പോകുന്നതോ ആ വിദ്യാർഥിയെ സമഗ്രമായി വിലയിരുത്താനുള്ള മാനദണ്ഡമല്ല. അതിന്റെ പേരിൽ നടത്തുന്ന നെഗറ്റീവ് പ്രതികരണം വിദ്യാർഥിയിൽ ചിലപ്പോൾ വലിയ മുറിവു സൃഷ്ടിച്ചേക്കാം. ആത്മാഭിമാനവും അപകർഷതയും രൂപപ്പെടുന്നത് ക്ലാസുമുറികളിൽ വെച്ചുകൂടിയാണെന്ന കാര്യം അധ്യാപകർ മറക്കരുത്.

അധ്യാപകർ അപ്ഡേറ്റഡാകണം. ഇന്നു

അടുക്കള

അന്നമ്മ മത്തായി

## അടുക്കള ടിപ്സ്

അടുക്കള ലോകത്തിലെ ഏറ്റവും മനോഹരമായ സ്ഥലമാണെന്നു ചിലർ പറയാറുണ്ട്. അതു ശരിയാകാം, ശരിയല്ലായിരിക്കാം. പക്ഷേ, ചില അടുക്കളകളിൽ നിന്നുമുയരുന്ന ദുർഗന്ധം വല്ലാത്ത പ്രശ്നം തന്നെ. അടുക്കളയിലെ ദുർഗന്ധം ഒഴിവാക്കാൻ എന്താണു മാർഗം?

- ഗ്രാമ്പൂ, ഓറഞ്ച് തൊലി, പുതിനയില എന്നിവ അടുക്കളയിൽ വെച്ചുനോക്കൂ. ദുർഗന്ധം മാറിക്കിട്ടും.
- അടുക്കളയിലെ സിങ്ക് പലയിടത്തും പ്രശ്നമാണ്. ഭക്ഷണാവശിഷ്ടങ്ങൾ തടഞ്ഞ് വെള്ളം കെട്ടിക്കിടക്കുന്നതാണ് പ്രധാന കാരണം. അതു പരിഹരിക്കാനുള്ള വഴിയെന്താണ്? വിനാഗിരി ഒരു പാത്രത്തിൽ ഒഴിച്ച് ഫ്രീസറിൽ വെക്കുക. അതിനു ശേഷം സിങ്കിലേക്ക് വിനാഗിരി പൊട്ടിച്ചിടുക. അതു അലിഞ്ഞുകഴിയുമ്പോൾ ചൂടുവെള്ളം സിങ്കിൽ ഒഴിക്കണം. സിങ്കിൽ വെള്ളംകെട്ടിക്കിടക്കുന്നത് പതിവാകുമ്പോൾ ഇങ്ങനെ ചെയ്താൽ മതി.
- ആഴ്ചയിലൊരിക്കൽ നിർബന്ധമായും ഗ്യാസ് ബർണർ തുടയ്ക്കണം. വിനാഗിരി ചേർത്ത വെള്ളത്തിൽ ബർണർ അല്പസമയം മുക്കിവെക്കുക. ശേഷം സ്ക്രബ് ചെയ്തെടുക്കുക.
- രണ്ടാഴ്ച കൂടുമ്പോളെങ്കിലും അടുക്കള പൂർണമായും വൃത്തിയാക്കണം. കാബിനിൽ നിന്നും പാത്രങ്ങൾ പുറത്തെടുത്ത് തുടച്ചുവെക്കണം.



## പക്ഷപാതിത്വം വേണ്ട

ചില വിദ്യാർഥികളോട് അധ്യാപകർക്കു പ്രത്യേകമൊരിഷ്ടം തോന്നുക സ്വാഭാവികം. പഠിക്കുന്ന കുട്ടികൾ, അനുസരിക്കുന്ന കുട്ടികൾ, കലാപരമായ വാസനകളുള്ള കുട്ടികൾ ഇവരൊക്കെ ആ കൂട്ടത്തിൽപ്പെടാം. ചില വികൃതിക്കുട്ടികളോടുപോലും അധികസ്നേഹം തോന്നുന്ന അധ്യാപകരുണ്ട്. ഇതൊക്കെ തെറ്റാണെന്നു പറയാനാവില്ല. പക്ഷേ അനീതിയും വിവേചനവും കാണിക്കുന്നത് അംഗീകരിക്കാനാവില്ല. പക്ഷപാതിത്വമില്ലാതെ എല്ലാ വിദ്യാർഥികൾക്കും അർഹമായ കാര്യങ്ങൾ ചെയ്തുകൊടുക്കണം. മാർക്കിലുംമറ്റും വിവേചനം കാണിക്കുന്ന അധ്യാപകരുണ്ട്. അവർ എക്കാലവും വിദ്യാർഥികളുടെ മനസിൽ ചെറിയ മനുഷ്യരായിരിക്കും.

പല കാര്യങ്ങളിലും വിദ്യാർഥികളാണ് മുമ്പന്തിയിൽ; സാങ്കേതികകാര്യങ്ങളിൽ പ്രത്യേകിച്ചും. അധ്യാപനത്തിൽ പഴഞ്ചൻ രീതികൾ മാത്രം പിന്തുടരാതെ, പാഠ്യഭാഗങ്ങളെ സമകാലികവിഷയങ്ങളുമായി ബന്ധിപ്പിച്ചും പുതിയ അറിവുകൾ പങ്കുവെച്ചും അധ്യാപകർക്കു അപ്ഡേറ്റഡാകാം.

വാൽക്കഷണം: മലയാളത്തിലെ പ്രമുഖനായ ഒരു നിരൂപകന്റെ പിറന്നാൾചടങ്ങിൽ പങ്കെടുക്കാൻ പോയി. എംഎയ്ക്കു പഠിപ്പിച്ച ഒരു അധ്യാപകനെ വർഷങ്ങൾക്കുശേഷം അവിടെവെച്ചു കണ്ടു. പരിചയം പുതുക്കണോ എന്ന് ഒരു നിമിഷത്തെ സംശയം. പെട്ടെന്ന് അതു മറികടന്ന് അടുക്കൽ ചെന്നു പേരു പറഞ്ഞു. വർഷവും സൂചിപ്പിച്ചു. പക്ഷേ അദേഹം ഗൗനിക്കുന്നില്ല. അതിൽ തെറ്റുപറയാനൊന്നുമില്ല; ഓർത്തിരിക്കാൻ മാത്രം പ്രത്യേകതകളുള്ള വിദ്യാർഥിയൊന്നുമായിരുന്നില്ല ഞാൻ. അദേഹത്തിന് പ്രിയപ്പെട്ടതെന്ന് ഞങ്ങൾ വിചാരിച്ച ചില വിദ്യാർഥികളുടെ പേരുപറഞ്ഞ് പരിചയം സ്ഥാപിക്കാനും ശ്രമിച്ചു. അപ്പോഴും അദേഹമൊന്നും പറയുന്നില്ല. പ്രായം ഏറിയപ്പോൾ പലരെയും മറന്നതാവാം എന്നു സ്വയം ആശ്വസിച്ചു. എങ്കിലും അന്നും ഇന്നും ദഹിക്കാത്തത് ഒന്നേയുള്ളു; എന്തു ചെയ്യുന്നു? സുഖമാണോ? എന്നുപോലും ചോദിക്കാനുള്ള മാന്യത അദേഹം കാണിച്ചില്ല. അധ്യാപകനായിരുന്നപ്പോൾ സാധാരണക്കാരായ വിദ്യാർഥികളോട് കാണിച്ചിരുന്ന അതേ ധാർഷ്ട്യവും പുഛവും ഇന്നും തുടരുന്നു.

വാർധക്യകാലത്ത് പഠിപ്പിച്ച എല്ലാ വിദ്യാർഥികളെയും അധ്യാപകർ ഓർത്തിരിക്കുക അസാധ്യമാണ്. പക്ഷേ അവർ പരിചയം പുതുക്കി അടുത്തുവരുമ്പോൾ, ഓർമവരുന്നില്ല എന്നു തുറന്നുസമ്മതിച്ച് അവരുടെ ഇപ്പോഴത്തെ വിശേഷങ്ങൾ ചോദിച്ചറിയാം, കണ്ടതിലുള്ള സന്തോഷം പ്രകടിപ്പിക്കാം, വീണ്ടും കാണാമെന്നു പറഞ്ഞ് യാത്ര അയയ്ക്കാം. വർഷമെത്ര കഴിഞ്ഞാലും വിദ്യാർഥികളുടെ മനസിൽ മായാത്ത അടയാളങ്ങൾ പതിപ്പിക്കുകയും, അവർ നന്ദിയോടും സ്നേഹത്തോടും കൂടി ഓർമിക്കത്തക്കവിധത്തിൽ അവരെ സ്വാധീനിക്കുകയും ചെയ്യുന്ന നല്ല അധ്യാപകർ ഈ തലമുറയിലുമുണ്ടാകട്ടെ. ○

ബിജു സെബാസ്റ്റ്യൻ

# ഒരു വാക്കും പറയാതെ സീയോൺ മാതാവ്...

കത്തോലിക്കാവിശ്വാസത്തെ നിന്ദ്യമായി പരിഹസിക്കുകയും വെറുക്കുകയും ചെയ്തിരുന്ന റാറ്റിസ്ബോൺ എന്ന യഹൂദന് പരിശുദ്ധ കന്യകാമറിയത്തിന്റെ ദർശനമുണ്ടായ സംഭവം.

കർശനമായ വിധത്തിൽ യഹൂദമതനിയമങ്ങൾ പാലിച്ചുപോന്ന ഒരു സമ്പന്നകുടുംബത്തിലെ അംഗമായി 1814 മെയ് ഒന്നാം തീയതിയാണ് റാറ്റിസ്ബോണിന്റെ ജനനം. റാറ്റിസ്ബോണിന്റെ കുട്ടിക്കാലത്തുതന്നെ ആ കുടുംബത്തിൽ ഒരു അനിഷ്ടസംഭവം നടന്നു. മൂത്തസഹോദരൻ കത്തോലിക്കാ വിശ്വാസം സ്വീകരിച്ച് ഒരു പുരോഹിതനായി. കുടുംബത്തിനു മുഴുവൻ നാണക്കേടും സങ്കടവുമുണ്ടാക്കിയ പ്രവൃത്തി. സഹോദരൻ നല്കിയ ഈ വേദനയും അപമാനവും കൊണ്ടാവാം, ഇനി കത്തോലിക്കരുമായി ഒരു വിധത്തിലുള്ള ഇടപാടുകളും തനിക്കുണ്ടായിരിക്കയില്ലെന്ന് റാറ്റിസ്ബോൺ ശപഥം ചെയ്തു. അന്നുമുതൽ കത്തോലിക്കരെ ശത്രുക്കളായി അവൻ പരിഗണിച്ചുതുടങ്ങി.

വർഷങ്ങൾ കടന്നുപോയി. 28-ാം വയസിൽ അമ്മാവന്റെ മകളുമായി വിവാഹനിശ്ചയം നടന്നു. 1842ൽ ആയിരുന്നു അത്. ചില പ്രത്യേക കാരണങ്ങളാൽ വിവാഹം നീണ്ടുപോയി. ഈ സമയം യൂറോപ്പിലേക്ക് ഒരു യാത്ര നടത്താൻ റാറ്റിസ്ബോൺ തീരുമാനിച്ചു. ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധിക്കാൻ ഈ യാത്ര സഹായിക്കുമെന്നും അയാൾ കരുതി. മാൾട്ടയിലേക്കു പോകാനായിരുന്നു ആഗ്രഹം. പക്ഷേ വഴി തെറ്റിപ്പോയി. വഴിതെറ്റിയെന്നു പുറമേ തോന്നിയെങ്കിലും,



അതു ദൈവത്തിന്റെ വഴിയായിരുന്നുവെന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചു. വഴിതെറ്റി അയാൾ എത്തിച്ചേർന്നതോ, റോമിലും. ദനഹാതിരുനാൾ ആചരിക്കുന്ന ദിവസമായിരുന്നു അത്.

അവിടെ വെച്ച് റാറ്റിസ്ബോണിന്റെ ജീവിതത്തിൽ ഒരു സുപ്രധാന വഴിത്തിരിവു സംഭവിച്ചു. പഴയ സുഹൃത്തായ ഗുസ്താവോയുമായുള്ള കൂടിക്കാഴ്ചയായിരുന്നു അത്. വർഷങ്ങൾക്കു ശേഷമുള്ള ആ കണ്ടുമുട്ടൽ അവർക്കു അവർണനനീയമായ ആഹ്ലാദം പകർന്നു. ഇതിനിടെ അവരുടെ ഇടയിലേക്ക് മറ്റൊരാൾകൂടി കടന്നുവന്നു. ഗുസ്താവോയുടെ സഹോദരൻ ബാരൺ തിയോഡോർ ഡി ബുസിയേഴ്സായിരുന്നു അത്. കത്തോലിക്കാവിശ്വാസം സ്വീകരിച്ച് പുരോഹിതനായ റാറ്റിസ്ബോണിന്റെ സഹോദരന്റെയും സുഹൃത്തായിരുന്നു ബാരൺ. സ്വാഭാവികമായും റാറ്റിസ്ബോണിന് അയാളോടു പുച്ഛവും വെറുപ്പും തോന്നി. പക്ഷേ അതു പുറമേ കാട്ടാൻ അയാൾ തയാറായില്ല. കാരണം താൻ സന്ദർശിക്കുന്ന കോൺസ്റ്റാന്റിനോപ്പിളിൽ സ്വാധീനമുള്ള വ്യക്തിയാണ് ബാരൺ.

കണ്ടുമുട്ടുന്ന അകത്തോലിക്കരെ കത്തോലിക്കാ വിശ്വാസത്തിലേക്ക് നയിക്കുക

**ദർശനത്തെ തുടർന്ന് റാറ്റിസ്ബോൺ ഈശോസഭാ വൈദികനായി. യഹൂദരുടെ മാനസാന്തരമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യ പ്രവർത്തനലക്ഷ്യം.**

എന്നത് ജീവിതവ്രതമായി സ്വീകരിച്ച വ്യക്തിയായിരുന്നു ബാരൺ. ഈ സമീപനം റാറ്റിസ്ബോണിന്റെ കാര്യത്തിലും നടപ്പാക്കാൻ ശ്രമിച്ചു. അതിന്റെ ഭാഗമായി ഒരു കാര്യം ബാരൺ അഭ്യർഥിച്ചു: മാതാവിന്റെ അദ്ഭുതമെഡൽ ധരിച്ച് എല്ലാ ദിവസവും, എത്രയും ദയയുള്ള മാതാവേ എന്ന ജപംചൊല്ലുക. ഉള്ളിൽ പരിഹാസത്തോടെയാണെങ്കിലും റാറ്റിസ്ബോൺ സമ്മതിച്ചു. ബാരണിന്റെ കൊച്ചുമകളാണ് റാറ്റിസ്ബോണിന്റെ കഴുത്തിൽ അദ്ഭുത കാശുരൂപം ധരിപ്പിച്ചത്.

അക്കാലത്ത് കത്തോലിക്കാ വിശ്വാസത്തിലേക്കു കടന്നുവന്ന ഒരു വ്യക്തിയായിരുന്നു കൗണ്ട് ലാഫെറോണെയ്സ്. ഭൂതകാലത്തിലെ എല്ലാ പാപങ്ങളും

## ബ്യൂട്ടി ടിപ്സ് BEAUTY TIPS

എൽസാ റോയ്

# കണ്ണിനടിയിലെ കറുപ്പ്

കണ്ണിനടിയിലെ കറുപ്പ് പലരെയും വിഷമിപ്പിക്കുന്ന സൗന്ദര്യപ്രശ്നമാണ്. ഇതിനെന്താണ് ഒരു പരിഹാരമാർഗം? നന്നായി വെള്ളം കുടിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. വെള്ളംകുടിക്കുന്ന അളവിനെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും പൊതുവെ പറയുന്ന കണക്ക് ഇങ്ങനെ. 25 കിലോ ഭാരമുള്ള ഒരാൾ ഒരു ലിറ്റർ വെള്ളം ദിവസവും കുടിക്കണം. അതനുസരിച്ച് ആനുപാതികമായ അളവിൽ ദിവസവും വെള്ളം കുടിക്കുക. ലൈറ്റ് ഓഫാക്കിയ ശേഷം ഇരുട്ടിലിരുന്ന് ഫോൺ, ടിവി, കമ്പ്യൂട്ടർ എന്നിവ ഉപയോഗിക്കാതിരിക്കുക.

ഇതുരണ്ടും ചെയ്തതിനു ശേഷവും കണ്ണിനടിയിലെ കറുപ്പുനിറം മാറുന്നില്ലെങ്കിൽ ചില പൊടിക്കൈകൾ പരീക്ഷിക്കാം. ബദാം എണ്ണ രണ്ടോ മൂന്നോ തുള്ളി എടുത്ത് മോതിരവിരൽകൊണ്ടു മൂന്നുമിനിറ്റു നേരം കണ്ണിനുതാഴെ മസാജ് ചെയ്യുക. രാത്രി കിടക്കാൻ നേരമാണ് ഇപ്രകാരം ചെയ്യേണ്ടത്. രാവിലെ കഴുകിക്കളയുകയും വേണം. വെള്ളരി പേപ്പർകനത്തിൽ മുറിച്ച് അതിൽ പനിനീർ രണ്ടോ മൂന്നോ തുള്ളി ചേർത്ത് 20 മിനിറ്റ് കണ്ണിൽ വെക്കുന്നതും ഗുണം ചെയ്യും. തണുപ്പ് പ്രശ്നമുള്ളവർ രണ്ടാമതു പറഞ്ഞ കാര്യവും, ഓയിലി സ്കിൻ ഉള്ളവർ ആദ്യം പറഞ്ഞ കാര്യവും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

• പേരന്റിംഗ് •
ഡോ. ഡേവിഡ് കാരിക്കൽ

# വൈകാരിക സുരക്ഷിതത്വം അത്യാവശ്യം

**വീടുകളിൽനിന്ന് വേണ്ടത്ര വൈകാരികപിന്തുണയും സുരക്ഷിതത്വവും ലഭിക്കാത്തതാണ്, കുട്ടികൾ അന്തർമുഖരും ഒറ്റപ്പെട്ടവരുമായി മാറുന്നതിനു കാരണം.**

കുഞ്ഞുങ്ങളുടെ ശാരീരികസുരക്ഷ ഉറപ്പുവരുത്തുന്ന കാര്യത്തിൽ മാതാപിതാക്കൾ പ്രകടിപ്പിക്കുന്ന ശുഷ്കാന്തി അവരുടെ വൈകാരിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിൽ എത്രത്തോളം കാണിക്കുന്നുണ്ട്? പല മാതാപിതാക്കളും ഇക്കാര്യത്തിൽ വേണ്ടത്ര അറിവോ ബോധമോ ഉള്ളവരല്ല. മക്കളുടെ ശാരീരികസുരക്ഷിതത്വം പോലെ പ്രധാനമാണ് വൈകാരിക സുരക്ഷിതത്വവും. മാതാപിതാക്കൾ തമ്മിലും കുടുംബാംഗങ്ങൾ തമ്മിലുമുള്ള സ്വരചേർച്ചയില്ലായ്മ, വഴക്ക്, വീട്ടിനുള്ളിൽ നടക്കുന്ന അനാരോഗ്യകരമായ ഇടപെടലുകൾ തുടങ്ങിയവയെല്ലാം കുട്ടികളിൽ വൈകാരികമായ അരക്ഷിതത്വം സൃഷ്ടിക്കാം.

അപ്പനമ്മമാർ തമ്മിൽ നിരന്തരം പോരടിക്കുന്നത് കണ്ടുവളരുന്ന മക്കൾ, അതുവഴി സ്വരൂപിക്കുന്ന ധാരണയെന്താവാം? ഞാൻ ഈ വീട്ടിൽ സുരക്ഷിതനേയല്ല എന്ന വിചാരമാണത്. ക്രമേണ ഇതവരിൽ പേടിയും അരക്ഷിതബോധവും സൃഷ്ടിക്കുന്നു.

നിരന്തരം കുട്ടികളെ വഴക്കുപറയുന്നതും കുറ്റപ്പെടുത്തുന്നതും അതുപോലെ തന്നെ അവരെ ആശങ്കാകുലരാക്കാം. ക്രമേണ അതവരുടെ ആത്മവിശ്വാസത്തിന് ക്ഷതമേല്പിക്കും; അവർ അപകർഷബോധത്തിന് അടിമകളാകയും ചെയ്യും.

കുട്ടികൾ അന്തർമുഖരും ഒറ്റപ്പെട്ടവരുമായി മാറുന്നതിനുള്ള കാരണം തേടി മറ്റെങ്ങും

കഴുകിക്കളഞ്ഞ് കുടുംബാംഗങ്ങൾ സാക്ഷി നില്ക്കെ ശാന്തമായാണ് അയാൾ മരണത്തിലേക്കു കടന്നുപോയത്. അദേഹത്തിന്റെ ശവസംസ്കാരച്ചടങ്ങിൽ പങ്കെടുക്കാൻ റാറ്റിസ്ബോണും എത്തി. റോമിലെ സെന്റ് ആൻഡ്രിയ ബസിലിക്കയിലായിരുന്നു സംസ്കാരശുശ്രൂഷകൾ. പള്ളിയിലെത്തിയ റാറ്റിസ്ബോണിനെ കാത്തുനിന്നത് അതിശയകരമായ ചില അനുഭവങ്ങളായിരുന്നു. ആ സംഭവത്തെക്കുറിച്ച് റാറ്റിസ്ബോൺ വിശദീകരിച്ചത് ഇങ്ങനെ:

'ചുറ്റുപാടും കുറ്റാക്കൂരിരുട്ട്. എന്നാൽ എല്ലാ വെളിച്ചവും ഒരൊറ്റ ബിന്ദുവിൽ കേന്ദ്രീകരിച്ചതു പോലെ. ഞാൻ അവിടേയ്ക്കു നോക്കി. ബലിപീഠത്തിനു മുകളിൽ ഉയരവും ഗാംഭീര്യവും സൗന്ദര്യവുമുള്ള, എന്നാൽ കരുണ തുടിക്കുന്ന ജീവനുള്ള ഒരു രൂപം ഞാൻ കണ്ടു. ഞാൻ ധരിച്ച അദ്ഭുതമെഡലിലെ രൂപമാണ് അതെന്ന് എനിക്കു മനസിലായി. അതെ, അതു പരിശുദ്ധ കന്യകാമറിയമായിരുന്നു. അമ്മ എന്നോട് ഒരു വാക്കുപോലും സംസാരിച്ചില്ല. എങ്കിലും ആ നിമിഷം എന്റെ പാപങ്ങളും കത്തോലിക്കാവിശ്വാസത്തിന്റെ സത്യവും സൗന്ദര്യവും എനിക്കു മനസിലായി.'

അദ്ഭുതമെഡൽ കൈയിലെടുത്തുപിടിച്ച് കരയുന്ന റാറ്റിസ്ബോണിനെയാണ് അവിടെയെത്തിയ ബാരൺ കണ്ടത്. 'എനിക്കൊന്നു കുമ്പസാരിക്കണം. എന്നെയൊരു കത്തോലിക്കാവൈദികന്റെ അടുക്കലേക്കു കൊണ്ടുപോകൂ. എനിക്കെന്നാണ് മാമോദീസാ സ്വീകരിക്കാൻ കഴിയുന്നത്? ഇനി എനിക്ക് അതില്ലാതെ ജീവിക്കാനാവില്ല.' റാറ്റിസ്ബോൺ പറഞ്ഞുകൊണ്ടേയിരുന്നു.

ബാരൺ അയാളെ കൊണ്ടുപോയത് ഫാ. വില്ലെഫോർട്ടിന്റെ അടുക്കലേക്കാണ്. അവിടെ ചെന്നിട്ടും തനിക്ക് എന്താണു സംഭവിച്ചത് എന്നു വിശദമാക്കാൻ റാറ്റിസ്ബോണിനു സാധിച്ചില്ല. 'ഒടുവിൽ ഞാൻ അവളെ കണ്ടു, അവളെ കണ്ടു' എന്ന് അദ്ഭുതമെഡൽ കൈയിലെടുത്തുപിടിച്ച് അയാൾ പറഞ്ഞുകൊണ്ടിരുന്നു.

1842 ജനുവരി 31ന് റാറ്റിസ്ബോൺ കത്തോലിക്കാവിശ്വാസം സ്വീകരിച്ചു. മേരി അൽഫോൻസ് റാറ്റിസ്ബോൺ എന്നാണ് പില്കാലത്ത് അയാൾ അറിയപ്പെട്ടത്.

തിരയേണ്ടതില്ല. വീടുകളിൽനിന്ന് അവർക്കു വേണ്ടത്ര വൈകാരികപിന്തുണയും സുരക്ഷിതത്വവും ലഭിക്കുന്നില്ലെങ്കിൽ അവർ അമിത തോതിലുള്ള ഉത്കണ്ഠയ്ക്കും ഭയത്തിനും വിധേയരാകും. ആരെയും വിശ്വസിക്കാൻ കൊള്ളുകയില്ല എന്നൊരു ചിന്ത ബലപ്പെടുകയും ചെയ്യും.

ഏതെങ്കിലും തരത്തിലുള്ള ലൈംഗികാതിക്രമത്തിന് കുട്ടികൾ ഇരകളായാൽ സ്ഥിതി ആശങ്കാജനകമാണ്. വൈകാരികതലത്തിലുള്ള അരക്ഷിതാവസ്ഥയിലേക്കു കാര്യങ്ങൾ വളരും. വൈകാരിക സുരക്ഷിതത്വം അനുഭവിച്ചു വളരാത്ത കുട്ടികളാണ് പില്കാലത്ത് ശാരീരികമോ സാമ്പത്തികമോ ലൈംഗികമോ വൈകാരികമോ ആയ ചൂഷണങ്ങൾക്ക് വശംവദരാകുന്നത്.

**മാതാപിതാക്കൾ ശ്രദ്ധിക്കാൻ**

- വൈകാരികമായ അരക്ഷിതാവസ്ഥയിൽനിന്നു കുട്ടികളെ മോചിപ്പിക്കാനും, വൈകാരികമായ സുരക്ഷിതത്വം നല്കാനും മാതാപിതാക്കൾ ബോധപൂർവം ശ്രമിക്കണം. വീട്ടിൽ വഴക്കുകളോ അക്രമങ്ങളോ ഉണ്ടാകാൻ പാടില്ല. ലഹരിവസ്തുക്കളുടെ ഉപയോഗം പാടേ വർജിക്കണം.
- കുട്ടികൾക്കു ബോധ്യപ്പെടുന്നവിധം സ്നേഹവും പരിചരണവും പരിഗണനയും അവർക്കു നല്കുക. ഏതുകാര്യവും വീട്ടിൽ തുറന്നുസംസാരിക്കാനുള്ള സ്വാതന്ത്ര്യം തങ്ങൾക്കുണ്ടെന്ന് കുട്ടികൾക്കു ബോധ്യമുണ്ടാകണം.
- വികാരങ്ങൾ പ്രകടിപ്പിക്കാൻ കുട്ടികളെ അനുവദിക്കുക. അവർ കരയുകയോ പൊട്ടിത്തെറിക്കുകയോ ചെയ്തുകൊള്ളട്ടെ. വികാരങ്ങളെ അടിച്ചമർത്താൻ നിർബന്ധിക്കരുത്.
- കുട്ടികളെ ക്രൂരമായി ശിക്ഷിക്കാതിരിക്കുക. കുട്ടികളോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ടുതന്നെ അവരെ ശാസിക്കാം, തിരുത്താം.

അദ്ഭുതത്തിന്റെ മാതാവ്, സീയോണിലെ മാതാവ് എന്നീ പേരുകളിൽ ഈ രൂപം പില്കാലത്ത് പ്രശസ്തമായി. റാറ്റിസ്ബോണിനു സംഭവിച്ച മനഃപരിവർത്തനവും മാനസാന്തരവും ഗ്രിഗറി പതിനാറാമൻ പാപ്പായുടെ ശ്രദ്ധയിലും പെട്ടു. പാപ്പാ ഇതേക്കുറിച്ചു പഠിക്കാൻ സംഘത്തെ നിയോഗിക്കയും, ഒടുവിൽ പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയാൽ നടന്ന അദ്ഭുതമാണ് ഇതെന്നു പ്രഖ്യാപിക്കയും ചെയ്തു.

റാറ്റിസ്ബോൺ നല്കിയ സൂചനകളനുസരിച്ച് നതാലെ കാർട്ട എന്ന കലാകാരനാണ് സീയോൺ മാതാവിന്റെ ചിത്രം വരച്ചത്. കത്തോലിക്കാവൈദികനായ സ്വന്തം സഹോദരനുമായി റാറ്റിസ്ബോൺ അനുരഞ്ജനത്തിലായി. സിസ്റ്റർഹുഡ് ഓഫ് ഔവർ ലേഡി ഓഫ് സീയോൺ സ്ഥാപിക്കാൻ അദേഹത്തെ സഹായിക്കയും ചെയ്തു. റാറ്റിസ്ബോൺ പിന്നീട് ഈശോസഭാ വൈദികനായി. യഹൂദരുടെ മാനസാന്തരമായിരുന്നു അദേഹത്തിന്റെ മുഖ്യ പ്രവർത്തനലക്ഷ്യം.

ഒരുകാലത്ത് താൻ എത്രമാത്രം കത്തോലിക്കാ വിശ്വാസത്തെ വെറുത്തോ, അതിന്റെ പതിന്മടങ്ങ് തോതിൽ മറ്റുള്ളവരെ കത്തോലിക്കാ വിശ്വാസത്തിലേക്ക് ആകർഷിക്കാൻ അദേഹം പ്രവർത്തനനിരതനായി. ക്രിസ്തുമതത്തിന്റെയും കത്തോലിക്കാസഭയുടെയും പ്രചാരകനായാണ് മരണംവരെ അദേഹം അധ്വാനിച്ചത്. 1884 മെയ് ആറിനായിരുന്നു മരണം. 1892 ജനുവരി 17ന് ലെയോ പതിമൂന്നാമൻ പാപ്പാ സീയോൺ മാതാവിന്റെ ചിത്രത്തിൽ കിരീടധാരണം നടത്തി. 1942 ഏപ്രിൽ 25ന് പീയൂസ് പന്ത്രണ്ടാമൻ പാപ്പാ ഈ ദേവാലയത്തെ ബസിലിക്കാ പദവിയിലേക്ക് ഉയർത്തി.

പരിശുദ്ധ അമ്മ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ അനേകർക്കു നല്കിയ ദർശനങ്ങളിൽ വളരെ വ്യത്യസ്തമായ ഒരു പ്രത്യക്ഷീകരണമായാണ് സീയോണിലെ ദർശനത്തെ കണക്കാക്കുന്നത്. മറ്റു പല പ്രത്യക്ഷീകരണങ്ങളിലും മാതാവ് നിരവധി നിർദേശങ്ങൾ നല്കുന്നുണ്ട്. പക്ഷേ, ഇവിടെ മാത്രം മാതാവ് ഒരുവാക്കുപോലും സംസാരിച്ചില്ല.

○

# വെളിപാടിന്റെ വെളിച്ചത്തിൽ വെല്ലുവിളികളെ നേരിടണം: ലെയോ മാർപാപ്പാ



നടുത്തളം GLOBAL NEWS

ഈശോ മിശിഹായിൽ പൂർണത കണ്ടെത്തുന്ന ദൈവിക വെളിപാടിന്റെ വെളിച്ചത്തിൽ ഇന്നത്തെ വെല്ലുവിളികളെയും മാറ്റങ്ങളെയും സംഘർഷങ്ങളെയുംകുറിച്ചു ചിന്തിക്കാൻ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ ആഹ്വാനം ചെയ്തു. കൊളംബിയയിലെ ബോഗോത്തയിൽ ഓഗസ്റ്റ് 20, 21 തീയതികളിൽ നടന്ന ധാർമിക ദൈവശാസ്ത്രത്തെക്കുറിച്ചുള്ള 17-ാമത് അന്താരാഷ്ട്ര കോൺഗ്രസിന് ആശംസകളും പ്രാർഥനകളും അറിയിച്ച് പാപ്പാ അയച്ച ടെലഗ്രാം സന്ദേശത്തിലാണ് ഈ ആഹ്വാനം.

ദൈവത്തിന്റെ നിയമങ്ങൾ മാനിക്കുന്നതിനൊപ്പം മനുഷ്യന്റെ മനഃസാക്ഷിക്കും സ്വാതന്ത്ര്യത്തിനും അർഹമായ പരിഗണന നല്കണം. ഇവ രണ്ടും തമ്മിലുള്ള സന്തുലിതാവസ്ഥ കണ്ടെത്തിയ വിശുദ്ധ അല്ഫോൻസ് ലിഗോരിയെപ്പോലുള്ളവരുടെ മാതൃക പിന്തുടരണം. പാപ്പാ ആവശ്യപ്പെട്ടു. മറ്റുള്ളവരോട് ദയയും ക്ഷമയും കാണിക്കുന്നതിലൂടെ, ദൈവകാരുണ്യത്തിന്റെ ജീവിക്കുന്ന അടയാളമായി മാറുകയാണ് നാമെന്നും അദേഹം പ്രസ്താവിച്ചു.

ജ്ഞാനത്തിന്റെ ഇരിപ്പിടമായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണം അപേക്ഷിച്ചും, കോൺഗ്രസിൽ പങ്കെടുക്കുന്ന എല്ലാവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രിയപ്പെട്ടവർക്കും അപ്പസ്തോലിക ആശീർവാദം നല്കിയുമാണ് പാപ്പാ സന്ദേശം അവസാനിപ്പിച്ചത്.

# പാപ്പുവ ന്യൂ ഗിനിയയിൽ പാവപ്പെട്ടവർക്ക് സഭയുടെ കൈത്താങ്ങ്

കുടിയേറ്റക്കാരും അഭയാർഥികളും ഏറെയുള്ള പാപ്പുവ ന്യൂ ഗിനിയയിൽ, ദുർബലരായ സമൂഹങ്ങളെ സഹായിക്കുന്നതിന്, കത്തോലിക്കാ സഭ ഒരുക്കുന്നത് വൈവിധ്യമാർന്ന ധാരാളം പദ്ധതികൾ. രാജ്യത്തെ മെത്രാൻസമിതിയുടെ സഹകരണത്തോടെ, ഇന്റർനാഷണൽ കമ്മീഷൻ ഫോർ കാത്തലിക് മൈഗ്രേഷനാണ് പദ്ധതികൾക്കു വേണ്ട ധനസഹായം നല്കുന്നത്.

പോൾ ആറാമൻ പാപ്പാ (ജോവാന്നി ബാത്തിസ്ത മൊന്തീനി) വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി ആയിരുന്ന കാലത്താണ്, കുടിയിറക്കപ്പെട്ടവരുടെയും അഭയാർഥികളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ബദ്ധശ്രദ്ധരായ കത്തോലിക്കാ സംഘടനകളെ പിന്തുണയ്ക്കാൻ ഇന്റർനാഷണൽ കമ്മീഷൻ ഫോർ കാത്തലിക് മൈഗ്രേഷനു രൂപംനല്കിയത്.

ദ്വീപിന്റെ വിവിധ പ്രദേശങ്ങളിലുള്ള ഭരണസംവിധാനങ്ങളുടെ സഹകരണത്തോടെ പദ്ധതികൾ പ്രാവർത്തികമാക്കുമെന്ന് ഏജൻസികൾ അറിയിച്ചു. അഭയാർഥികളെ നിലവിലുള്ള സമൂഹങ്ങളുമായി ഇഴുകിച്ചേരാൻ സഹായകമായ പദ്ധതികൾക്കും അവസാനരൂപം നല്കിയിട്ടുണ്ട്. മനു

ഷ്യാന്തസിനെ ബഹുമാനിക്കുന്ന ഈ പദ്ധതികളുടെ ഗുണഭോക്താക്കളിൽ ഏറിയ പങ്കും പോർട്ട് മോറെസ്ബിയിലെ താത്കാലിക അഭയസ്ഥാനങ്ങളിൽ താമസിക്കുന്നവരാണ്.

ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച്, ഏകദേശം പതിനായിരത്തോളം പാപ്പുവൻ അഭയാർഥികൾ പോർട്ട് മോറെസ്ബിക്കു ചുറ്റുമുള്ള ക്യാമ്പുകളിൽ ഇപ്പോഴുമുണ്ട്. ഇവരിൽ പലരും ജീവിക്കുന്നത് തീർത്തും അപകടകരമായ അവസ്ഥയിലും. പാപ്പുവ ന്യൂ ഗിനിയ പോലുള്ള സ്ഥലങ്ങളിൽ അഭയാർഥികളുടെ സ്ഥിതി മെച്ചപ്പെടുത്താൻ നിരവധി കത്തോലിക്കാ സംഘടനകൾ പ്രവർത്തനനിരതമായിരിക്കുന്നതിനു കാരണം അതാണ്.

## മരുഭൂമികൾ ദൈവത്തിന്റെ നഗരവും ഉദ്യാനവും: ലെയോ മാർപാപ്പാ

മതങ്ങൾ തമ്മിലും സമൂഹങ്ങൾ തമ്മിലുമുള്ള സൗഹൃദം ഊട്ടിയുറപ്പിക്കാൻ ഇറ്റലിയിലെ റിമിനിയിൽ നടക്കുന്ന 46-ാമത് സമ്മേളനത്തിന് പരിശുദ്ധ പിതാവ് ആശംസകളറിയിച്ചു സന്ദേശമയച്ചു. 'സമാധാനത്തിൽ, സൗഹൃദത്തിനായുള്ള കൂടിച്ചേരൽ' എന്നതാണ് സമ്മേളന മുദ്രാവാക്യം.

ഉപേക്ഷിക്കപ്പെട്ട സ്ഥലങ്ങളെന്നു മുദ്രകുത്തപ്പെട്ട മരുഭൂമികളിൽപോലും ജീവന്റെ പുതിയ തുടിപ്പുകൾ കൊണ്ടുവരുവാൻ സാധിക്കണമെന്നും, അങ്ങനെ അവയെ പ്രത്യാശയുടെ ഉദ്യാനമാക്കി മാറ്റണമെന്നും ലെയോ പാപ്പാ സന്ദേശത്തിൽ എടുത്തുപറഞ്ഞു. ദൈവം തന്റെ മക്കളുടെ കഷ്ടപ്പാടുകൾ നിരീക്ഷിക്കുകയും കേൾക്കുകയും അറിയുകയും, അവരുടെ മോചനത്തിനായി ഇറങ്ങിവരികയും ചെയ്യുമെന്ന തിരുവെഴുത്ത്, ഈ പ്രത്യാശയിലേക്കു നടന്നടുക്കുവാൻ നമ്മെ സഹായിക്കും. മരുഭൂമിയിൽ വസിക്കുന്ന സന്യാസിമാരുടെ ജീവിതം ഇതാണ് നമ്മെ പഠിപ്പിക്കുന്നതെന്നും പാപ്പാ പറഞ്ഞു.

അൾജീരിയയിലെ രക്തസാക്ഷികളുടെ സാക്ഷ്യമാണ് ഇത്തവണത്തെ സമ്മേളനത്തിന്റെ പ്രധാന വിഷയം. മതങ്ങളെയും സംസ്കാരങ്ങളെയും എതിർക്കുന്ന അവിശ്വാസത്തിന്റെ മതിലുകളെ മറികടന്ന്, യേശുവിനു വേണ്ടി സ്വന്തം ജീവൻപോലും ത്യജിച്ച അൾജീരിയൻ രക്തസാക്ഷികളുടെ ജീവിതമാണ് യഥാർഥ പ്രേഷിതപാതയെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.

കത്തോലിക്കരും ഇതര ക്രൈസ്തവവിഭാഗങ്ങളും മറ്റു മതങ്ങളും അവിശ്വാസികളുമെല്ലാം തമ്മിലുള്ള സംഭാഷണത്തിൽ, ശ്രവിക്കാനുള്ള സന്നദ്ധത പ്രധാനമാണ്. ദൈവം എല്ലാവർക്കുമായി ഇതിനകം കരുതിവെച്ചിരിക്കുന്ന ഭാവി കെട്ടിപ്പടുക്കാനും പരസ്പരം അംഗീകരിക്കാനും അതു നമ്മെ സഹായിക്കും. സത്യസന്ധമായ മധ്യസ്ഥതയും സംഭാഷണവും നടത്താൻ രാജ്യങ്ങളുടെയും അന്താരാഷ്ട്ര സ്ഥാപനങ്ങളുടെയും നേതാക്കൾക്കു കഴിയാതെ വരുമ്പോൾ, മതസമൂഹങ്ങളും പൗരസമൂഹവും അതോടു പ്രതികരിക്കുവാൻ തയാറാകണം. പാപ്പാ അഭിപ്രായപ്പെട്ടു.

ഓരോ സമുദായവും 'സമാധാനത്തിന്റെ ഭവനം' ആയിത്തീരണം. സംഭാഷണത്തിലൂടെ ശത്രുത ലഘൂകരിക്കാൻ അങ്ങനെ പഠിക്കണം. നീതി നടപ്പാക്കുകയും, ക്ഷമ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നിടത്തു മാത്രമേ സമാധാനം സംസ്ഥാപിതമാകൂ. വിശ്വാസം, പ്രത്യാശ, ദാനധർമ്മം എന്നിവ മഹത്തായ സാംസ്കാരിക പരിസരങ്ങളിലേക്കു പരിവർത്തിപ്പിക്കാൻ സഹായകമായ പുതിയ കർമപദ്ധതികൾ രൂപപ്പെടണം; പാപ്പാ ആശംസിച്ചു. ഇവിടെ ദരിദ്രർക്ക് പ്രത്യേകമായ പരിഗണന കൊടുക്കണം. മറ്റുള്ളവരുടെ ശബ്ദങ്ങൾ നിഷേധിക്കുന്നതും, പരസ്പരം മനസിലാക്കാൻ വിസമ്മതിക്കുന്നതും, പരാജയപ്പെട്ടതും മനുഷ്യത്വരഹിതവുമായ അനുഭവങ്ങളാണ്. അവയെ ജീവിതത്തിൽ നിന്നും ഒഴിവാക്കണമെന്നും പാപ്പാ പറഞ്ഞു.

ഡിജിറ്റൽ വിപ്ലവം വിവേചനവും സംഘട്ടനങ്ങളും നമുക്കിടയിൽ വർധിപ്പിക്കുന്നുണ്ട്. പരിശുദ്ധാത്മാവിനാൽ നിവേശിതമായ ശീലങ്ങൾ ജീവിതത്തിൽ വളർത്തുന്നതിലാകണം അടിയന്തര ശ്രദ്ധ. ഒന്നിന്റെയും അടിമയാകാതെ ദൈവത്തിന്റെ മാത്രം മകനോ മകളോ ആയി തീരുമ്പോൾ മാത്രമേ മരുഭൂമി ഉദ്യാനമായി മാറുകയുള്ളൂ. വിശുദ്ധർ പറഞ്ഞതുപോലെ, അപ്പോൾ മാത്രമേ ഭൂമി ദൈവത്തിന്റെ നഗരമായും മാറൂ. സന്ദേശത്തിൽ പാപ്പാ പറഞ്ഞു. ○



42

പുതിയനിയമത്തിലെ
കുടുംബദർശനം



റവ. ഡോ. തോമസ് വള്ളിയാനിപ്പുറം

# കുടുംബസഹനത്തിന്റെ ഉൾപ്പൊരുൾ

**സഹനത്തിന്റെ എരിതീയിൽ സ്ഫുടം ചെയ്യപ്പെടുന്ന മിശിഹാത്വമാണ് തന്റേതെന്ന് ഈശോ അസന്നിഗ്ധമായി പഠിപ്പിക്കുന്നു.**

തീവ്രസഹനങ്ങളുടെ മുമ്പിൽ മനുഷ്യൻ എക്കാലവും പകച്ചുനിന്നിട്ടേയുള്ളൂ. കുടുംബജീവിതം സഹനത്തിന്റെ വറചട്ടിയാണെന്ന് കഠിനദുഃഖത്തിന്റെ വിനാഴികകളിൽ ചിലർ പുലമ്പാറുണ്ട്. സഹനം മനുഷ്യജീവിതത്തിന്റെ അനിവാര്യ യാഥാർഥ്യമാണെങ്കിലും സഹനത്തിന്റെ ഉൾപ്പൊരുൾ കണ്ടെത്തിയാൽ അതു മധുരമാക്കി തീർക്കാനാവും. ഇതാണ് മർക്കോസിന്റെ സുവിശേഷം 8-ാം അധ്യായം 27 മുതൽ 9-ാം അധ്യായം 50 വരെയുള്ള വാക്യങ്ങളുടെ മുഖ്യസന്ദേശം.

### മിശിഹാത്വ പ്രഖ്യാപനം

മർക്കോസിന്റെ സുവിശേഷം 27 മുതൽ 30 വരെയുള്ള വാക്യങ്ങൾ ഈ സുവിശേഷത്തിന്റെ കേന്ദ്രഭാഗമാണെന്നാണ് മിക്ക പണ്ഡിതരുടെയും അഭിപ്രായം. കേസറിയാ-ഫിലിപ്പിയിലേക്കുള്ള യാത്രയിൽ, താൻ ആരാണെന്നാണ് ജനാഭിപ്രായം എന്ന് യേശു ശിഷ്യരോടു തിരക്കി. പൊതുവെ പ്രവാചകരിൽ ഒരുവനായി ജനങ്ങൾ യേശുവിനെ കണക്കാക്കുന്നു എന്നു ശിഷ്യർ മറുപടി പറഞ്ഞു. യേശു ശിഷ്യരുടെ അഭിപ്രായം ആരാഞ്ഞപ്പോൾ ശിഷ്യസമൂഹത്തിന്റെ പ്രതിനിധിയായി പത്രോസാണ് മറുപടി പറഞ്ഞത്: 'നീ മിശിഹായാണ്' (മർക്കോ. 8:29). സഹനമേറ്റെടുക്കാത്ത രാജകീയ മിശിഹാസങ്കല്പമാണ് ശിഷ്യർ വെച്ചുപുലർത്തിയിരുന്നതെന്ന് തുടർന്നു വരുന്ന ഭാഗങ്ങളിൽനിന്നു മനസിലാക്കാം. യേശു അതു തിരുത്തുന്നു. സഹനത്തിന്റെ എരിതീയിൽ സ്ഫുടം ചെയ്യപ്പെടുന്ന മിശിഹാത്വമാണ് തന്റേതെന്ന് അവിടുന്ന് അസന്നിഗ്ധമായി പഠിപ്പിക്കുന്നു.

### സഹനദാസനായ മിശിഹാ

യേശു താൻ അനുഭവിക്കാനിരിക്കുന്ന നിന്ദനത്തെയും തിരസ്കരണത്തെയും പീഡാസഹനത്തെയുംപറ്റി ശിഷ്യരോടു തുറന്നു സംസാരിക്കുന്നു. പത്രോസ് ഉടനെ തടസം പറഞ്ഞു. യേശുവിന്റെ സഹനമാർഗത്തെ അയാൾ എതിർത്തു. ഒട്ടും താമസിച്ചില്ല; യേശു ധീരമായി ശിഷ്യപ്രമുഖനെ ശാസിച്ചു: 'സാത്താനേ, നീ എന്റെ മുന്നിൽ നിന്നു പോകൂ. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ് (8:33). 'സാത്താൻ' എന്ന വാക്കിന്റെ അർഥം എതിരാളി എന്നാണ്. ആദ്യകാലത്ത് പിശാച് എന്ന അർഥം ഈ വാക്കിനുണ്ടായിരുന്നില്ല. യേശു ശിമയോനെ 'പിശാചേ' എന്നു വിളിച്ച് ദൂരെപ്പോകാൻ ആജ്ഞാപിക്കുകയല്ല ചെയ്തത്. 'എതിരാളി' എന്നു വിളിച്ച് എതിർപ്പുമാറ്റി തന്റെ പിന്നാലെ അതായത് സഹനത്തിന്റെ മാർഗത്തിലൂടെ നടക്കാൻ ആഹ്വാനം ചെയ്യുകയായിരുന്നു. മാനുഷികചിന്ത വെടിഞ്ഞ് ദൈവികകാഴ്ചപ്പാടോടെ സഹനത്തെ മനസിലാക്കാനാണ് യേശു ആവശ്യപ്പെടുന്നത്.


**സഹനത്തിന്റെ നവ്യമായ അർഥം**

സഹനത്തിന്റെ ഉൾപ്പൊരുൾ അവിടുന്ന് ശിഷ്യരെ പഠിപ്പിക്കുന്നു (8:34-38). 34, 35 എന്നീ വാക്യങ്ങളാണ് ഏറെ ശ്രദ്ധേയം. 'ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ' (8:34). ഈ വാക്യത്തിൽ സുവിശേഷകൻ ഉപയോഗിക്കുന്ന മൂന്നു ഗ്രീക്കുവാക്കുകൾ ശ്രദ്ധേയമാണ്:

1) അക്കോളത്തെയോ - ഈ വാക്ക് രണ്ടുപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അനുഗമിക്കുക, പിന്നാലെ നടക്കുക എന്നൊക്കെയാണ് അർഥം. ഗുരുവിന്റെ കാഴ്ചപ്പാടുകൾ സ്വാംശീകരിക്കുന്നതാണ് യഥാർഥ അനുഗമനം. ആ കാഴ്ചപ്പാടുകൾ എന്താണെന്നാണ് തുടർന്നുള്ള രണ്ടു വാക്കുകൾ വ്യക്തമാക്കുന്നത്.

2) അപാർണേസാസ്ത്തോ ഹെയാവുത്തോൻ - തന്നെത്തന്നെ പരിത്യജിക്കുക എന്നാണ് വിവർത്തനം. സ്വാർഥമോഹങ്ങളും ലക്ഷ്യങ്ങളും പൂർണമായി ഉപേക്ഷിക്കുന്നതാണ് ഈ ആത്മപരിത്യാഗം. മറ്റുള്ളവർക്കുവേണ്ടി തന്നെത്തന്നെ വ്യയം ചെയ്യാതെ തന്നിലേക്കുതന്നെ ചുരുങ്ങിക്കൂടി, സ്വന്തം സുഖത്തിനും നേട്ടത്തിനും ഭോഗത്തിനുംവേണ്ടി മാത്രം പരിശ്രമിക്കുന്ന പ്രവണതയായ സ്വാർഥതയെ പാടെ പരിവർജിക്കുന്നതാണ് യേശു ആവശ്യപ്പെടുന്ന ആത്മപരിത്യാഗം. ഈ പരിത്യാഗത്തിൽ നിശ്ചയമായും സഹനം അടങ്ങുന്നുണ്ട്. മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നതിലൂടെ വ്യക്തി സ്വയം ഏറ്റെടുക്കുന്ന സഹനമാണത്.

3) അപാർത്തോ തോൻസ് താവുറോൻ (കുരിശെടുക്കുക). ഇവിടെ കുരിശ് എന്നത് പീഡനോപകരണം എന്നതിനേക്കാൾ,



**സ്വയം ചുരുങ്ങിക്കൂടി, സ്വന്തം സുഖത്തിനും നേട്ടത്തിനും ഭോഗത്തിനുംവേണ്ടി മാത്രം പരിശ്രമിക്കുന്ന സ്വാർഥതയെ പാടെ പരിവർജിക്കുന്നതാണ് യേശു ആവശ്യപ്പെടുന്ന ആത്മപരിത്യാഗം.**

സ്വജീവിതത്തിലെ അനിവാര്യമായ സഹനങ്ങൾ രക്ഷാകരമാക്കാനും അപരനുവേണ്ടി ആത്മബലിയാകാനുമുള്ള ധീരോദാത്തതയെ കുറിക്കുന്ന പ്രതീകമാണ്. കുടുംബത്തിലെ സഹനങ്ങൾ മുറുമുറുപ്പുകൂടാതെ യേശുവിന്റെ കുരിശോടു ചേർക്കുമ്പോഴാണ് അവ രക്ഷാകരമാകുന്നത്. മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി സന്തോഷത്തോടെ സഹനമേറ്റെടുക്കുമ്പോൾ അതു ബലിയായിത്തീരുന്നു. ഇപ്രകാരം സഹനത്തിന്റെ ഭാവാത്മകവശങ്ങൾ സ്വജീവിതത്തിലൂടെയും പ്രബോധനത്തിലൂടെയും വെളിപ്പെടുത്തിയാണ് യേശു സഹനത്തിന് പുതിയ കാഴ്ചപ്പാട് നല്കിയത്. സ്വാർഥത പരിവർജിച്ച് പരാർഥക ജീവിതം നയിക്കാനും, സഹനത്തെ രക്ഷാകരകർമമായി പരിവർത്തിപ്പിക്കാനും, ബലിയായി രൂപാന്തരപ്പെടുത്താനും കഴിഞ്ഞാൽ കുടുംബത്തിലെ സഹനങ്ങൾ മധുരമായി അനുഭവപ്പെടും.

എംടി വാസുദേവൻ നായരുടെ 'കാലം' എന്ന നോവൽ, സഹനത്തെ രൂപാന്തരപ്പെടുത്തുന്നതിൽ

പരാജയപ്പെട്ട ഒരാളുടെ കഥയാണ്. സഹനത്തോടു നിഷേധാത്മക സമീപനം സ്വീകരിച്ചതിനാൽ അയാൾ അന്തഃസംഘർഷങ്ങളുടെ കാലപ്രവാഹത്തിൽ അടിതെറ്റി വീണു. ഉദ്യോഗം കിട്ടാൻ ബിഎ വരെ പഠിച്ചെങ്കിലും ഉദ്യോഗം കിട്ടാതെ ഉഴറിയപ്പോൾ അയാൾ കലാപകാരിയായി മാറി. കൈയിൽ വന്നുചേർന്ന ഉദ്യോഗങ്ങൾ തട്ടി മാറ്റി. ആദ്യം പ്രണയിച്ച സുമിത്ര യെയും പിന്നീട് പ്രണയിച്ച തങ്കമ ണിയെയും സ്വാർഥമോഹങ്ങളാൽ തിരസ്കരിച്ചു. കുടുംബജീവിതം തന്നെ അയാൾ ഉപേക്ഷിച്ചു. സു മിത്ര സേതുവിനോടു പറയുന്ന വാക്യത്തിൽ അയാളുടെ പരാ ജയകാരണം ഒളിഞ്ഞിരിപ്പുണ്ട്: 'സേതൂന് എന്നും ഒരാളോടുമാ ത്രമേ ഇഷ്ടമുണ്ടായിരുന്നുള്ളു; സേതുവിനോടു മാത്രം.' സ്വാർഥ സ്നേഹത്തിൽ ഒളിക്കുന്നവർക്ക് ജീവിതം സാർഥകമാക്കാനാവില്ല. സഹനത്തെ രക്ഷാകരമാക്കാൻ തക്ക ധീരതയുള്ളവർക്കാണ് ആത്യന്തികമായി സന്തോഷമ നുഭവിക്കാൻ കഴിയുക. യേശു വിന്റെ സഹനങ്ങളുടെ ആഴവും അർഥവും സഹനത്തിന്റെ തീച്ചൂ ളയിലൂടെ കടന്നുപോകുന്നവർ മനസിലാക്കിയിരുന്നെങ്കിൽ!

### സഹനവും മഹത്വവും

സഹനം മഹത്വത്തിലേക്കു നയിക്കുന്നു എന്നതാണ് യേശുവിന്റെ സഹനഭാഷ്യ ത്തിന്റെ രണ്ടാമത്തെ പാഠം. പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ മൂന്നു ശിഷ്യരെയുംകൂട്ടി യേശു ഉയർന്ന മലയിൽ കയറി പ്രാർഥിച്ചുകൊണ്ടിരിക്കു മ്പോൾ രൂപാന്തരപ്പെട്ടു (മർക്കോ. 9:2-9). അവിടുത്തെ മുഖം പ്രകാശപൂരിതമായി; വസ്ത്രങ്ങൾ ധവളാഭമായി. സ്വർഗീയമഹത്വം വെട്ടിത്തിളങ്ങുന്ന മഹാതേജസോടെ അവിടുന്നു കാണപ്പെട്ടു. സഹനത്തിലൂടെ താൻ മഹ ത്വത്തിലേക്കു പ്രവേശിക്കുമെന്ന കാര്യം അവിടുന്ന് ശിഷ്യർക്ക് മുൻകൂട്ടി വെളിപ്പെടുത്തുകയായിരുന്നു. മോശയും ഏലിയായും പ്രത്യക്ഷപ്പെട്ട് യേശുവുമായി സംഭാഷണത്തിലേർപ്പെട്ടു. സഹനത്തിന്റെ അനിവാ ര്യതയും, സഹനം മഹത്വത്തിലേക്കു നയിക്കുമെന്ന സത്യവുമായിരിക്കണം അവർ സംഭാഷണവിഷയമാ ക്കിയത്. സ്വർഗീയമഹത്വത്തിന്റെ മുന്നാസ്വാദനം ലഭിച്ച ശിഷ്യർക്ക് അവിടം വിട്ടുപോകാൻ ഇഷ്ടമുണ്ടായില്ല. കൂടാരങ്ങൾ കെട്ടി സ്ഥിരം താമസിക്കാനാണ് അവർ താത്പര്യപ്പെട്ടത്. എന്നാൽ മേഘത്തിൽ നിന്നുണ്ടായ പിതാവായ ദൈവത്തിന്റെ സ്വരം അവരുടെ ചിന്തയെ തട്ടിയുണർത്തി: 'ഇവൻ എന്റെ പ്രിയപുത്രൻ, ഇവന്റെ വാക്കു ശ്രവിക്കുവിൻ.' സഹനത്തെപ്പറ്റിയുള്ള യേശുവി ന്റെ വാക്കു ശ്രവിച്ച് കുരിശിന്റെ പിന്നാലെ അവിടുത്തെ അനുയാത്ര ചെയ്യാനാണ് പിതാവ് ശിഷ്യരോട് ആവ ശ്യപ്പെട്ടത്. പിതാവിന്റെ പ്രിയപുത്രനായ യേശുവിന്റെ സഹനം മനുഷ്യരക്ഷ നേടിക്കൊടുക്കും. ആകയാൽ പുത്രന്റെ അനുയായികളായ ശിഷ്യരും സഹ നത്തിന്റെ വഴിത്താരയിലൂടെ നടന്ന്, രക്ഷാകർ മത്തിൽ ഭാഗഭാക്കായി മഹത്വത്തിൽ പ്രവേശി ക്കണമെന്നതാണ് പിതാവിന്റെ തിരുഹിതം.

> **കുടുംബത്തിലെ സഹനങ്ങൾ മുറുമുറു പ്പുകൂടാതെ യേശുവിന്റെ കുരിശോടു ചേർക്കുമ്പോഴാണ് അവ രക്ഷാകരമാകുന്നത്.**

കുടുംബത്തിലെ സഹനാനുഭവങ്ങൾ അന ശ്വരമഹത്വത്തിലേക്കു നയിക്കുമെന്ന ബോ ധ്യമുണ്ടാകുമ്പോൾ സഹനത്തിന്റെ പൊരുൾ മനസിലാക്കി നാം ആനന്ദതുന്ദിലരാകും.

### സഹനവും ശുശ്രൂഷയും

ആരാണ് വലിയവൻ എന്നതിനെച്ചൊല്ലി വഴക്ക ടിക്കുമ്പോഴാണ് സഹനം പ്രബോധനഭാഗമായി ത്തീരുന്നത്. അധികാരത്തിനും മേധാവിത്വത്തിനും വേണ്ടി പരിശ്രമിക്കുമ്പോഴെല്ലാം നമുക്കു സഹ നത്തിന്റെ വഴിത്താരയെ പുണരാനാവില്ല. മനു


## വിവാഹ ഒരുക്ക ധ്യാനം

| | | | |
|---|---|---|---|
| 2025 SEPTEMBER | 1,2,3 (Zion) | - | Booking going on |
| | 15,16,17 (Zion) | - | Booking going on |
| | 30, Oct 1,2 (Zion) | - | Booking going on |
| 2025 OCTOBER | 13,14,15 (Zion) | - | Booking going on |
| | 27,28,29 (Zion) | - | Booking going on |
| 2025 NOVEMBER | 3,4,5 (Zion) | - | Booking going on |
| | 10,11,12 (Zion) | - | Booking going on |
| | 17,18,19 (Zion) | - | Booking going on |

*അന്വേഷണങ്ങൾക്ക്*
ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി
ഫോൺ - 0481 2424476 സമയം - 11 am to 5 pm

ഹെൽത്ത് പാർലർ | HEALTH PARLOUR | ടോണി ഡൊമിനിക്

## കരിക്കിൻവെള്ളം കുടിക്കുമ്പോൾ...

പ്രകൃതിദത്തമായി ലഭിക്കുന്ന മികച്ച ആരോഗ്യപാനീയമാണ് കരിക്കിൻവെള്ളം. വൈറ്റമിനും മിനറൽസും പൊട്ടാസ്യവും ഇലക്ട്രോലൈറ്റും ധാരാളമായി അടങ്ങിയിരിക്കുന്ന പാനീയം. ദാഹശമനത്തിനും ഊർജം നിലനിർത്തുന്നതിനും സഹായകം. ഇക്കാര്യത്തിലൊന്നും ആർക്കും ഒരു സംശയവുമില്ല. പക്ഷേ ഈ ഗുണങ്ങളെല്ലാമുണ്ട് എന്നതിന്റെ പേരിൽ എല്ലാവർക്കും കരിക്കിൻവെള്ളം കുടിക്കാമോ? ചില പ്രത്യേക ആരോഗ്യസ്ഥിതിയിലൂടെ കടന്നുപോകുന്നവർ കരിക്കിൻവെള്ളം കുടിക്കുമ്പോൾ ജാഗ്രത പുലർത്തണമെന്ന് വിദഗ്ധർ പറയുന്നു.

**കിഡ്നിരോഗമുള്ളവർ**

കരിക്കിൻവെള്ളത്തിൽ പൊട്ടാസ്യം അടങ്ങിയിട്ടുള്ളതിനാൽ കിഡ്നി രോഗികൾ കരിക്കിൻവെള്ളം തുടർച്ചയായി കുടിക്കുന്നത് ദോഷം ചെയ്യും. ഹൃദയമിടിപ്പ് കൂടാനും, ശ്വാസകോശപ്രശ്നങ്ങൾ വർധിക്കാനും അതു കാരണമാകാം.

**പ്രമേഹരോഗികൾ**

കരിക്കിൻവെള്ളത്തിൽ പ്രകൃതിദത്തമായി പഞ്ചസാര അടങ്ങിയിട്ടുണ്ട്. അതുകൊണ്ട് അമിതമായി കരിക്കിൻവെള്ളം കുടിക്കുമ്പോൾ രക്തത്തിലെ ഗ്ലൂക്കോസ് നില ഉയരാൻ സാധ്യതയുണ്ട്. ഡോക്ടറുടെ നിർദേശപ്രകാരം മാത്രമേ പ്രമേഹരോഗികൾ കരിക്കിൻവെള്ളം കുടിക്കാവൂ.

**കുറഞ്ഞ രക്തസമ്മർദമുള്ളവർ**

രക്തസമ്മർദം കുറയ്ക്കാൻ കരിക്കിൻവെള്ളത്തിനു കഴിവുണ്ട്. അതുകൊണ്ട് തുടർച്ചയായി കരിക്കിൻവെള്ളം കുടിക്കുന്നത് കുറഞ്ഞ രക്തസമ്മർദമുള്ളവർക്കു ദോഷംചെയ്യും. എന്നാൽ അമിത രക്തസമ്മർദം ഉള്ളവർക്ക് അതു ഗുണകരവുമാണ്.

**അലർജിയുള്ളവർ**

അലർജിരോഗികൾ കരിക്കിൻവെള്ളം കുടിക്കുമ്പോൾ അലർജി കൂടാൻ സാധ്യതയുണ്ട്. ശസ്ത്രക്രിയയ്ക്കു മുമ്പും ഇതു കുടിക്കരുത്. രക്തസമ്മർദത്തിൽ മാറ്റംവരുത്താം എന്നതുകൊണ്ട് ഓപ്പറേഷനു രണ്ടാഴ്ച മുമ്പേ കരിക്കിൻവെള്ളത്തിന്റെ ഉപയോഗം വർജിക്കുന്നതാണ് നല്ലത്.

ഷ്യജീവിതത്തിന്റെ സഫലത വിനീതമായ ശുശ്രൂഷയിലാണ് അടങ്ങിയിരിക്കുന്നതെന്ന തിരിച്ചറിവ് സഹനവിനാഴികയിൽ സ്തോത്രമാലപിക്കാൻ നമ്മെ പ്രാപ്തരാക്കും. 'ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം' (മർക്കോ. 9:35). ഒരു ശിശുവിനെ എടുത്ത് കരങ്ങളിൽ വഹിച്ചുകൊണ്ട് അവിടുന്നു പറഞ്ഞു: 'ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു...' (9:36-37). 'ശിശു' സമൂഹത്തിലെ നിസാരരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും പ്രതീകമാണ്. ശിശുക്കളെപ്പോലെ നിസഹായരായ പാവപ്പെട്ടവരെ ശുശ്രൂഷിക്കുമ്പോൾ ഏറ്റെടുക്കേണ്ടിവരുന്ന സഹനമാണ് മാനവജന്മം സാർഥകമാക്കുന്നത്. ജെഷ്പിറ്റ്സിലെ തടവറയിൽ കൂട്ടുതടവുകാരനായ ഫ്രാൻസിസ് ശയോണിസക്കിനുവേണ്ടി ജീവിതം ഹോമിച്ച 16670-ാം നമ്പർ തടവുപുള്ളിയായ ഫ്രാൻസിസ്കൻ വൈദികൻ മാക്സിമില്യൻ കോൾബെ ഇപ്രകാരമുള്ള സഹനത്തിന്റെ ഉത്തമമാതൃകയായ വിശുദ്ധനാണ്.

**സഹനവും വിശ്വാസവും**

സഹനത്തിന്റെ തീച്ചൂളയിലൂടെ നടന്നുപോയ ഒരു കുടുംബത്തിന് യേശു സൗഖ്യവും സമാധാനവും നല്കിയ സംഭവം ഈ സഹനപ്രബോധനങ്ങളുടെ മധ്യഭാഗത്ത് സുവിശേഷകനായ മർക്കോസ് രേഖപ്പെടുത്തുന്നുണ്ട് (മർക്കോ. 9:14-29).

യേശു രൂപാന്തരീകരണത്തിന്റെ മലയിൽ നിന്നിറങ്ങിവരുമ്പോൾ അപസ്മാര രോഗിയായ മകനെയുംകൊണ്ട് യേശുവിന്റെ പക്കലെത്തി വിതുമ്പിക്കരയുന്ന ഒരു കുടുംബനാഥന്റെ ചിത്രമാണ് കാണുന്നത്. ഏതോ ദുരാത്മാവ് മകനെ ബാധിച്ചിരിക്കുന്നുവെന്നും, അതവനെ വല്ലാതെ കഷ്ടപ്പെടുത്തുന്നുവെന്നും, മലയടിവാരത്തുണ്ടായിരുന്ന ശിഷ്യർക്ക് അവനെ സുഖപ്പെടുത്താനായില്ലെന്നും ഈ അപ്പൻ വേദനയോടെ ഉണർത്തിക്കുമ്പോൾ, കുടുംബങ്ങൾ നേരിടുന്ന സങ്കടക്കടലിന്റെ ആഴം കുറെയൊക്കെ മനസിലാകും. ഈ അപ്പനും മകനുമടങ്ങുന്ന കുടുംബം, സഹനത്തിലൂടെ കടന്നുപോകുന്ന എല്ലാ കുടുംബങ്ങളുടെയും പ്രതിബിംബമാകുന്നു.

സഹനവേളകളിൽ ആശ്വാസം പ്രാപിക്കാനുള്ള മാർഗം യേശു എല്ലാ കുടുംബങ്ങളെയും പഠിപ്പിക്കുന്നത് പ്രസക്തമായ ഒരു ചോദ്യം ചോദിച്ചുകൊണ്ടാണ്: 'വിശ്വാസമില്ലാത്ത തലമുറയേ, എത്രനാൾ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും?' (മർക്കോ. 9:19). സഹനത്തിന്റെ ഉൾപ്പൊരുൾ മനസിലാക്കാനുള്ള താക്കോൽ വിശ്വാസത്തിന്റെ ശക്തിയാണ്. വിശുദ്ധമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവാശ്രയത്വമാണ്. 'Trust on God' എന്ന ആംഗലേയവാക്യത്തിൽ വിശ്വാസമെന്തെന്ന് സംഗ്രഹിച്ചുവെച്ചിട്ടുണ്ട്. ദൈവത്തിൽ നിരന്തരമായി ആശ്രയിക്കുന്നതിലൂടെ ദൈവം എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുമെന്നും, തക്കസമയത്ത് ദൈവം ഇടപെട്ട് സഹനത്തിന്റെ ഹേതുക്കൾ മാറ്റുകയോ സഹനം നേരിടാൻ തക്ക ശക്തിപകരുകയോ ചെയ്യുമെന്നുമുള്ള ബോധ്യം, സഹിക്കുന്ന വ്യക്തിയെയും കുടുംബത്തെയും ആത്മീയാനന്ദത്തിലേക്കു നയിക്കും. താഴ്‌വാരത്തുണ്ടായിരുന്ന ശിഷ്യരെയും അപസ്മാരരോഗിയുടെയും പിതാവിനെയും ഒരുപോലെ പീഡിപ്പിച്ചത് വിശ്വാസത്തിലുള്ള ഈ കുറവായിരുന്നു. പിതാവിന്റെ വിശ്വാസക്കുറവ് പരിഹരിക്കാൻ യേശു പറഞ്ഞു: 'വിശ്വസിക്കുന്നവന് എല്ലാ കാര്യങ്ങളും സാധിക്കും' (9:30). കുട്ടിയുടെ പിതാവിന്റെ വിശ്വാസപ്രഖ്യാപനം: 'ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസം പരിഹരിച്ച് എന്നെ സഹായിക്കണമെ' (9:24). വിശ്വാസം പൊടുന്നനെ അദ്ഭുതം പ്രവർത്തിച്ചു. യേശു ബാലനെ സുഖപ്പെടുത്തി, പിതാവിനെ ഏല്പിച്ചു. ശിഷ്യരുടെ വിശ്വാസക്കുറവ് പരിഹരിക്കാൻ ഭവനത്തിലെത്തിയപ്പോൾ യേശു അവരോടു പറഞ്ഞു: 'പ്രാർഥനയും ഉപവാസവും കൊണ്ടല്ലാതെ ഈ വർഗം പുറത്തുപോവുകയില്ല' (9:29). പ്രാർഥനയും പരിത്യാഗവുമാണ് വിശ്വാസമുള്ളവരുടെ മുഖമുദ്രകൾ. നിരന്തരമായ പ്രാർഥനയും പരിഹാരകൃത്യങ്ങളും സഹനത്തെ അതിജീവിക്കാനും സഹനത്തെ പു

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



Sep 1

വർഗീസ് കുഞ്ഞുമോൻ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



Sep 2

നിഷാ സോബി
പുതുക്കരി

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



Sep 3

ഒരു വിശ്വാസി
തൃക്കൊടിത്താനം

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



Sep 4

സിയാൻ
തെങ്ങണ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



Sep 5

ഷോൺ
തെങ്ങണ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



Sep 6

സിയാൻ
തെങ്ങണ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



Sep 7

സിയാൻ
തെങ്ങണ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



ഒരു വിശ്വാസി

തിയ കാഴ്ചപ്പാടിലൂടെ കാണാനും കുടുംബത്തെ സഹായിക്കും. പഴയനിയമത്തിലെ ഹബക്കൂക്കിന്റെ പുസ്തകത്തിലെ തിരുവചനമായ 'നീതിമാൻ തന്റെ വിശ്വാസംവഴി ജീവിക്കും' (ഹബ. 2:4) എന്ന വാക്യം കുടുംബസഹനത്തിന്റെ പശ്ചാത്തലത്തിൽ മനസിലാക്കാൻ യേശു ശിഷ്യരെയും അപസ്മാരരോഗിയുടെ അപ്പനെയും സഹായിക്കുകയായിരുന്നു.

**സഹനവും ഉതപ്പിന്റെ മേഖലകളും**

'വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടർച്ച കൊടുക്കുന്നവൻ ആരായാലും അവനു കൂടുതൽ നല്ലത് വലിയ ഒരു തിരികല്ല് കഴുത്തിൽകെട്ടി കടലിൽ എറിയപ്പെടുന്നതാണ്' (9:42). ഇടർച്ച കൊടുക്കുക, പാപഹേതുവാകുക എന്നൊക്കെയാണ് സാധാരണ വിവർത്തനങ്ങളിൽ കാണുന്നത്. എന്നാൽ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് 'സ്കാന്തലോൺ' എന്ന പദമാണ്. അതിന്റെ വാച്യാർഥം 'ഉതപ്പ്' എന്നാണ്. കുടുംബത്തിലെ മാതാപിതാക്കൾ ചെറിയവരായ മക്കൾക്ക് ഉതപ്പുകൊടുക്കാൻ പാടില്ല. ഉതപ്പുകൊടുക്കുന്നവരുടെ കൈകളും പാദങ്ങളും വെട്ടിക്കളയണമെന്നും, കണ്ണു ചൂഴ്ന്നെടുത്തു കളയണമെന്നുമാണ് യേശു ആവശ്യപ്പെട്ടത്. ഈ ശിക്ഷ കഠിനമെന്നും അപ്രായോഗികമെന്നും തോന്നാം. 'ഹൈപ്പർബോൾ' (അതിശയോക്തി) എന്ന സങ്കേതമുപയോഗിച്ചു രചിച്ചിരിക്കുന്ന ഈ വാക്യങ്ങളുടെ വാച്യാർഥമല്ല, ആത്മീയാർഥമാണ് പ്രധാനം. സർവശക്തിയുമുപയോഗിച്ച് ഉതപ്പും ഉതപ്പിന്റെ മേഖലകളും കുടുംബത്തിൽനിന്നു നീക്കിക്കളയണമെന്നാണ് സുവിശേഷകൻ ഉദ്ദേശിക്കുന്നത്.

മക്കൾക്കും ഭാവിതലമുറയ്ക്കും ഉതപ്പുകൊടുക്കുന്ന പല ദുഷ്പ്രവണതകളും കുടുംബങ്ങളിലുണ്ടാ

> **സഹനത്തെ രക്ഷാകരമാക്കാൻ തക്ക ധീരതയുള്ളവർക്കേ ആത്യന്തികമായി സന്തോഷമനുഭവിക്കാൻ കഴിയൂ.**

വാം. ഉദാഹരണത്തിന് അപ്പന്റെ മദ്യപാനശീലം, പുകവലി, ലഹരി ഉപയോഗം. ഇത് വലിയ ഉതപ്പും ദുർമാതൃകയുമാണ്. ഇതു വെട്ടിക്കളഞ്ഞേ തീരൂ. അപ്പന്റെയോ അമ്മയുടെയോ ദുർനടപ്പ്, അവർക്കിടയിലുള്ള നിരന്തരകലഹം, ചീത്തവിളി, ദേഷ്യത്തോടെയുള്ള അതിക്രമങ്ങൾ, കുട്ടികളെ ലൈംഗികമായി ദുരുപയോഗിക്കൽ, ആഡംബരഭ്രമം, സാമ്പത്തിക അച്ചടക്കമില്ലായ്മ, കുടുംബബജറ്റ് രൂപപ്പെടുത്താതെയും വേണ്ടത്ര ആലോചന കൂടാതെയും പണം ചെലവഴിക്കൽ, കൊള്ളപ്പലിശയ്ക്ക് കടംവാങ്ങൽ, വരവറിയാതെ ധൂർത്തോടെ ചെലവുചെയ്യൽ, പരസ്പരം ആലോചിക്കാതെയുള്ള സാമ്പത്തികവ്യവഹാരങ്ങൾ, ജീവനെ ഹനിക്കുന്ന ഭ്രൂണഹത്യ, കൃത്രിമജനനനിയന്ത്രണ മാർഗങ്ങളുടെ ഉപയോഗം, മക്കളുടെ വളർത്തലിലുള്ള അശ്രദ്ധ, പരസ്പര ബഹുമാനമില്ലാതെയുള്ള പെരുമാറ്റം, പരസ്പരം തുല്യരായി കാണാതെ പങ്കാളികൾ പുലർത്തുന്ന മേൽക്കോയ്മാഭാവം, കരുണയില്ലാത്ത കാർക്കശ്യം, സഭയോടും സമൂഹത്തോടും അയൽക്കാരോടുമുള്ള ബന്ധത്തിൽ പുലർത്തുന്ന നിസഹകരണവും അസഹിഷ്ണുതയും... ഇതെല്ലാം ഇളംതലമുറയ്ക്ക് ഉതപ്പുനല്കുന്ന സ്വഭാവദൂഷ്യങ്ങളാണ്. അവയെ ഛേദിച്ചുകളഞ്ഞാലേ കുടുംബം ഭദ്രമാകൂ. ഈ തിന്മകളാണ് മിക്കപ്പോഴും കുടുംബത്തിലെ സഹനങ്ങൾക്കു മൂലകാരണം. നാം തന്നെ നമ്മുടെ സഹനത്തിനു കാരണമാകുന്നു എന്ന തിരിച്ചറിവ് കുടുംബത്തിനുണ്ടാകുകയും, അനേകർക്ക് ഉതപ്പുകൊടുക്കുന്ന ഇത്തരം തിന്മകൾക്കെതിരെ നിരന്തരം പോരാടുകയും വേണം.

'എല്ലാവരും അഗ്നിയാൽ ഉറകൂട്ടപ്പെടും. ഉപ്പ് നല്ലതാണ്. എന്നാൽ ഉറകെട്ടുപോയാൽ പിന്നെ എന്തുകൊണ്ട് അതിന് ഉറകൂട്ടും. നിങ്ങളിൽ ഉപ്പ് ഉണ്ടായിരിക്കട്ടെ. പരസ്പരം സമാധാനത്തിൽ വർത്തിക്കുകയും ചെയ്യുവിൻ' (മർക്കോ. 9:50). 'അഗ്നിയാൽ ഉറകൂട്ടപ്പെടും' എന്നതിന്റെ അർഥം, സഹനത്താൽ ശുദ്ധീകരിക്കപ്പെടും എന്നാണ്. കുടുംബസഹനങ്ങൾ കുടുംബശുദ്ധീകരണത്തിനും നവീകരണത്തിനും ഉതകും. അതുകൊണ്ടാണ് ചില സഹനങ്ങൾ കർത്താവ് അനുവദിക്കുന്നത്. ഉറയുള്ള ഉപ്പായി കുടുംബാംഗങ്ങൾ മാറാനും പരസ്പരം സമാധാനത്തിൽ വർത്തിക്കുന്ന ക്രിസ്തുശിഷ്യരായിത്തീരാനും സഹനം കുടുംബത്തെ സഹായിക്കുകതന്നെ ചെയ്യും. ○

ഫാ. ജോണിക്കുട്ടി തറക്കുന്നേൽ



# ചങ്കാണ് കുട്ടനാട്

**കുട്ടനാടിനോടുള്ള അവഗണനയ്ക്കെതിരേ അതിരൂപതാ കത്തോലിക്കാ കോൺഗ്രസ് സംഘടിപ്പിച്ച നിരാഹാരസമരത്തിൽ പതിനായിരങ്ങളുടെ പങ്കാളിത്തം**

മനുഷ്യന്റെ ആർത്തിയും ഭരണകൂടങ്ങളുടെ ഉദാസീനതയുംമൂലം തകർന്നടിഞ്ഞ ആവാസവ്യവസ്ഥകൾ ലോകമെമ്പാടും ധാരാളം. വ്യവസായ മാലിന്യങ്ങൾ അടിഞ്ഞുകൂടിയതു കാരണം ഒരു കാലത്ത് മരിച്ച തടാകം എന്നു വിളിക്കപ്പെട്ട വടക്കേ അമേരിക്കയിലെ ഈറി തടാകവും, എണ്ണച്ചോർച്ചകൊണ്ട് കറുത്ത കടലായി മാറിയ വെനിസ്വേലയിലെ മരകൈബോ തടാകവും മലിനീകരണത്താൽ മൃതപ്രായമായ ഉത്തരേന്ത്യയിലെ ഗംഗാനദിയും ഏതാനും സാക്ഷ്യപത്രങ്ങൾ മാത്രം. ഒരുകാലത്ത് ജീവൻ തുടിച്ചിരുന്ന ഈ ദേശങ്ങൾ ഇപ്പോൾ ദുരന്തസ്മാരകങ്ങളായി മാറിയിട്ടുണ്ട്. ഇതേ ദുരവസ്ഥയുടെ നിരയിലേക്കല്ലേ നമ്മുടെ സ്വന്തം കുട്ടനാടും നീങ്ങുന്നത്. ജലസമൃദ്ധമായ ഈ പ്രദേശം കേരളത്തിന്റെ നെല്ലറ എന്നാണ് വാഴ്ത്തപ്പെട്ടിരുന്നത്. എന്നാൽ ഇന്നോ, പരിസ്ഥിതി നാശത്തിന്റെയും ദുരിതജീവിതങ്ങളുടെയും നേർക്കാഴ്ച്ചകളാണെങ്ങും. ഇവിടത്തെ ജനജീവിതത്തിന്റെ ദുരിതമുഖം കണ്ടില്ലെന്നു നടിക്കുന്ന സർക്കാരുകളുടെ കാപട്യത്തിനെതിരേ ഇക്കഴിഞ്ഞ ആഗസ്റ്റ് 17 ഞായറാഴ്ച (ചിങ്ങം 1) ചങ്ങനാശേരി അതിരൂപത ഒന്നാകെ അണിനിരന്നു.

രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ മങ്കൊമ്പ് തെക്കേക്കരയിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിലും എല്ലാ സംഘടനകളുടെയും കൂട്ടായ്മയിലുമാണ് നിരാഹാരസമരം സംഘടിപ്പിച്ചത്. ചങ്ങനാശേരി അതിരൂപതാ മെത്രാ

പ്പോലീത്താ ആർച്ചുബിഷപ്പ് തോമസ് തറയിൽ സമരം ഉദ്ഘാടനം ചെയ്തു. വിവിധ ശാസ്ത്രീയ പഠനറിപ്പോർട്ടുകൾ അടിസ്ഥാനമാക്കിയുള്ള പരിഹാരനിർദേശങ്ങൾ മുമ്പിലുണ്ടെങ്കിലും, കേന്ദ്രസംസ്ഥാന സർക്കാരുകൾ അനുഭാവപൂർണമായ നിലപാട് സ്വീകരിക്കുന്നില്ലെന്ന് അദേഹം കുറ്റപ്പെടുത്തി. കുട്ടനാടൻ ജനതയുടെ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ച് കഴിഞ്ഞ ഫെബ്രുവരി മാസം കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്ത കർഷകരക്ഷാ നസ്രാണി മുന്നേറ്റം നടത്തിയിട്ടും, നാളിതുവരെ സർക്കാർ അനങ്ങാപ്പാറനയം പിന്തുടരുകയാണ്. സഭ സമരമുഖത്ത് വീണ്ടും ഇറങ്ങാനുള്ള പ്രധാന കാരണം ഇതാണ്. ആർച്ചുബിഷപ്പ് തറയിൽ കൂട്ടിച്ചേർത്തു.

മൺസൂൺ കാലത്ത് മെക്കനൈസ്ഡ് ഡീവാട്ടറിങ് സിസ്റ്റം ഉപയോഗിച്ച് കുട്ടനാട്ടിലെ ജലനിരപ്പ് പരിധിക്കുള്ളിൽ നിർത്തുക, കനാലുകളിലും തോടുകളിലും ക്രമാതീതമായി ഉയർന്നിരിക്കുന്ന എക്കൽ നീക്കംചെയ്ത് അവ പൂർവസ്ഥിതിയിലാക്കുക, പാടശേഖരങ്ങളുടെ ബണ്ട് ശാസ്ത്രീയമായി കെട്ടി ബലപ്പെടുത്തുക, എല്ലാ പാടശേഖരങ്ങളിലും നെൽകൃഷി ഇടനിലക്കാരുടെ ഇടപെടൽ കൂടാതെ ആദായകരമായി നടത്തുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുക, വെള്ളത്താൽ ചുറ്റപ്പെട്ട കുട്ടനാട്ടിലെ കുടിവെള്ളക്ഷാമത്തിന് അടിയന്തര പരിഹാരം കാണുക ഇവയായിരുന്നു കുട്ടനാട് ഐക്യദാർഢ്യധർണ മുന്നോട്ടുവെച്ച പ്രധാന ആവശ്യങ്ങൾ. അതിരൂപതയിലെ വിവിധ ഫൊറോനകളുടെയും ഇടവകകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ പതിനായിരക്കണക്കിന് ആളുകൾ പ്രതികൂല കാലാവസ്ഥയെ തൃണവത്ഗണിച്ച് ധർണയിൽ പങ്കെടുത്തു.

ഉജ്ജയിൻ രൂപതാ മെത്രാൻ ബിഷപ്പ് സെബാസ്റ്റ്യൻ വടക്കേൽ, ഷംഷാബാദ് രൂപതാ സഹായമെത്രാൻ ബിഷപ്പ് തോമസ് പാടിയത്ത്, പ്രോട്ടോ സിഞ്ചെല്ലൂസ് ഫാ. ആന്റണി ഏത്തക്കാട്, കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാലാ, വിവിധ സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ ധർണയിൽ പങ്കെടുത്തു സംസാരിച്ചു. സമരത്തിന്റെ ഭാഗമായി കേന്ദ്രസംസ്ഥാന സർക്കാരുകൾക്കു നല്കാൻ ഇടവകതലത്തിൽ നിവേദനങ്ങളും ഭീമഹർജിയും സമാഹരിക്കുകയുണ്ടായി. ○



EXIT · പുറം വാതിൽ

ജെ. മണക്കുന്നേൽ

# തേപ്പിൽ തോല്ക്കരുത്

തേപ്പുകാരെ കിട്ടാതെ നിർമാണകമ്പനികൾ ബുദ്ധിമുട്ടുമ്പോഴാണ് നമ്മുടെ ചില പെൺകുട്ടികൾ ഈ ഫീൽഡിലേക്കു തിരിഞ്ഞ് 'തേപ്പ്' മാത്രമല്ല 'തേച്ചൊട്ടിക്കൽ' കൂടി നടത്തിത്തുടങ്ങിയിരിക്കുന്നത്! മിടുക്കിയെന്നു കരുതിയ പെൺകുട്ടി വെറുതെ 'വെടക്കാക്കി' തേച്ചു പറ്റിച്ചതിന്റെ വിങ്ങലുമായി മോങ്ങിക്കൊണ്ടൊരുത്തൻ മുന്നിലിരിക്കുന്നു.

ബംഗളൂരു ബസിൽവെച്ച് കണ്ടുപരിചയപ്പെട്ടവരാണ് ഇരുവരും. ഐറ്റി കമ്പനിയിൽ തെറ്റില്ലാത്ത ശമ്പളത്തിൽ കുറ്റമറ്റ ജീവിതം നയിച്ച നല്ലൊരു പയ്യൻ. അൾത്താരബാലനും, മിഷൻ ലീഗ്, ജീസസ് യൂത്ത് അംഗവുമൊക്കെയായിരുന്നു. നാട്ടിലെ ഭേദപ്പെട്ട കുടുംബം. അധ്യാപകദമ്പതികളുടെ മൂന്നു മക്കളിൽ ഏകമകൻ. സഹോദരിമാർ രണ്ടും വിവാഹിതരായി വിദേശത്തും! ഈ പുളിങ്കൊമ്പിലാണ് പെണ്ണുകയറി പിടിമുറുക്കിയത്. നഴ്സായി ജോലി ചെയ്യുന്നുവെന്നും, ദരിദ്രകുടുംബത്തിന്റെ ഏക അത്താണി താനാണെന്നുമൊക്കെ താണുവീണു കുണുങ്ങിയ പെണ്ണിനോട് ആദ്യം തോന്നിയ 'സഹാനുഭൂതി' പിന്നീട് അനുഭൂതിയും 'ഭൂതി'യുമായി വളർന്ന് ദേ ഇപ്പോൾ വെറും 'തീ'യായി ആളിക്കത്തി അമർന്നിരിക്കുന്നു!!

ആദ്യയാത്രയിൽന്നെ ആവശ്യമായ ഭക്ഷണമൊക്കെ അവനിൽനിന്നും തരപ്പെട്ടപ്പോൾ ഇതുതന്നെ അവസരമെന്ന് അവൾ കരുതി. ആ നന്മമരത്തിന്റെ കൊമ്പിൽ ഒരു 'ഇത്തിൾക്കണ്ണി'യായി പറ്റിക്കയറി പിടിമുറുക്കാൻ അവൾ തീരുമാനിച്ചു! കിട്ടിയ ഇടവേളകളിലൊക്കെ അവളുമായി ഭക്തികാര്യങ്ങൾ സംസാരിക്കാൻ ഈ 'ജീസസ് യൂത്ത്' കാര്യമായി പരിശ്രമിച്ചു. ഒക്കെയും മൂളിക്കേട്ടും മറുപടിക്കു 'പ്രെയ്സ് ദ ലോർഡ്' കാച്ചിയും അവൾ വല മുറുക്കി. കൂട്ടുകാരിയുടെ വീട്ടിലെ കഷ്ടപ്പാടുകളുടെ പൊട്ടക്കഥ കേട്ട അവൻ സ്ഥിരം നല്കിയിരുന്ന 'വരുമാനദശാംശം' അവളുടെ പേരിലേക്കു വഴിതിരിച്ചുവിട്ടു. വെറും 'മീനിയൽ സ്റ്റാഫായ' അവൾ ക്രമേണ അവന്റെ അരികിൽ 'മിനിസ്റ്റീരിയൽ' സ്റ്റാഫായി തുടങ്ങി.

അവന്റെ യൗവനചാപല്യങ്ങളെ നന്നായി മുതലെടുത്ത്, അവനെ അവൾ മെല്ലെ അടിമപ്പെടുത്തുകയായിരുന്നു. വീട്ടുകാരറിയാതെ അവന്റെ ശമ്പളത്തിൽനിന്നും സ്വർണവും പണവുമൊക്കെ അവൾ ഊറ്റിയെടുത്തു. അഞ്ചാറുലക്ഷത്തിലധികം രൂപ മൂന്നുവർഷം കൊണ്ടവൾ അവനിൽനിന്നും മൂക്കി! ഒടുവിൽ അവളുടെ ഒരു സഹപ്രവർത്തകനിൽ നിന്നും വിവരങ്ങൾ വീണുകിട്ടിയപ്പോൾ അവനാകെ വിവശനായി.

പോയ പണത്തേക്കാൾ അധികമായി അവനെ ആധിപിടിപ്പിക്കുന്നത്, അവൾ അവന്റെ സംഭാഷണങ്ങളിൽ നിന്നും ചോർത്തിയ ചില വാക്കുകളാണ്. റെക്കോർഡു ചെയ്യപ്പെട്ട ഇത്തരം വാക്കുകൾവെച്ച് ഭീഷണിപ്പെടുത്തുന്ന അവളെ എന്തുചെയ്യണം എന്നറിയാനാണ് കക്ഷി എത്തിയത്. ഉള്ളതൊക്കെ വെള്ളം ചേർക്കാതെ മാതാപിതാക്കളോടു പങ്കുവെക്കാനും, മേലിൽ അവളുമായി ഫോൺബന്ധം പുലർത്താതിരിക്കാനും, ഭീഷണിയെ ഒട്ടും വകവെക്കില്ലെന്നു കാട്ടിക്കൊടുക്കാനും അവനെക്കൊണ്ടു തീരുമാനമെടുപ്പിച്ചു. അയച്ചുകൊടുത്ത തെളിവുകാട്ടി കൊടുത്ത പണം പറ്റുമെങ്കിൽ തിരിച്ചുവാങ്ങാനും, കിട്ടിയില്ലെങ്കിൽ വിട്ടുകളഞ്ഞ് അതൊരു ജീവകാരുണ്യമായി കരുതാനും ഉപദേശിച്ച് ആശ്വസിപ്പിച്ചു പ്രാർഥിച്ചു പറഞ്ഞുവിട്ടു. 'കിളി' പോയപോലെ വന്നവൻ, എല്ലാം ഒരു 'കളി'യായി കരുതി നേരിടാൻ ഉറച്ച് തിരികെപ്പോയി!

"ദുശ്ചരിതയായ സ്ത്രീയുടെ അധരം തേൻപൊഴിക്കുന്നു; അവളുടെ മൊഴികൾ തൈലത്തേക്കാൾ സ്നിഗ്ധവുമാണ്. ഒടുവിലവൾ കാഞ്ഞിരം പോലെ കയ്പും ഇരുതല വാളുപോലെ മൂർച്ചയുള്ളവളുമായിത്തീരും" (സുഭാ. 5:3,4).

പ്രാവിന്റെ നിഷ്കളങ്കതയ്ക്കൊപ്പം സർപ്പത്തിന്റെ വിവേകവുംകൂടി ലോകജീവിതത്തിലുണ്ടാകണമെന്ന് ഈശോ പണ്ടേ പറഞ്ഞിട്ടുണ്ട്. ആത്മീയരെപോലും വേഗം വഴിതെറ്റിക്കാൻ പ്രാപ്തിയുള്ളവരെപ്പറ്റി വി. പൗലോസും മുന്നറിയിപ്പു നല്കിയിട്ടുണ്ട്. വെറും പരിചയങ്ങളെ വിവേകമില്ലാതെ വേഗം പ്രണയങ്ങളും പരിണയങ്ങളുമാക്കിയ പലരുടെയും ജീവിതം ഇന്നു പരിതാപകരമാണ്. ഊറ്റാൻ മാത്രമായി പറ്റിക്കൂടുന്നവരുടെ പറ്റിക്കലുകളിൽ തെറ്റിവീഴാതിരിക്കാൻ വിവേകഭരിതമായ വിവേചനബുദ്ധിയുണ്ടാകണം. വിശുദ്ധിയിൽ വിട്ടുവീഴ്ച പാടില്ല!!

"വിശുദ്ധർക്കു യോഗ്യമായ രീതിയിൽ വർത്തിക്കുവിൻ; മ്ലേച്ഛതയും വ്യർഥഭാഷണവും ചാപല്യവും നമുക്കു യോജിച്ചതല്ല" (എഫേ. 5:4).

Printed & Published by Fr. Jose Thekkepurathu • Owned by Family Apostolate, Archbishop's House, Changanacherry • Phone: 0481 2424476, 2420349 • Printed at St. Joseph Orphanage Press, Changanacherry • Chief Editor: Dr. Jose George Thekkepurathu